
ജനുവരി 2009

# പഞ്ചായത്ത് രാജ്

പുസ്തകം 48 ലക്കം 10



## ലഡാക്കിൽ ഒരു കേരള മോഡൽ

## തഴയുടെ തണലിൽ നിന്ന്

## പദ്ധതി പ്രവർത്തനം ലക്ഷ്യത്തിലെത്തിക്കാൻ ആത്മാർത്ഥ ശ്രമം ഉണ്ടാകണം

# ഊടും പാവും

വികസനത്തിന്റെ



## ഗ്രാമസഭയിൽ പങ്കെടുക്കുക!
## അധികാരം വിനിയോഗിക്കുക!

ഭരണഘടനാപരമായി അധികാരത്തിൽ ജനങ്ങൾക്ക് നേരിട്ട് പങ്കാളിത്തം ലഭിക്കുന്ന ഏക സംവിധാനം

ഗ്രാമസഭ

ഗ്രാമസഭ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നു
ഗ്രാമസഭയുടെ ക്വാറം 10 ശതമാനം
വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നു
വികസന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിക്കുന്നു
സോഷ്യൽ ഓഡിറ്റ് നടത്തുന്നു
പദ്ധതിയാസൂത്രണം നിർവ്വഹണം എന്നിവയിൽ സജീവ പങ്കാളിത്തം ലഭിക്കുന്നു
യഥാർത്ഥ ഗുണഭോക്താക്കളെ നേരിട്ട് തെരഞ്ഞെടുക്കുന്നു

ഗ്രാമത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിന്
അനുയോജ്യമായ വികസന പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കുന്നതിന്
സമയബന്ധിതമായും ഗുണമേന്മയോടെയും വികസന ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന്
അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന്
സുതാര്യത ഉറപ്പ് വരുത്തുന്നതിന്
സാമൂഹിക നീതിയിലധിഷ്ഠിതമായ ഒരു നവഭാരതസൃഷ്ടിക്ക്

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്



**പഞ്ചായത്ത് രാജ്**

വെബ്സൈറ്റ്
www.lsg.kerala.gov.in

**ജനുവരി 2009**
**പുസ്തകം 48**
**ലക്കം 10**
**വാർഷിക വരിസംഖ്യ 90 രൂപ**



**ഉപദേശക സമിതി**

ചെയർമാൻ
**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
**എസ്.എം. വിജയാനന്ദ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
**ഡയറക്ടർ**
ഇൻഫർമേഷൻ& പബ്ലിക് റിലേഷൻസ് വകുപ്പ്
**കെ. നാരായണൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
**എം. വി. ഗിരീഷ് കുമാർ**
സെക്രട്ടറി
പ്രസ് ക്ലബ്ബ്, തിരുവനന്തപുരം
**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ

കൺവീനർ
**ഡോ. വി.എം. ഗോപാലമേനോൻ**, ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**ഡോ. വി.എം. ഗോപാലമേനോൻ**, IAS
**Ph: 0471-2323286**

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail:pub.off@gmail.com
**Ph: 0471-2321054**

കവർ ഡിസൈൻ
&
ലേ ഔട്ട്
**ഐസൻ ജോസ്**



**ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**





# പേജുകളിൽ


4 **എഡിറ്ററുടെ പേജ്**

5 **പദ്ധതി പ്രവർത്തനം ലക്ഷ്യത്തിലെത്തിക്കാൻ ആത്മാർത്ഥ ശ്രമം ഉണ്ടാകണം**
- പാലോളി മുഹമ്മദ്കുട്ടി

8 **ലഡാക്കിൽ ഒരു കേരള മോഡൽ**
- ഡോ. പി.പി. ബാലൻ

11 **കുടുംബശ്രീ - സുസ്ഥിര സംഘടനാ സംവിധാനത്തിലേയ്ക്ക്**
- ശാരദാ മുരളീധരൻ ഐ.എ.എസ്

14 **സാന്ത്വന പരിചരണ രംഗത്ത് മുഹമ്മ പഞ്ചായത്തിന്റെ മാതൃക**
- മുഹമ്മ രവീന്ദ്രനാഥ്

17 **കൈപ്പറമ്പ് കായിക ചരിത്രത്തിലേയ്ക്ക്**
- ആന്റോ സി.ജെ

18 **പച്ചക്കറികൃഷി പങ്കാളിത്ത പഠനം നവ്യാനുഭവമായി**
- ടി.എസ്. വിശ്വൻ

22 **തഴയുടെ തണലിൽ നിന്ന്**
- ജെസി നാരായണൻ

24 **തേഞ്ഞുമാഞ്ഞുപോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ**
- മുരളീധരൻ തഴക്കര

26 **പഞ്ചായത്ത് അക്കൗണ്ട് ചോദ്യങ്ങളും ഉത്തരങ്ങളും**
- ഉദയഭാനു കണ്ടേത്ത്

28 **ചെരണ്ടത്തൂർ ചിറ വികസനത്തിന്റെ പാതയിൽ**
- കെ.സി. സുബ്രഹ്മണ്യൻ

30 **തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ**
- റോയി ചാക്കോ ഇളമണ്ണൂർ

33 **മുടുപടത്തിൽനിന്ന് അധികാരക്കസേരയിലേയ്ക്ക്**
- ഡോ.എം.എസ്. രാധാകൃഷ്ണപിള്ള

38 **സന്ധിരോഗങ്ങൾ**
- ഡോ. തോമസ് വർഗ്ഗീസ്




# പദ്ധതിപ്രവർത്തനം ലക്ഷ്യം കൈവരിക്കണം

2008 – 09 ലെ വാർഷിക പദ്ധതി അന്തിമഘട്ടത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. പദ്ധതി പൂർത്തീകരിക്കുന്നതിന് ഇനി ഫെബ്രുവരി, മാർച്ച് മാസങ്ങൾ കൂടി മാത്രം. ഈ സാമ്പത്തിക വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ടായി 1670.52 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ അനുവദിച്ച ഫണ്ടിന്റെ വിനിയോഗം പരിശോധിച്ചാൽ സ്ഥിതി ആശാവഹമല്ലെന്ന് കാണാം.

മുൻവർഷങ്ങളിലെ അനുഭവങ്ങളുടെ വെളിച്ചത്തിൽ പദ്ധതി പ്രവർത്തനം പൂർണ്ണ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി ഈ സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിൽ കാലതാമസം ഉണ്ടാകാതിരിക്കുന്നതിന് സർക്കാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വാർഷിക പദ്ധതികൾ അംഗീകരിച്ചു കിട്ടുന്നതിൽ സ്വാഭാവികമായി ഉണ്ടാകുന്ന കാലതാമസം കാർഷിക മേഖലയിലെ പദ്ധതികളെ ബാധിക്കാതെയിരിക്കുന്നതിന് അവയുടെ നിർവ്വഹണം സാമ്പത്തിക വർഷാരംഭത്തിൽ തന്നെ തുടങ്ങുന്നതിന് സാഹചര്യമൊരുക്കി. അതോടൊപ്പം തന്നെ ആദ്യഘട്ടത്തിൽ ഭവനനിർമ്മാണം, കുടിവെള്ളകിണറുകൾ, ശുചിത്വം, വിദ്യാഭ്യാസം, ആരോഗ്യം, സംയോജിത ശിശുവികസന പരിപാടി, സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ പരിപാടി തുടങ്ങിയവ നടപ്പാക്കുന്നതിനും അനുമതി നൽകിയിരുന്നു. സുഗമമായ പദ്ധതി നിർവഹണത്തിന് ഇത്തരത്തിലുള്ള വിവിധ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും പദ്ധതി പ്രവർത്തനങ്ങളിൽ കാര്യമായ പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ലായെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2008 ഡിസംബർ 31 വരെയുള്ള കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾ വികസന ഫണ്ടിന്റെ 33.7 ശതമാനം മാത്രമാണ് വിനിയോഗിച്ചിരിക്കുന്നത്. വിതരണം ചെയ്ത ഏഴ് ഗഡുക്കളെ അടിസ്ഥാനമാക്കിയുള്ള കണക്കാണിത്. ഇക്കാലയളവിനുള്ളിൽ 60 ശതമാനം തുകയുടെ വിനിയോഗമാണ് സർക്കാർ ലക്ഷ്യമിട്ടിരുന്നത്. പൊതുവിഭാഗം ഫണ്ടിന്റെ 38.86 ശതമാനം തുകയാണ് ചെലവഴിച്ചതെങ്കിൽ പ്രത്യേക ഘടക പദ്ധതിയുടെ (SCP) കാര്യമാണ് ഏറെ കഷ്ടം. വെറും 21.35 ശതമാനം. വിനിയോഗത്തിന്റെ വിശദാംശങ്ങളിലേയ്ക്ക് കടന്നാൽ നയാപൈസ പോലും ചെലവഴിക്കാത്ത പഞ്ചായത്തിന്റെയും (വട്ടവട), 83 ശമതാനം വരെ ചെലവഴിച്ച പഞ്ചായത്തിന്റെയും (വെളിനെല്ലൂർ) ചിത്രം കാണാം. വടക്കൻ ജില്ലകളിലെ പഞ്ചായത്തുകൾ താരതമ്യേന ഭേദപ്പെട്ട പ്രവർത്തനം നടത്തിയപ്പോൾ തെക്കൻ ജില്ലകളിൽ മിക്ക പഞ്ചായത്തുകളും ശരാശരിക്കും വളരെ താഴെയാണ്. പത്തനംതിട്ടയുടെ ശരാശരി 19 ശതമാനമാണ്.

പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി രണ്ട് പ്രധാന പരിപാടികൾക്കു കൂടി ഈ സാമ്പത്തിക വർഷം തുടക്കം കുറിച്ചിരുന്നു. മൂന്നുവർഷക്കാലയളവിനുള്ളിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കാനുദ്ദേശിച്ചുള്ള ഇ.എം.എസ് ഭവന പരിപാടിയും, ഭക്ഷ്യസുരക്ഷ കൈവരിക്കുന്നതിന്റെ ഭാഗമായി തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കുന്ന പദ്ധതിയും. കേരളത്തിന്റെ ഉൽപാദന –സാമൂഹ്യ മേഖലകളിൽ വൻമാറ്റം ഉണ്ടാക്കാൻ പോന്ന ഈ പരിപാടികൾക്ക് ചുക്കാൻ പിടിക്കേണ്ട തദ്ദേശഭരണ സ്ഥാപനങ്ങൾ അവയ്ക്ക് അർഹിക്കുന്ന ഗൗരവം കല്പിച്ചിട്ടുണ്ടോയെന്ന് ആത്മപരിശോധന നടത്തണം.


ഇനിയുള്ള രണ്ട് മാസങ്ങൾ നിർണ്ണായകമാണ്. കാർഷികരംഗം അടങ്ങുന്ന ഉത്പാദന മേഖലയ്ക്ക് 40 ശതമാനം തുകയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ സേവന–പശ്ചാത്തല മേഖലകളിലെ പദ്ധതികൾ ഏറെകുറേ നടപ്പാകുമെങ്കിലും ഉത്പാദന മേഖലയിലെ പദ്ധതികൾ പലപ്പോഴും ലക്ഷ്യം കാണാതെ വരുന്ന അനുഭവമാണ് വർഷങ്ങളായി കണ്ടുവരുന്നത്. കാർഷിക രംഗത്ത് കേരളം വളരെ പിന്നോട്ടുപോയതിനു കാരണമായും ഇതിനെ പലരും ചൂണ്ടിക്കാട്ടാറുണ്ട്. അതുപോലെ തന്നെ സാങ്കേതിക നൂലാമാലകളും, വേണ്ടത്ര തയ്യാറെടുപ്പുകളുടെയും, ഇച്ഛാശക്തിയുടെയും അഭാവവും പ്രത്യേക ഘടക പദ്ധതി നടത്തിപ്പിനെ ബാധിക്കാറുണ്ട്. അതിനാൽ ഈ രണ്ട് മേഖലകൾക്കും മുൻഗണന നൽകി പ്രവർത്തിച്ചാൽ മാത്രമേ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനും ലക്ഷ്യം നേടാനും കഴിയൂ.

വർദ്ധിച്ച അധികാരങ്ങൾക്കും വിഭവങ്ങൾക്കും വേണ്ടി ഒരു ഭാഗത്ത് മുറവിളി കൂട്ടുമ്പോഴും ലഭിച്ചവ യഥാവിധി ഉപയോഗിക്കാൻ കഴിയാതെ വരുന്നത് ഫലത്തിൽ വികേന്ദ്രീകരണത്തിന്റെ പ്രതിലോമശക്തികളുടെ വാദങ്ങൾക്ക് മൂർച്ചകൂട്ടുന്നതിനേ ഉപകരിക്കൂ. കാരണങ്ങൾ എന്തൊക്കെയാണെങ്കിലും, ലഭിച്ച തുകയുടെ 80 ശതമാനത്തിലേറെ ചെലവഴിച്ച പഞ്ചായത്തുകളും കൂട്ടത്തിലുണ്ടെന്ന വസ്തുത മനസ്സിലാക്കേണ്ടതുണ്ട്. പദ്ധതി പ്രവർത്തനം പൂർണ്ണമായും ലക്ഷ്യം കൈവരിച്ചാൽ മാത്രമേ പൗരജനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളായി അംഗീകരിക്കുകയുള്ളൂ. അതിനുവേണ്ടിയുള്ള വിശ്രമമില്ലാത്ത പ്രവർത്തനം ഇനിയുള്ള നാളുകളിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**എഡിറ്റർ**







പാലോളി മുഹമ്മദ്കുട്ടി

# പദ്ധതി പ്രവർത്തനം ലക്ഷ്യത്തിലെത്തിക്കാൻ ആത്മാർത്ഥ ശ്രമം ഉണ്ടാകണം

2009 വികസന വർഷമായി കണക്കാക്കി പരമാവധി വികസന പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. കേരളത്തിന്റെ വികസനത്തിന് വളരെ വലിയ സംഭാവനകൾ നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയും എന്നാണ് ഗവൺമെന്റ് കരുതുന്നത്. സംസ്ഥാനത്തിന്റെ വികസന മുന്നേറ്റത്തിന് ആക്കംകൂട്ടുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ട്.

## ഇ.എം. എസ് ഭവന പദ്ധതി

ക്ഷേമപ്രവർത്തനങ്ങളിൽ കേരളം ഇതരസംസ്ഥാനങ്ങൾക്ക് മാതൃകയാണ്. അന്തിയുറങ്ങാൻ സ്വന്തമായി ഒരു കൂര എന്നത് ഓരോ മനുഷ്യന്റെയും സ്വപ്നമാണ്. ഈ സ്വപ്നം സാക്ഷാത്കരിക്കുന്നതിന് ഗവൺമെന്റ് ആവിഷ്ക്കരിച്ച ബൃഹത്തായപരിപാടിയാണ് ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി. 2011 ഓടുകൂടി എല്ലാവർക്കും സ്വന്തമായി വീടുള്ള സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നതാണ് ഗവൺമെന്റ് ലക്ഷ്യമാക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കണമെങ്കിൽ ഓരോ പഞ്ചായത്തും ആത്മാർത്ഥമായി പരിശ്രമിക്കണം. അർഹതയില്ലാത്ത ഒരാൾക്കും വീട് നൽകുകയില്ല എന്ന് ഉറപ്പാക്കാൻ ജനപ്രതിനിധികൾക്ക് കഴിയണം. അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകുന്നത് അനീതിയാണ്. അഴിമതിയാണ്.

അതിനാൽ പഞ്ചായത്തുകളിൽ ഇപ്പോൾ ലഭ്യമായിട്ടുള്ള ലിസ്റ്റിൽ അനർഹർ കടന്നു കൂടിയിട്ടുണ്ടെങ്കിൽ അവരെ എല്ലാം നിർബന്ധമായും ഒഴിവാക്കണം. ഉദ്യോഗസ്ഥ സംവിധാനത്തിന്റെ ഉത്തരവാദിത്വത്തിൽ ബി.പി.എൽ ലിസ്റ്റിലെ വിവരങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കണം. അർഹരായവർ വിട്ടുപോകുകയോ അനർഹർ കടന്നുകൂടുകയോ ചെയ്തിട്ടില്ല എന്ന് ഉറപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ഉത്തരവാദിത്വമാണ്. എസ്.സി/എസ്.ടി വികസന വകുപ്പ്, ഫിഷറീസ് വകുപ്പ്, സുനാമി പുനരധിവാസം, ഐ.എ.വൈ, ഐ.എച്ച്.എസ്.ഡി.പി, ബി.എസ്.യു,പി തുടങ്ങിയ

പദ്ധതികളിലെ ഗുണഭോക്താക്കളെ നിർബന്ധമായും ഒഴിവാക്കിയ ലിസ്റ്റാണ് തയ്യാറാക്കേണ്ടത്.

പദ്ധതി വിഹിതത്തിൽ നിന്ന് തിരിച്ചട യ്ക്കാവുന്ന രീതിയിൽ ബാങ്ക് വായ്പ യെടുത്താണ് പദ്ധതി നടപ്പാക്കേണ്ടത്. പലിശ പൂർണ്ണമായും ഗവൺമെന്റ് നൽ കുന്നതാണ്. ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുകയാണ് ആദ്യം ചെയ്യേണ്ടത്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും മിച്ചഭൂമിയോ പുറമ്പോക്ക് ഭൂമിയോ ലഭി ക്കുന്നതിന് റവന്യു അധികാരികളുമായി ബന്ധപ്പെടേണ്ടതാണ്.

നിരവധി ഘടകങ്ങൾ ഫലപ്രദമായി കൂട്ടിചേർത്താലേ ഭവന പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കാൻ കഴിയൂ. ഇതിനാവശ്യമായ ഒരന്തരീക്ഷം എല്ലാ പഞ്ചായത്തുകളിലും രൂപപ്പെട്ടു വരണം. ഇത് ഒരു ജനകീയ മുന്നേറ്റമാകണം. സാക്ഷരതാ പ്രവർത്തനത്തിൽ നടന്നതു പോലെ വീടില്ലാത്ത പാവങ്ങൾക്ക് വീട് നൽകുക എന്നത് സമൂഹത്തിന്റെ ബാധ്യതയാണ് എന്ന ബോധ്യം സമൂഹ ത്തിലുണ്ടാക്കുക പ്രധാനമാണ്. എല്ലാ ജനവിഭാഗങ്ങളെയും തൊഴിലാളി സംഘ ടനകൾ, യുവജനസംഘടനകൾ, സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ –പൂർണ്ണമായ പങ്കാളിത്തം ഉറപ്പാക്കി തൊഴിലുറപ്പു പദ്ധതിയുടെയും കുടും ബശ്രീ സംവിധാനത്തിന്റെയും സാധ്യത കൾ മുഴുവനായും ഉപയോഗപ്പെടുത്തി യാൽ മാത്രമേ ഭവന പദ്ധതി വിജയപ്രദമാ ക്കാൻ കഴിയൂ. ഇതിനു പറ്റുന്ന തരത്തിൽ ബൃഹത്തായ ഒരു ജനകീയ പ്രസ്ഥാ നമാക്കി ഇ.എം. എസ് ഭവന പദ്ധതിയെ രൂപ പ്പെടുത്തുന്നതിന് നേതൃത്വം നൽകേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്.

### മാലിന്യ മുക്ത കേരളം

2006 ഒക്ടോബറിൽ ആരംഭിച്ച മാലി ന്യ മുക്ത കേരളം പദ്ധതി ഇതിനകം വലിയ പുരോഗതി നേടിക്കഴിഞ്ഞു. 826 ഗ്രാമപഞ്ചായത്തുകൾക്കും 90 ബ്ലോക്ക് പഞ്ചായത്തുകൾക്കും 4 ജില്ലകൾക്കും നിർമ്മൽ പുരസ്കാരം ലഭിച്ചു. ശേഷിക്കു ന്നവർക്കു കൂടി പുരസ്കാരം ലഭിക്കുന്ന തിനുള്ള നടപടികൾ ത്വരിതപ്പെടുത്ത ണം. മാലിന്യം എന്ന മഹാവിപത്തിൽ നിന്ന് കേരളത്തെ രക്ഷിക്കുന്നതിന് ഈ പദ്ധതി തുടർന്നും ശക്തമായി മുന്നോട്ടു കൊണ്ടു പോകണം. നഗര സ്വഭാവത്തി ലേക്കെത്തിയിട്ടുള്ള പഞ്ചായത്തുകളിൽ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയേ പറ്റൂ. കേരളത്തിന് നിർ മ്മൽ സംസ്ഥാന പദവി ലഭിക്കുന്നതി നുള്ള സുവർണ്ണാവസരം പാഴാക്കരുത്.

### ദേശീയ തൊഴിലുറപ്പ് പദ്ധതി

കേരളത്തിലെ എല്ലാ ജില്ലകളിലും

> എല്ലാ ജനവിഭാഗങ്ങളെയും തൊഴിലാളി സംഘടനകൾ, യുവജനസംഘടനകൾ, സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ –പൂർണ്ണമായ പങ്കാളിത്തം ഉറപ്പാക്കി തൊഴിലുറപ്പു പദ്ധതിയുടെയും കുടുംബശ്രീ സംവിധാനത്തിന്റെയും സാധ്യതകൾ മുഴുവനായും ഉപയോഗപ്പെടുത്തിയാൽ മാത്രമേ ഭവനപദ്ധതി വിജയപ്രദമാക്കാൻ കഴിയൂ. ഇതിനു പറ്റുന്ന തരത്തിൽ ബൃഹത്തായ ഒരു ജനകീയ പ്രസ്ഥാനമാക്കി ഇ.എം. എസ് ഭവന പദ്ധതിയെ രൂപപ്പെടുത്തുന്നതിന് നേതൃത്വം നൽകേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്.

ഈ പദ്ധതി ഇപ്പോൾ നടപ്പാക്കി വരുന്നു. പല ഗ്രാമപഞ്ചായത്തുകളും പദ്ധതി നട ത്തിപ്പിൽ പിന്നിലാണ്. തൊഴിൽ മാത്രമല്ല പുതിയ ആസ്തികൾ സൃഷ്ടിക്കാനും കുളങ്ങളും ജലാശയങ്ങളും സംരക്ഷി ക്കുന്നതിനും പദ്ധതി പ്രയോജനപ്പെടു ത്താവുന്നതാണ്. ഇടനിലക്കാരെ പൂർണ്ണ മായും ഒഴിവാക്കിയും അഴിമതിരഹിത മായും ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പാ ക്കുന്ന ഈ പദ്ധതി ദേശീയ ശ്രദ്ധ ആക ർഷിച്ചു കഴിഞ്ഞു. ഒരുവിധത്തിലും അഴി മതി നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തേ ണ്ടത് അത്യാവശ്യമാണ്. അതോടൊപ്പം കാര്യക്ഷമമായി പദ്ധതി നടപ്പിലാക്കുന്ന തിനുള്ള ജാഗ്രതയും വേണം. തൊഴിൽ ആവശ്യപ്പെടുന്നവർ ക്കെല്ലാം തൊഴിൽ നൽകാൻ പഞ്ചായത്ത് ബാധ്യസ്ഥമാണ്. ഒരു നീർത്തടാധിഷ്ഠിത പ്ലാൻ തയ്യാറാ ക്കി കാർഷിക മേഖലയിലെ ഇടപെടലു കൾ ശക്തിപ്പെടുത്താൻ തയ്യാറാകണം.

### ഭക്ഷ്യ സുരക്ഷാ പദ്ധതി

കേരളത്തിലെ ഉൽപാദന മുരടിപ്പിന് വിരാമമിടുന്നതിനും ഭക്ഷ്യരംഗത്ത് സ്വയംപര്യാപ്തത നേടുന്നതിനും വേണ്ടി യാണ് ഭക്ഷ്യ സുരക്ഷാ പദ്ധതിക്ക് ഗവ ൺമെന്റ് രൂപം നൽകിയത്. തരിശായി കിടക്കുന്ന മുഴുവൻ ഭൂമിയും ഘട്ടം ഘട്ട മായി കൃഷിയോഗ്യമാക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. നൂറുകണക്കിന് ഹെക്ടർ തരിശുഭൂമി ഇതിനകം കൃഷി യോഗ്യമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാ ൽ ഈ രംഗത്ത് കാര്യമായ സംഭാവന യൊന്നും ഇതുവരെ നൽകാൻ കഴിയാത്ത പഞ്ചായത്തുകളും ഉണ്ട്. കേരളത്തിൽ ഒരു കാർഷിക മുന്നേറ്റമുണ്ടാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷി ക്കുന്നത്. പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത നേടാൻ കേരളത്തിനു കഴിയും. ഈ ദിശയിലും പഞ്ചായത്തു കളുടെ പ്രവർത്തനം വ്യാപിപ്പിക്കണം.

### ഫ്രണ്ട് ഓഫീസ് സംവിധാനം

ഇതര ഓഫീസുകളിൽ നിന്ന് വ്യത്യ സ്തമായി നിരവധി ആളുകളാണ് നിത്യ വും പഞ്ചായത്താഫീസുകളിൽ എത്തു ന്നത്. അതിനാൽ പഞ്ചായത്തുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റണം. എല്ലാ പഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടു ത്തണം. പഞ്ചായത്തിൽ വരുന്നവർക്ക് ഇരി ക്കാനും പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യവും ഒരുക്കികൊടുക്കണം. സ്വന്തം സ്ഥാപനമെന്ന ആധി കാരികത യോടെയാണ് ജനങ്ങൾ പഞ്ചാ യത്തുക ളിലേയ്ക്ക് വരുന്നത്. വിവിധ ക്ഷേമപെൻ ഷനുകൾക്കും സർട്ടിഫിക്കറ്റുകൾക്കും ലൈസൻസുകൾക്കും മറ്റുപല ആനുകൂ ല്യങ്ങൾക്കും വരുന്നവരെയെല്ലാം സ്വാ ഗതം ചെയ്യാനും ന്യായയുക്തമായി കാര്യങ്ങൾ സന്തോഷത്തോടെ നിർവ്വ ഹിച്ചു നൽകാനുമുള്ള ഒരന്തരീക്ഷം ഓഫീസിൽ സംജാതമാക്കേണ്ടതാണ്. ഇതോടൊപ്പം പഞ്ചായത്തിലെ ദൈനം ദിനപ്രവർത്തനങ്ങൾ കഴിയുന്നത്ര കമ്പ്യൂ ട്ടർവൽക്കരിക്കാൻ ശ്രമിക്കണം.

### പദ്ധതി നടത്തിപ്പ്

അധികാര വികേന്ദ്രീകരണവും ജന കീയാസൂത്രണവും ആരംഭിച്ച് ഒരു ദശകം പിന്നിട്ടിട്ടും പദ്ധതി പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമായി നടത്താൻ നമുക്ക് ഇപ്പോഴും കഴിയുന്നില്ല,. സാങ്കേ തിക ജീവനക്കാരുടെ കുറവ് ഒരു പ്രശ് നമാണ്. ഇതര വകുപ്പുകളിൽ നിന്നുള്ള എഞ്ചിനീയറിംഗ് ജീവനക്കാരുടെ പുന ർവിന്യാസം വലിയ ശ്രമത്തിനുശേഷം ഏകദേശം പൂർത്തിയായെങ്കിലും കോടതി ഇടപെടൽ മൂലം ജീവനക്കാരെ നൽകാൻ കഴിയാത്ത സ്ഥിതിയാണ് സംജാതമാ യിരിക്കുന്നത്. കോടതി സ്റ്റേ മൂലം പല പഞ്ചായത്തുകളിലും സെക്രട്ടറിമാരെയും സൂപ്രണ്ടന്മാരെയും നിയമിക്കാനും കഴി യുന്നില്ല. ഈ അവസ്ഥ പരിഹരിക്കാനുള്ള ശ്രമം നടത്തുന്നുണ്ട്.

എല്ലാ ഭാഗത്തു നിന്നുമുള്ള നിരവധി വെല്ലുവിളികളെ നേരിട്ടുകൊണ്ടാണ് അധികാര വികേന്ദ്രീകരണവും ജനകീ





*തിരുവനന്തപുരത്തു നടന്ന ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തു പ്രസിഡന്റുമാരുടെ മേഖലായോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി പ്രസംഗിക്കുന്നു.*

യാസൂത്രണവും സംരക്ഷിച്ചു പോരു ന്നതെന്ന കാര്യം എല്ലാവർക്കും അറിയാ വുന്നതാണ്. ഈ വസ്തുത മനസ്സി ലാക്കി എന്തൊക്കെ പ്രയാസങ്ങൾ നേരി ടേണ്ടിവന്നാലും പദ്ധതി പ്രവർത്തനം ലക്ഷ്യത്തിലെത്തിക്കാൻ പഞ്ചായത്തു കൾ ആത്മാർത്ഥമായി ശ്രമിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി നിർവ്വഹണം ലക്ഷ്യം നേടാതിരുന്നാൽ അധികാരവി കേന്ദ്രീകരണത്തിനെതിരായ വികാരം ശക്തിപ്പെടാനാണ് സഹായിക്കുക.

പട്ടികാതി/പട്ടികവർഗ്ഗ ഘടക പദ്ധ തികളുടെ പ്രവർത്തനത്തിൽ പ്രത്യേക ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്. പ്രത്യേക ഘടക പദ്ധതി വിഹിതവും പട്ടികവർഗ്ഗ വിഹിതവും ചെലവാകാതെ വരരുത്. ഇത് കഴിയാവുന്നത്ര ഭവന പദ്ധതി ക്കുവേണ്ടി ഉപയോഗിക്കേണ്ടതാണ്.

### കുടുംബശ്രീ ക്യാമ്പയിൻ

ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ദാരിദ്ര്യ നിർമ്മാർജ്ജന സ്ത്രീ കേന്ദ്രീ കൃത പദ്ധതിയാണ് കുടുംബശ്രീ. വളരെ സുതാര്യമായി കുടുംബശ്രീ ഭാരവാഹി കളുടെ തിരഞ്ഞെടുപ്പ് നടന്നു. ഏകദേശം 36 ലക്ഷത്തിലധികം അയൽക്കൂട്ടാം ഗങ്ങൾ ഇതിൽ പങ്കെടുത്തു. പുതിയ തായി തിരഞ്ഞെടുക്കപ്പെട്ടവരുടെ പ്രവർ ത്തന കാലാവധി 3 വർഷമാണ്. ഈ മൂന്നു വർഷത്തിനുള്ളിൽ കുടുംബശ്രീയെ കൂടുതൽ കരുത്തുറ്റ സംഘടനാ സംവിധാ നമാക്കി മാറ്റേണ്ടതുണ്ട്. ഇതിന് വലി യൊരു പ്രവർത്തന പരിപാടി ആരംഭി ക്കണം. തദ്ദേശസ്വയംഭരണസ്ഥാപന ങ്ങളുടെ നേതൃത്വത്തിൽ വിപുലമായ ഒരു കാമ്പയിൻ പരിപാടി ഇതിനായി ആവിഷ്ക്കരിക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതി, ഭവന പദ്ധതി, ഭക്ഷ്യ സുരക്ഷയെ ലക്ഷ്യമിട്ടുള്ള പദ്ധതികൾ എന്നിവയിൽ കുടുംബശ്രീ സംവിധാനവും പഞ്ചായ ത്തും ഒത്തുചേർന്നു വേണം മുന്നോട്ടു നീങ്ങാൻ.

### അടിസ്ഥാന സൗകര്യ വികസനം

പല ഗ്രാമപഞ്ചായത്തുകളും അടി സ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ പിറകിലാണ്. 492 ഗ്രാമപഞ്ചായത്തു കളിൽ ശ്മശാനം ഇല്ല. ഇതുമൂലം പാവ പ്പെട്ട ജനങ്ങൾ അനുഭവിക്കുന്ന പ്രയാ സം ചില്ലറയല്ല. അടുത്ത ഒരു വർഷത്തി നകം ഇതിനുള്ള സൗകര്യം നിർബന്ധ മായും ഉണ്ടാക്കേണ്ടതാണ്.

ഭൂരിപക്ഷം പഞ്ചായത്തുകളും നിർ മ്മൽ പുരസ്കാരം നേടിയെങ്കിലും ബസ് സ്റ്റാന്റിലും, കവലകളിലും ചവറുകൾ കൂന്നുകൂടികിടക്കുന്നത് കാണാം. മാലിന്യ സംസ്ക്കരണ സംവിധാനത്തിന്റെ അപ ര്യാപ്തതകളും ഒരു വെല്ലുവിളിയായി അവശേഷിക്കുന്നു. പൊതുസ്ഥലത്ത് പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം പല പഞ്ചായത്തുകളും ഏർപ്പെടുത്തി യിട്ടില്ല. ജലാശയങ്ങളും ജലസ്രോതസ്സു കളും സംരക്ഷിക്കുന്നതിൽ പല പഞ്ചായ ത്തുകളും നടപടി സ്വീകരിക്കുന്നില്ല.

### പദ്ധതികളുടെ സംയോജനം

എസ്.എസ്.എ പദ്ധതി സംബന്ധിച്ചും അതിന്റെ നടത്തിപ്പു സംബന്ധിച്ചും വിമർശനങ്ങൾ പലതുമുണ്ട്. എങ്കിലും പഞ്ചായത്തിലെ വിദ്യാഭ്യാസ പദ്ധതിയു മായി ഇതിനെ കഴിയാവുന്നത്ര സംയോജി പ്പിക്കാനുള്ള ശ്രമം തുടരേണ്ടതുണ്ട്. എസ്.എസ്.എ പദ്ധതി എത്രമാത്രം നമുക്ക് ഗുണകരമായ രീതിയിൽ ഉപയോഗിക്കാൻ കഴിയും എന്നാണ് നോക്കേണ്ടത്.

### ലക്ഷ്യം–സ്വയംപര്യാപ്ത പഞ്ചായത്തുകൾ

തനതുവരുമാനം വർദ്ധിപ്പിക്കുന്ന നടപടികൾ ശക്തമായി സ്വീകരിക്കണം. സാമ്പത്തിക അടിത്തറയുണ്ടെങ്കിലേ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പി ക്കാൻ കഴിയുകയുള്ളൂ. അതിനാൽ ജനുവരി ഫെബ്രുവരി മാസത്തോടെ പൂർണ്ണതോതിൽ നികുതി പിരിച്ചെടു ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

എല്ലാവർക്കും ഭൂമിയും വീടുമുള്ള, വീട്ടിലെല്ലാം കുടിവെള്ളവും, കക്കൂസുമു ള്ളവരാണ് എന്റെ പഞ്ചായത്ത് നിവാസി കൾ എന്ന് പറയാൻ തക്കവണ്ണമുള്ള പ്രവർ ത്തനം കാഴ്ചവെയ്ക്കാൻ പഞ്ചായത്ത് ഭരണസമിതിക്ക് കഴിയേണ്ടതാണ്. ശവമട ക്കാൻ മറ്റ് പഞ്ചായത്തുകളെ ആശ്രയിക്കേ ണ്ടിവരുന്നത് അഭികാമ്യമല്ല എന്ന് പറയേണ്ടതില്ലല്ലോ. മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്ന തിന് എല്ലാ പ്രസിഡന്റുമാരും പ്രത്യേക ശ്രദ്ധ പതിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

*കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ നടന്ന ജില്ലാ/ഗ്രാമ/ബ്ലോക്ക് പഞ്ചാ യത്തു പ്രസിഡന്റുമാരുടെ മേഖലാ യോഗങ്ങ ളിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി നട ത്തിയ പ്രസംഗങ്ങളിൽ നിന്ന്.*

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*

# ലഡാക്കിൽ ഒരു കേരള മോഡൽ



ഡോ. പി.പി.ബാലൻ

ജമ്മുകാശ്മീരിലെ ലഡാക്ക് മേഖല 'ലെ', കാർഗിൽ, എന്നീ ജില്ലകളായി വിഭജിതമാണ്.ഇതിൽ 'ലെ' വിസ്തൃതിയിൽ ഇന്ത്യയിലെ ഏറ്റവും വലിയ ജില്ലയും ജനസംഖ്യ നന്നെ കുറഞ്ഞ പ്രദേശവുമാണ്. മരുഭൂമിക്ക് സമാനമായ വൻ മലനിരകൾക്കിടയിലെ താഴ്‌വാരങ്ങളിൽ പച്ചപ്പുകൾനിറഞ്ഞ കൊച്ചു കൊച്ചു ഗ്രാമങ്ങൾ കാണാം. 'ലെ' യിൽ ഇങ്ങനെ 113 ഗ്രാമങ്ങളുണ്ട്. ആറുമാസക്കാലം കൊടും ശൈത്യത്തിന്റെ പിടിയിലാണ് ഈ തണുത്ത മരുഭൂമി. കാര്യമായ കാർഷിക പ്രവർത്തനങ്ങൾ നടക്കുന്നത് ഇതിനെ തുടർന്നു വരുന്ന 6 മാസങ്ങളിൽ മാത്രമാണ്. എന്തെങ്കിലും നിർമ്മാണപ്രവർത്തനങ്ങൾക്കു സമയം കിട്ടുന്നത് ഈ കാലയളവിലും. കുടിവെള്ളം, വൈദ്യുതി, ഗതാഗതം, കൃഷി, മൃഗസംരക്ഷണം എന്നീ മേഖലകളിൽ നിരവധി പ്രശ്നങ്ങൾ ഗ്രാമീണർ അനുഭവിക്കുന്നു. എന്നാൽ ഇത്തരം പ്രശ്നങ്ങൾക്കിടയിലും ഓരോ ഗ്രാമത്തിലും ജനങ്ങളുടെ കൂട്ടായ്മയുണ്ട്. പരസ്പര സഹകരണത്തിന്റെയും സഹവർത്തിത്വത്തിന്റേയും കൂട്ടായ്മയാണത്. പ്രാദേശികാസൂത്രണത്തിന് സഹായകമായ അന്തരീക്ഷം ഇത് പ്രദാനം ചെയ്യുന്നു.

ഭരണഘടനയുടെ 360-ാം വകുപ്പ് നിലവിലുള്ള സംസ്ഥാനമായതിനാൽ ഭരണഘടനാ ഭേദഗതി, ഇവിടെ ബാധകമാകുന്നില്ല. അതുകൊണ്ടു തന്നെ ഭരണഘടനാ ഭേദഗതി വരുന്നതിനു മുമ്പ് 1989 ൽ പാസ്സാക്കപ്പെട്ട കാശ്മീർ പഞ്ചായത്ത് രാജ് ആക്ട് ഇവിടെ നിലനിൽക്കുന്നു. അത് പ്രകാരം രൂപം നൽകിയ ത്രിതല സംവിധാനത്തിൽ 'ഹൽക്ക' പഞ്ചായത്തുകളാണ് അടിസ്ഥാന ഘടകമായി പ്രവർത്തിക്കുന്നത്. 'ലെ'യിൽ 67 പഞ്ചായത്തുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ പഞ്ചായത്തിലും ആറിനും പതിനൊന്നിനും ഇടയിലാണ് പ്രതിനിധികൾ. പ്രസിഡന്റിനെ (സർപഞ്ച്) ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നു. പഞ്ചായത്തിലെ ഏക ഉദ്യോഗസ്ഥനാണ് സെക്രട്ടറി. കാര്യനിർവഹണ ഉദ്യോഗസ്ഥനാണിദ്ദേഹം. ബ്ലോക്ക് പരിധിയിൽ വരുന്ന എല്ലാ ഹൽക്ക പഞ്ചായത്ത് അധ്യക്ഷന്മാരും ഉൾപ്പെടുന്നതാണ് രണ്ടാം തലമായ ബി.ഡി.സി അഥവാ ബ്ലോക്ക് ഡവലപ്പ്മെന്റ് കൗൺസിൽ. ബ്ലോക്കിന്റെ പരിധിയിൽ വരുന്ന എല്ലാ ജനപ്രതിനിധികളും ചേർന്നാണ് ബി.ഡി.സി ചെയർമാനെ തെരഞ്ഞെടുക്കുന്നത്. ബി.ഡി.ഒ ഇവിടെ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. ജില്ലാതലത്തിൽ ബ്ലോക്ക് പ്രസിഡന്റുമാരും, എം.പി., എം.എൽ.എ എന്നിവരെല്ലാം ഉൾക്കൊള്ളുന്ന ജില്ലാ പ്ലാനിംഗ് & ഡവലപ്പ്മെന്റ് കൗൺസിലാണ് മൂന്നാംതലം. ഇതിന്റെ ചെയർമാനെ ഗവൺമെന്റ് നോമിനേറ്റ് ചെയ്യുന്നു. ജില്ലാ കലക്ടർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പ്രവർത്തിക്കുന്നു. എന്നാൽ 'ലെ' ജില്ലയിൽ ഇതിന് പകരമായി ഹിൽ ഓട്ടോണമസ് കൗൺസിലാണ് നിലവിലുള്ളത്.





2001 ലാണ് ആദ്യമായി ജമ്മുകാശ്മീരിൽ പഞ്ചായത്തിരാജ് സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടന്നത്. അഞ്ചു വർഷക്കാലയളവിനു ശേഷം വീണ്ടും അധികാരം ബ്യൂറോക്രസിയിൽ എത്തിച്ചേർന്നു. എന്നാൽ ഇതിനകം പ്രാദേശികാസൂത്രണത്തിൽ ശ്രദ്ധേയമായ ചില ഒറ്റപ്പെട്ട പ്രവർത്തനങ്ങൾ നടന്നിരുന്നു. തുടർപ്രവർത്തനം എന്ന രീതിയിൽ മുൻ ജനപ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ, ഉദ്യോഗസ്ഥർ എന്നിവരുടെ സഹായത്തോടെ ഖാരു (kharu) ബ്ലോക്കിൽ കേരളമാതൃകയിൽ മൈക്രോ ലെവൽ പ്ലാനിംഗ് നടന്നുവരുന്നു. ഇത് ജില്ലയിലാകെ വ്യാപിപ്പിക്കാനാണ് തീരുമാനം.

### 'ലെ' ഓട്ടോണമസ് ഹിൽ ഡവലപ്പ്മെന്റ് കൗൺസിൽ

ജില്ലാതലത്തിൽ സവിശേഷമായ ഭരണസംവിധാനം നിലവിലുണ്ട്. ഇത് ഓട്ടോണമസ് ഹിൽ ഡവലപ്പ്മെന്റ് കൗൺസിൽ എന്നറിയപ്പെടുന്നു. കേരളത്തിൽ നേരത്തെ നിലനിന്നിരുന്ന ജില്ലാകൗൺസിലിന് സമാനമായ സംവിധാനമാണിത്. സംസ്ഥാന ഗവൺമെന്റ് പദ്ധതി വിഹിതം ജില്ലയ്ക്ക് നേരിട്ട് നൽകുന്നു. ജില്ലയിലെ വിവിധ വകുപ്പുകൾക്ക് പണം നീക്കിവയ്ക്കുന്നത് ജില്ലാ ഓട്ടോണമസ് കൗൺസിലാണ്. അതുകൊണ്ടു തന്നെ പ്രത്യേകമായ സംസ്ഥാനാവിഷ്കൃത പദ്ധതികൾ ഇവിടെയില്ല. കേന്ദ്രാവിഷ്കൃത പദ്ധതികളും കൗൺസിൽ കൈകാര്യം ചെയ്യുന്നു. ജില്ലകൾക്കനുസൃതമായ രീതിയിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിനും പ്രത്യേകമായ ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനും ഓട്ടോണമസ് കൗൺസിൽ നേതൃത്വം കൊടുക്കുന്നു.

ഓട്ടോണമസ് കൗൺസിലിൽ 26 ജനപ്രതിനിധികളാണുള്ളത്. കൂടാതെ 4 പേരെ ഗവർണർ നോമിനേറ്റു ചെയ്യുന്നു.

2001 ലാണ് ആദ്യമായി ജമ്മുകാശ്മീരിൽ പഞ്ചായത്തി രാജ് സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുപ്പ് നടന്നത്. അഞ്ചു വർഷക്കാലയളവിനുശേഷം വീണ്ടും അധികാരം ബ്യൂറോക്രസിയിൽ എത്തി ച്ചേർന്നു. എന്നാൽ ഇതിനകം പ്രാദേശികാസൂത്രണത്തിൽ ശ്രദ്ധേയമായ ചില ഒറ്റപ്പെട്ട പ്രവർത്തനങ്ങൾ നടന്നിരുന്നു. തുടർപ്രവർത്തനം എന്ന രീതിയിൽ മുൻ ജനപ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ, ഉദ്യോഗസ്ഥർ എന്നിവരുടെ സഹായത്തോടെ ഖാരു (kharu) ബ്ലോക്കിൽ കേരളമാതൃകയിൽ മൈക്രോ ലെവൽ പ്ലാനിംഗ് നടന്നുവരുന്നു.



*ലഡാക്ക് മേഖലയിലെ 'ലെ' ജില്ലയിലെ  ഖാരു ബ്ലോക്ക് വികസന സെമിനാർ*

മതന്യൂനപക്ഷം, വനിത എന്നീ സംവരണവിഭാഗത്തിൽ പെടുന്നവരാണിവർ. ജില്ലയിലെ എം.പി., എം. എൽ. എ. മാർ എക്സ് ഒഫിഷ്യോ അംഗങ്ങളായി പ്രവർത്തിക്കുന്നു. കൗൺസിലർമാരെല്ലാം ചേർന്നാണ് ജില്ലാ ചെയർമാനെ തെരഞ്ഞെടുക്കുന്നത്. ജില്ലാ കലക്ടർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പ്രവർത്തിക്കുന്നു. ഓട്ടോണമസ് കൗൺസിൽ ജില്ലയിലെ വികസന പ്രശ്നങ്ങൾ കണ്ടെത്തി അതിനനുസൃതമായ രീതിയിൽ പദ്ധതി ആസൂത്രണവും നിർവ്വഹണവും നടത്തുന്നു. എന്നാൽ താഴെതട്ടിൽ പഞ്ചായത്തുകൾക്ക് സാമ്പത്തിക സഹായമോ അധികാരമോ നൽകാൻ ഇതിന് കഴിയുന്നില്ല. എങ്കിലും താഴെ ഹൽക്ക പഞ്ചായത്തുകളിൽ നടക്കുന്ന ആസൂത്രണ പ്രവർത്തനങ്ങൾക്ക് മാർഗ്ഗരേഖകൾ നൽകി പ്രാദേശികാസൂത്രണ പ്രക്രിയയെ സഹായിക്കുന്നുണ്ട്. ഓട്ടോണമസ് കൗൺസിൽ ഭരണഘടനാ ഭേദഗതിപ്രകാരം താഴെത്തട്ടിലേയ്ക്ക് നൽകിയ ഇരുപത്തൊൻപതോളം വികസന വിഷയങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കുന്നുണ്ട്.

### ആസൂത്രണത്തിലെ കേരളമാതൃക

അധികാരവികേന്ദ്രീകരണം ഓട്ടോണമസ് കൗൺസിലിലൂടെ ജില്ലയിൽ എത്തിനിൽക്കുന്നെങ്കിലും താഴെത്തട്ടിലേയ്ക്ക് ഫണ്ടോ അധികാരമോ സംസ്ഥാനം നൽകിയിട്ടില്ല. ഈ ഒരു ഘട്ടത്തിലാണ് ജില്ലയിലെ ഓട്ടോണമസ് കൗൺസിൽ ചെറിയതോതിൽ പണം നൽകി താഴെ ഗ്രാമങ്ങളിലും തുടർന്ന് ഹൽക്കാ പഞ്ചായത്തുകളിലും പ്രാദേശികാസൂത്രണ പ്രക്രിയ ആരംഭിക്കാൻ തീരുമാനിച്ചത്. ഈയൊരു പരീക്ഷണത്തിന് മുതിർന്നത് ഖരൂർ ബ്ലോക്ക് കേന്ദ്രീകരിച്ചാണ്. മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിന്റെ സാങ്കേതിക സഹായവും അവർക്ക് ലഭിച്ചു. ജനകീയാസൂത്രണത്തിന്റെ പ്രാരംഭഘട്ടത്തിൽ ചെയ്ത പോലെ വിപുലമായ പ്രചരണ പരിപാടികളാണ് ആദ്യം ആരംഭിച്ചത്. തുടർന്ന് ഗ്രാമസഭകൾ വിളിച്ചു ചേർത്ത് സൂക്ഷ്മതല പ്ലാനിങ്ങും ആരംഭിച്ചു. കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിലും തുടർന്ന് ചപ്പാരപ്പടവിലും നടപ്പിലാക്കിയ റിസോഴ്സ് മാപ്പിങ്ങ് ജനപങ്കാളിത്തത്തോടെ ഇവിടെയും നടപ്പിലാക്കി. സിന്ധു നദീതീരത്തെ 6 ഹൽക്ക പഞ്ചായത്തുകളിലെ സസ്യജൈവജാലങ്ങളെക്കുറിച്ചും മണ്ണിനങ്ങളെപ്പറ്റിയുമുള്ള കണക്കെടുപ്പ് സമയബന്ധിതമായിത്തന്നെ പൂർത്തിയാക്കി. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് നിലവിലില്ലെങ്കിലും മുൻജനപ്രതിനിധികളും ഗ്രാമത്തലവന്മാരും സന്നദ്ധപ്രവർത്തകരും പ്രതിഫലേച്ഛയില്ലാതെ പ്രവർത്തിച്ചത് കേരളമാതൃകയെ അനുസ്മരിപ്പിക്കുന്നു.

മൂന്നാം ഘട്ടത്തിൽ 'ഡെയ്ലി മജ്ലി' എന്നറിയപ്പെടുന്ന ഗ്രാമസഭകൾ വിളിച്ച് ചേർത്ത് പ്രശ്നങ്ങളും നിജസ്ഥിതിയും അവലോകനം ചെയ്യുകയും വികസന തന്ത്രം ആവിഷ്ക്കരിക്കുകയും ചെയ്തു. പൂർണ്ണമായും കാർഷികമേഖലയെ ആശ്രയിച്ച് ജീവിക്കുന്ന ഇവരുടെ പ്രശ്നങ്ങൾ നിരവധിയാണ്. കുടിവെള്ളം, ജലസേചനം, മാർക്കറ്റിങ്ങ് എന്നിങ്ങനെ ആ പട്ടിക നീണ്ടുപോകുന്നു. ഗതാഗത പ്രശ്നങ്ങൾ, ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ പോരായ്മകൾ, ഊർജ്ജപ്രതിസന്ധി എന്നിവയും ഇവരെ അലട്ടുന്ന പ്രശ്നങ്ങളാണ്. ഗ്രാമീണ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നത് സമീപത്തുള്ള മിലിറ്ററി ക്യാമ്പുകളിലാണ്. മാർക്കറ്റിങ്ങ് കേന്ദ്രം സൈനികസങ്കേതങ്ങളാണെങ്കിലും മധ്യവർത്തികളുടെ ചൂഷണം ഗ്രാമീണ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുന്നതിന് തടസ്സമായി നിൽ ക്കുന്നു. സഹകരണ മാർക്കറ്റിങ്ങ് സൊസൈറ്റി എന്ന ആശയം വികസന തന്ത്രത്തിൽ സ്ഥനം പിടിച്ചതും ഇതിനൊരു പരിഹാരമായിട്ടാണ്.

ആപ്പിളും ആപ്രിക്കോട്ടും വിളയുന്ന ഗ്രാമങ്ങളിൽ ഒരിക്കലും കീടനാശിനി ഉപയോഗിക്കാറില്ല. 80 ശതമാനം ബുദ്ധമത വിശ്വാസികൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ പ്രാണിഹത്യ പാപമായി കാണുന്നു. അതുകൊണ്ടു തന്നെ ഓർഗാനിക് ഫാമിങ്ങിലൂടെ നല്ല ഇനം വിഷലിപ്തമല്ലാത്ത പഴങ്ങളും പച്ചക്കറികളും സുലഭമായി വിളയുന്നു. എന്നാൽ ഇതിനുവേണ്ട പരസ്യമോ പേറ്റന്റോ മാർക്കറ്റിങ്ങോ ഇവർക്കില്ല. മലമടക്കുകൾക്കപ്പുറമുള്ള ലോകം ഇതറിയുന്നില്ല. പരമ്പരാഗതമായ കാർഷികരീതിയിൽ നിന്നും വ്യതിചലിക്കാത്ത ജനതയ്ക്ക് ആധുനികവൽക്കരണം ഇന്നും അന്യമാണ്. ഗ്രീൻ ഹൗസ് സമ്പ്രദായത്തിലൂടെ കാർഷികരംഗത്തെ ആധുനികവൽക്കരണം മൈക്രോ പ്ലാനിംഗിലൂടെ പ്രധാന പ്രവർത്തനമായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

ആസൂത്രണത്തിന്റെ നാലാം ഘട്ടം ബ്ലോക്ക് തല സംയോജനമാണ്. വിവിധ പഞ്ചായത്തുകളിലെ വികസന പ്രവർത്തനങ്ങളെ സംയോജിപ്പിക്കുന്നതിനും മുൻപിൻ ബന്ധം ഉറപ്പിക്കുന്നതിനും ഈ ഘട്ടം പ്രാധാന്യം നൽകി. ബ്ലോക്ക് തല ആസൂത്രണത്തിൽ ടൂറിസം, വ്യവസായം, മൃഗപരിപാലനം എന്നിവയ്ക്കാണ് മുന്തിയ പരിഗണന നൽകിയത്. ചെങ്കുത്തായ കുന്നിൻചെരിവുകളും മഞ്ഞുമൂടിയ മലനിരകളും പച്ചപുതച്ച താഴ്വാരങ്ങളും വിദേശികളെ ഇവിടേയ്ക്ക് ഹഠാദാകർഷിക്കുന്നുണ്ട്. കാശ്മീരിന്റെ ഇതരഭാഗങ്ങളിൽ കാണാത്ത സ്വസ്ഥതയും സമാധാനവും ടൂറിസം സാദ്ധ്യതയ്ക്കു മേന്മ പകരുന്നു. ഇക്കോ ടൂറിസം പ്രധാന ഇനമായി നിർദ്ദേശിക്കപ്പെട്ടതും ഈ സാഹചര്യത്തിലാണ്.

ഓപ്പറേഷൻ ന്യൂ ഹോപ്പ് (ONH) ഓട്ടോണമസ് ഹിൽ കൗൺസിൽ രൂപം നൽകിയ വിദ്യാഭ്യാസ പരിപാടിയാണ്. കേരളത്തിലെ അക്ഷരപുലരിക്ക് സമാനമായ രീതിയിലാണ് ഇതിന്റെ സംഘാടനം, സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനുമുള്ള പ്രത്യേക പരിപാടിയായിട്ടാണ് ഇത് ആരംഭിച്ചത്. കൗൺസിലിന്റെ പ്രവർത്തനം

*ശേഷം പേജ് 29*





**2009 ജനുവരി – മാർച്ച്**
**കാമ്പയിൻ പരിപാടി**

# കുടുംബശ്രീ
## സുസ്ഥിര സംഘടനാ സംവിധാനത്തിലേയ്ക്ക്



**ശാരദാ മുരളീധരൻ** ഐ.എ.എസ്

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സ്ത്രീ ശാക്തീകരണത്തിനും കേരളത്തിന്റെ സവിശേഷ സംഭാവനയാണ് കുടുംബശ്രീ. കഴിഞ്ഞ 10 വർഷത്തെ അനുഭവത്തിൽ നിന്നും ദൗർബല്യങ്ങൾ അതിജീവിക്കുവാനും, മികവുകളെ വികസിപ്പിക്കുവാനും ഉതകുന്ന പ്രവർത്തന പരിപാടികളാണ് ഇക്കഴിഞ്ഞ 2 വർഷമായി നടത്തി വരുന്നത്. സമ്പാദ്യ-വായ്പാ രംഗത്ത് ഏറെ മുന്നോട്ട് നീങ്ങിയിരുന്നെങ്കിലും, തൊഴിൽ സംരംഭരംഗത്ത് കഴിഞ്ഞ രണ്ടു വർഷങ്ങളായിട്ടാണ് വിപുലമായ പ്രവർത്തനങ്ങൾ നടന്നത്. ഉത്പാദനത്തേയും വിപണനത്തേയും പരസ്പരം ബന്ധിപ്പിച്ച് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ പ്രവർത്തകരെ പ്രേരിപ്പിക്കുവാൻ കഴിഞ്ഞു. മാസചന്തകൾക്കു പുറമെ പെരുന്നാൾ, ക്രിസ്മസ്, ഓണം, ഉത്സവങ്ങൾ തുടങ്ങിയ ആഘോഷങ്ങളുമായി ബന്ധപ്പെട്ടും ചന്തകൾ സംഘടിപ്പിച്ചു. വിപണന രംഗത്തെ ഈ ഇടപെടൽ കുടുംബശ്രീ സംരംഭകരുടെ ഇടയിൽ വലിയ ഉണർവ് ഉണ്ടാക്കിയിട്ടുണ്ട്. ഇതോടൊപ്പം റീട്ടെയിൽ ഷോപ്പുകൾ ഉൾകൊള്ളുന്ന ഒരു വിപണന ശൃംഖല രൂപപ്പെടുത്താനുള്ള പ്രവർത്തനം നടന്നുവരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക സാമ്പത്തിക വികസനത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള ശ്രമമാണ് പതിനൊന്നാം പദ്ധതിയിൽ പിന്തുടരുന്നത്. ഇതിൽ കുടുംബശ്രീ സാമൂഹ്യ സംഘടനാ സംവിധാനത്തിന് നിർണ്ണായകമായ സ്ഥാനമുണ്ട്. സാമ്പത്തിക-സാമൂഹ്യ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി നേതൃത്വം കൊടുക്കാൻ കഴിയുന്നതരത്തിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തിന് കൂടുതൽ അടുക്കും ചിട്ടയും ഉണ്ടാക്കി പ്രവർത്തനം കൂടുതൽ ഉത്തരവാദിത്വപരമാക്കി മാറ്റുന്നതിന് സഹായകരമായ രീതിയിൽ കുടുംബശ്രീ ബൈലോ പരിഷ്കരിച്ചു. പുതുക്കിയ ബൈലോ അനുസരിച്ച് യഥാവിധി തെരഞ്ഞെടുപ്പ് പൂർത്തിയായി. ചുരുങ്ങിയ സമയത്തിനുള്ളിൽ 98% സി.ഡി.എസ് ത്രിതല സംഘടനാ സംവിധാനത്തിന്റെയും തെരഞ്ഞെടുപ്പ് പൂർത്തിയാക്കാൻ സാധിച്ചത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർലോഭമായ പിന്തുണയുള്ളതുകൊണ്ടാണ്.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ഭരണ കാലഘട്ടം 3 വർഷമാണ്. ഇതിനുള്ളിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തെ സ്വയം പ്രവർത്തനശേഷിയും കരുത്തുറ്റ നേതൃത്വപാടവവും വിപുലവുമായ സാമൂഹ്യ അടിത്തറയുമുള്ള സംഘടനാ സംവിധാനമാക്കി മാറ്റാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയണം. മുഴുവൻ കുടുംബശ്രീ ഭാരവാഹികൾക്കും അംഗങ്ങൾക്കും പങ്കാളി

ത്തവും നേതൃത്വ അവസരവും നൽകുന്ന പ്രായോഗിക പ്രവർത്തനത്തിലൂടെ മാത്രമേ മേൽപ്പറഞ്ഞ കഴിവുകൾ ആർജ്ജിക്കുവാൻ സാധിക്കൂ. ഇതിനായി വിപുലമായ പരിശീലന പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. ഇതോടൊപ്പം പ്രായോഗിക പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നതും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്നതുമായ ഒരു കാമ്പയിൻ പരിപാടി ഗ്രാമ പഞ്ചായത്ത് അസോസിയേഷനുമായി കൂടിയാലോചിച്ച് തയ്യാറാക്കിയിട്ടുണ്ട്.

പ്രാദേശിക സാമ്പത്തിക വികസനത്തിനും സാമ്പത്തിക ശാക്തീകരണത്തിനും സഹായകമാകുന്ന കാമ്പയിനാണ് സുസ്ഥിര സംഘടനാ സംവിധാനത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും പ്രയോജനപ്പെടുക. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ സാമ്പത്തിക/വികസന ഏജൻസികളേയും വകുപ്പുകളേയും കൂട്ടിയോജിപ്പിക്കുന്നതും എന്നാൽ സംഘടനാ സംവിധാനത്തിന്റെ നേതൃത്വപരമായ പ്രവർത്തനം അനിവാര്യമായ വിഷയങ്ങളിലുമാണ് കാമ്പയിൻ ആവിഷ്ക്കരിച്ചിരിക്കുന്നത്. ബാങ്ക് ലിങ്കേജ് – വനശ്രീ, സംരംഭ സംഗമം, പാട്ടകൃഷി, തൊഴിലുറപ്പ് പദ്ധതി, ബാലസഭ എന്നീ മേഖലകളെ അടിസ്ഥാനമാക്കിയുള്ള കാമ്പയിനുകളാണ് ആവിഷ്കരിച്ചിരിക്കുന്നത്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ അഭ്യുദയകാംക്ഷികൾ, മറ്റ് സാമൂഹ്യ സംഘടനാ സംവിധാനങ്ങൾ തുടങ്ങി എല്ലാ വിഭാഗങ്ങളേയും കോർത്തിണക്കാൻ പറ്റുന്ന തരത്തിലാണ് കാമ്പയിന് രൂപം നൽകിയിരിക്കുന്നത്. കുടുംബശ്രീ സംഘടനാ സംവിധാനത്തിന് വിവിധ വികസന വകുപ്പുകൾ, ധനകാര്യ സ്ഥാപനങ്ങൾ, സാംസ്ക്കാരിക സംഘടനകൾ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ അവസരം നൽകുന്ന തരത്തിലാണ് കാമ്പയിൻ രൂപപ്പെടുത്തിയിരിക്കുന്നത്.

കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ വൈപുല്യം തിരിച്ചറിയുക, സംഘടനാ ഉത്തരവാദിത്വങ്ങൾ ബോദ്ധ്യപ്പെടുക, സംഘടനാ ചിട്ടകളും മര്യാദകളും സ്വാംശീകരിക്കുക, വ്യത്യസ്ത അഭിപ്രായങ്ങൾ കേൾക്കാനും മനസ്സിലാക്കാനും സന്നദ്ധത വളർത്തുക, എല്ലാ വിഭാഗത്തേയും ഉൾക്കൊള്ളുന്ന തലത്തിലേയ്ക്ക് സംഘടനാശൈലി ആർജ്ജിക്കുക, നിലവിലുള്ള സംഘടനയുടെ ദൗർബല്യങ്ങളും ശക്തിയും തിരിച്ചറിയുന്നതിനും അതിജീവിക്കുന്നതിനുമുള്ള പ്രാപ്തി നേടുക, സംഘടനാ സംവിധാനത്തിലുള്ള മുഴുവൻ കുടുംബങ്ങളുടേയും സാമ്പത്തിക സാമൂഹിക ശാക്തീകരണത്തിനുള്ള പ്രവർത്തനങ്ങൾ കണ്ടെത്താനുള്ള ശേഷി വളർത്തുക തുടങ്ങി സംഘടനാ നേതൃത്വത്തിന് ആവശ്യമായ ശേഷികൾ ആർജ്ജിക്കാൻ സഹായിക്കുന്ന ഒരു പ്രായോഗിക പരിശീലനം എന്ന നിലയിലാണ് ഈ ക്യാമ്പയിൻ വിഭാവനം ചെയ്തിരിക്കുന്നത്. ക്യാമ്പയിൻ പൂർത്തിയാകുന്നതോടെ വിവിധ മേഖലകളിൽ ഇടപെട്ട് പ്രവർത്തിക്കുന്നതിനുള്ള പരിചയം സി.ഡി.എസ് സംഘടനാ നേതൃത്വത്തിന് ഉണ്ടാക്കുന്നതോടൊപ്പം മുഴുവൻ കുടുംബശ്രീ അംഗങ്ങൾക്കും പ്രവർത്തനപരിപാടിയിൽ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യും.



സാമ്പത്തിക സാമൂഹിക ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിവരുന്ന വിവിധ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായി സംഘടിപ്പിക്കുകയാണ് ക്യാമ്പയിനിലൂടെ ചെയ്യുന്നത്. മാത്രമല്ല സംഘടനാ സംവിധാനത്തിന്റെ കെട്ടുറപ്പിനെ സ്വാധീനിക്കുന്ന മുഖ്യ പ്രവർത്തനങ്ങൾക്കാണ് ക്യാമ്പയിനിൽ ആദ്യഘട്ടമെന്ന നിലയ്ക്ക് പ്രാധാന്യം നൽകിയിരിക്കുന്നത്. മുഴുവൻ അംഗങ്ങൾക്കും അയൽക്കൂട്ടം, എ.ഡി.എസ്, സി.ഡി.എസ് കമ്മിറ്റികൾക്കും ഭാരവാഹികൾക്കും അവരുടെ ചുമതലകൾ സ്വയം തിരിച്ചറിയുന്നതിനും അതിന്റെ ഭാഗമായി വരുന്ന വിവിധ പ്രവർത്തനങ്ങളും അവയുടെ സവിശേഷതകളും പ്രവർത്തിച്ചു മനസ്സിലാക്കാൻ അവസരം നൽകുന്നതിലൂടെ മാത്രമേ നേതൃത്വ പരിശീലനങ്ങൾ ഫലപ്രദമാവുകയുള്ളൂ. ഈ ലക്ഷ്യം മുൻനിർത്തിയാണ് ബാങ്ക് ലിങ്കേജ്– വനശ്രീ, സംരംഭ സംഗമങ്ങൾ–ചന്ത, പാട്ടകൃഷി, തൊഴിലുറപ്പു പദ്ധതി, ബാലസഭ എന്നിവയെ അടിസ്ഥാനമാക്കി ക്യാമ്പയിൻ പ്രവർത്തനം ആവിഷ്ക്കരിച്ചിരിക്കുന്നത്.

**കാമ്പയിൻ വിഷയങ്ങൾ**

**1. സമ്പാദ്യ-വായ്പ, വനശ്രീ (മൈക്രോ ഫൈനാൻസ്) കാമ്പയിൻ**

കുടുംബശ്രീ അയൽക്കൂട്ടത്തിന്റെ സജീവതയും സുസ്ഥിരതയും ലഘുസമ്പാദ്യ വായ്പാ പ്രവർത്തനത്തിന്റെ കൃത്യതയെ അടിസ്ഥാനമാക്കിയാണ്. മുഴുവൻ കുടുംബശ്രീ അംഗങ്ങൾക്കും സംഘടനാ തലങ്ങൾക്കും (അയൽക്കൂട്ട, എ.ഡി.എസ്, സി.ഡി.എസ്) പങ്കെടുക്കാൻ കഴിയുന്ന പ്രവർത്തനം എന്ന നിലയിൽ സമ്പാദ്യ വായ്പ സംവിധാനത്തെ കേന്ദ്രീകരിച്ചാണ് ഈ ക്യാമ്പയിൻ ആവിഷ്ക്കരിച്ചിരിക്കുന്നത്. 50% അയൽക്കൂട്ടങ്ങൾ ഇനിയും ഗ്രേഡ് ചെയ്ത് ബാങ്ക് ലിങ്കേജ് നേടേണ്ടതുണ്ട്. 50% അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് ലിങ്കേജും അവശേഷിക്കുന്നവയുടെ രണ്ടും, മൂന്നും ലിങ്കേജുകളും മാർച്ച് 31 ഓടെ ഉറപ്പാക്കി കൂടുതൽ വായ്പാ തുക ലഭ്യമാക്കുന്നതിനായി മുഴുവൻ അയൽക്കൂട്ടങ്ങളെയും സജ്ജമാക്കുന്നതിനാണ് ഇതിലൂടെ ശ്രമിക്കുന്നത്. ഇതോടൊപ്പം വനശ്രീ വായ്പയെടുത്തിട്ടുള്ള മുഴുവൻ സി.ഡി.എസ്, അയൽക്കൂട്ടങ്ങളിലേയ്ക്കും വനശ്രീ മാർഗ്ഗരേഖ പരിശീലിപ്പിക്കുന്നതിനും പ്രയോഗതലത്തിൽകൊണ്ടുവരുന്നതിനും കഴിയണം. ഇതോടൊപ്പം സി.ഡി.എസിന്റെ വനശ്രീ സംബന്ധമായ മുഴുവൻ രേഖകളും ചിട്ടപ്പെടുത്തുകയും വായ്പാ തിരിച്ചടവ് ക്രമപ്പെടുത്തുകയും വേണം. ബാങ്ക് ലിങ്കേജ് ഉയർത്താനും വനശ്രീ പ്രവർത്തനം ചിട്ടപ്പെടുത്താനുമായിരിക്കും ഈ ക്യാമ്പയിൻ പ്രയോജനപ്പെടുത്തുക. ചുവടെ ചേർക്കുന്നതാണ് ഇതുമായി ബന്ധപ്പെട്ട പ്രധാന പ്രവർത്തനങ്ങൾ.

1. ഇനിയും ബാങ്ക് ലിങ്കേജ് ചെയ്യാനുള്ള അയൽക്കൂട്ടങ്ങളുടെ 50% മെങ്കിലും മാർച്ച് 31 നു മുൻപ് ബാങ്ക് ലിങ്കേജ് നടത്തൽ.

2. മികച്ച രീതിയിൽ ലിങ്കേജ് പ്രവർത്തനം നടത്തുന്ന അയൽക്കൂട്ടങ്ങളുടേയും സി.ഡി.എസ്സുകളുടേയും അനുഭവവും ഇതിലൂടെ കൈവരിച്ച നേട്ടങ്ങൾ സംബന്ധിച്ച് മറ്റ് അയൽക്കൂട്ടങ്ങൾക്കും സി.ഡി.എസ്സുകൾക്കും അറിയാൻ അവസരം സൃഷ്ടിക്കുകയും പ്രസ്തുത അയൽക്കൂട്ടങ്ങളെയും സി.ഡി.എസ്സുകളെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

3. 2009 മാർച്ച് 30 നുള്ളിൽ വനശ്രീ വായ്പയുമായി ബന്ധപ്പെട്ടുള്ള അവ്യക്തതകൾ, തിരിച്ചടവ് കുടിശ്ശിക എന്നിവ പരിഹരിക്കൽ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള രേഖകൾ ഉറപ്പാക്കൽ.

4. ബാങ്കിംഗ് നടപടികളെക്കുറിച്ച് സി.ഡി.എസ്, എ.ഡി.എസ് ഭരണസമിതികൾക്കും അയൽക്കൂട്ടം ഭാരവാഹികൾക്കും വ്യക്തമായ ധാരണ നൽകൽ.

**2. ലീസ് ലാന്റ് ഫാമിംഗ് (പാട്ട കൃഷി)**

കുടുംബശ്രീ സംരംഭങ്ങളിൽ ഒരു പ്രധാനപ്പെട്ട മേഖലയാണ് പാട്ടകൃഷി. മാസച്ചന്തകളിൽ എത്തിചേരുന്ന പച്ചക്കറികൾക്ക് വീട്ടുവളപ്പിലെ പച്ചക്കറികൾ എന്ന നിലയ്ക്ക് വലിയ സ്വീകാര്യതയുണ്ട്. ഇവ അതിവേഗം വിറ്റഴിക്കപ്പെടുന്നുമുണ്ട്. വികേന്ദ്രീകൃതമായ പച്ചക്കറി ഉത്പാദനവും ആസൂത്രിതമായ സമാഹരണവും വില്പനയും എന്ന നിലയ്ക്ക് വലിയ സാധ്യത പാട്ടകൃഷിയിൽ കാണുന്നു. വിഷുവിനുള്ള പച്ചക്കറി എന്ന നിലയിൽ പച്ചക്കറി – കിഴങ്ങുവർഗ്ഗങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുവാനുള്ള ഒരു പ്രത്യേക കാമ്പയിനാണ് ലക്ഷ്യമിടുന്നത്. പുതിയ എ.ഡി.എസ്സുകളുടെ നേതൃത്വത്തിൽ ഓരോ വാർഡിലും പാട്ടകൃഷിക്ക് സന്നദ്ധതയുള്ള ഗ്രൂപ്പുകളെ കണ്ടെത്തുക, ആവശ്യമായ സ്ഥലം കണ്ടെത്തുക, കൃഷിചെയ്യാനുദ്ദേശിക്കുന്ന പച്ചക്കറി ഇനങ്ങൾ നിശ്ചയിക്കുക, കൃഷി ആരംഭിക്കുന്നതിനുള്ള ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കുകയും ഇതിലൂടെ എ.ഡി.എസി ന്റെ നേതൃത്വത്തിൽ പച്ചക്കറി ഉത്പാദനം കുടുംബശ്രീ പ്രവർത്തകരുടെ ഒരു പ്രധാന വരുമാന മാർഗ്ഗമാക്കിമാറ്റാൻ കഴിയണം. പച്ചക്കറി ഉത്പാദനത്തിന് സന്നദ്ധമായ മുഴുവൻ ഗ്രൂപ്പുകൾക്കും ആവശ്യമായ പരിശീലനം, വിത്ത് സമാഹരിക്കാനുള്ള സഹായം, പാട്ടകൃഷിയിൽ ഏർപ്പെടുന്ന തൊഴിൽ ഗ്രൂപ്പുകൾക്ക് അർഹമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള ഔദ്യോഗിക നടപടികൾ സ്വീകരിക്കൽ എന്നീ പ്രവർത്തനങ്ങൾക്ക് വിവിധ ഏജൻസികളിൽ നിന്നും സഹായം സമാഹരിച്ച് നേതൃത്വം നൽകേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളും സി.ഡി.എസ്സുകളുമാണ്. പഞ്ചായത്ത്/നഗരസഭകളുടെ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പാട്ടകൃഷിയെ സമീപിക്കേണ്ടത്. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ ഇതുമായി സംയോജിപ്പിച്ച് നടപ്പിലാക്കാൻ കഴിയണം. ഇങ്ങനെ ഉത്പ്പാദിപ്പിക്കുന്ന പച്ചക്കറിയുടെ വില്പനയ്ക്ക് വിഷു/ഈസ്റ്റർ ചന്തകൾ സംഘടിപ്പിക്കേണ്ടതാണ്. കൂടാതെ മാസചന്തകളുടെ ഭാഗമായും പച്ചക്കറി സ്റ്റാളുകൾ ആരംഭിക്കണം. ഇതി ലൂടെ പ്രാദേശികമായി ഉത്പ്പാദിപ്പിക്കുന്ന കുടുംബശ്രീ പച്ചക്കറിക്ക് പ്രാദേശിക വിപണി വികസിപ്പിച്ചെടുക്കാനും കഴിയണം. ഈ ക്യാമ്പയിൻ പ്രവർത്തനത്തിലൂടെ കുറഞ്ഞത് 3,000 ഹെക്ടർ പ്രദേശത്ത് പുതിയതായി പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. പഞ്ചായത്ത്/നഗരസഭകളുടെ നേതൃത്വത്തിൽ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മുഖ്യയിനമായി കുടുംബശ്രീ യൂണിറ്റുകൾ വഴിയുള്ള ഭക്ഷ്യവിള ഉത്പാദനം മാറണം. ഇതിനായി താഴെപ്പറയുന്ന കാര്യങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.



1. ഓരോ എ.ഡി.എസ്സിന്റെയും നേതൃത്വത്തിൽ പുതിയതായി പാട്ടകൃഷി ചെയ്യാൻ സന്നദ്ധമായ അയൽക്കൂട്ടങ്ങളെ കണ്ടെത്തുകയും കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രദേശത്തിന്റെ അളവ്, വിള എന്നിവ സംബന്ധിച്ചുള്ള വിവരം ശേഖരിക്കൽ.

2. വാർഡുതല പാട്ടകൃഷി ഗ്രൂപ്പുകളുടെ കൺവെൻഷനിൽ വച്ച് പാട്ടകൃഷിക്കുള്ള പ്രവർത്തന കലണ്ടർ അംഗീകരിക്കൽ, കഴിഞ്ഞ കാലങ്ങളിലെ മികച്ച പാട്ടകൃഷി ഗ്രൂപ്പുകളെ അഭിനന്ദിക്കലും പ്രോത്സാഹന സമ്മാനങ്ങൾ നൽകലും.

3. പരിശീലനം ആവശ്യമുള്ള ഗ്രൂപ്പുകൾക്ക് പരിശീലനം ലഭ്യമാക്കൽ.

4. മികച്ചയിനം നടീൽ വസ്തുക്കൾ സമാഹരിക്കാൻ ആവശ്യമായ സഹായം ലഭ്യമാക്കൽ.

5. പാട്ടകൃഷി ഗ്രൂപ്പുകൾക്ക് ലഭിക്കേണ്ട അർഹമായ സാമ്പത്തിക സഹായം സമയബന്ധിതമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കൽ.

6. ഭക്ഷ്യ സുരക്ഷ കാമ്പയിനിന്റെ ഭാഗമായി പാട്ടകൃഷി ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ.

7. പ്രാദേശിക വിപണന ശൃംഖല ആവിഷ്ക്കരിക്കൽ.

**3. സംരംഭ സംഗമം**

കുടുംബശ്രീ മാസച്ചന്തകളുടെ ആവിർഭാവത്തോടെ സംരംഭങ്ങൾക്ക് ഉണർവ്വും സജീവതയും കൈവന്നിട്ടുണ്ട്. എന്നാൽ ഇനിയും മാസച്ചന്തകളിൽ എത്തിച്ചേരാത്തതും പ്രവർത്തനം വേണ്ടത്ര വരുമാനദായകമല്ലാത്തതുമായ സംരംഭങ്ങളുമുണ്ട്. ഇവ സജീവമാക്കുന്നതിനും ഇവയുടെ ഉത്പന്നം മാസച്ചന്തകളിൽ എത്തിക്കുന്നതിനും കഴിയണം. ഇതോടൊപ്പം ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്താനും വിപണന സാധ്യത വിപുലപ്പെടുത്താനുമുള്ള പ്രത്യേക സഹായങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനപരിപാടികളാണ് ഈ കാമ്പയിനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനായി ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ സംരംഭ സംഗമങ്ങൾ ചേരും. തുടർന്ന് സംരംഭങ്ങളെ മാസച്ചന്തകളുമായി ബന്ധപ്പെടുത്തുകയും ഇതിനനുസൃതമായി ചന്തകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്. ബ്ലോക്ക്തല സംരംഭ-സംഗമങ്ങളുടെ മുന്നോടിയായി സി.ഡി.എസ്സുകളുടെ നേതൃത്വത്തിൽ സംഗമങ്ങളിൽ എത്തേണ്ട കുടുംബശ്രീ സംരംഭകരെ കണ്ടെത്തേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെയോ കുടുംബശ്രീ മിഷന്റെയോ സഹായത്തോടെയല്ലാതെ വിവിധ ഏജൻസികളുടെയും/വികസനവകുപ്പുകളുടെയും സഹായത്തോടെ ആരംഭിച്ചിട്ടുള്ള കുടുംബശ്രീ സംരംഭകരേയും ഈ സംഗമത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്.

*ശേഷം പേജ് 34*

# സാന്ത്വന പരിചരണരംഗത്ത് മുഹമ്മ പഞ്ചായത്തിന്റെ മാതൃക



തെക്കൻ കേരളത്തിൽ ആദ്യമായി സാന്ത്വന പരിചരണത്തിനായി ഒരു പദ്ധതി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തെന്ന പദവി തീർച്ചയായും മുഹമ്മ ഗ്രാമപഞ്ചായത്തിനുള്ളതാണ്. തെക്കൻ കേരളത്തിൽ ആദ്യമായി ഈ രംഗത്തേയ്ക്ക് സന്നദ്ധപ്രവർത്തനവുമായി കടന്നുവന്ന പഞ്ചായത്തും മുഹമ്മ തന്നെ. പഞ്ചായത്ത് പ്രസിഡന്റ് സി.കെ. ഭാസ്ക്കരന്റെ നേതൃത്വത്തിൽ പഞ്ചായത്തംഗങ്ങളും മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ആരോഗ്യപ്രവർത്തകരും ഈ പദ്ധതിയുടെ മേൽനോട്ടം വഹിച്ചുവരുന്നു.

**മുഹമ്മ രവീന്ദ്രനാഥ്**

ജനകീയാസൂത്രണ പദ്ധതിയുടെ തുടക്കം മുതൽ ആരോഗ്യരംഗത്ത് ശ്രദ്ധേയമായ പല പ്രവർത്തനങ്ങളും കാഴ്ചവെച്ചിട്ടുള്ള ഗ്രാമപഞ്ചായത്താണ് ആലപ്പുഴ ജില്ലയിലെ മുഹമ്മ. മുഹമ്മ പി.എച്ച്.സി (ഇപ്പോൾ സി.എച്ച്.സി) കേന്ദ്രീകരിച്ചുള്ള 'കൗൺസിലിംഗ് സെന്റർ', ക്ഷയരോഗ ബാധിതരായവർക്ക് പോഷകാഹാരം നല്കുന്നതിനുള്ള 'മുക്തി' പദ്ധതി, ബി.പി. ക്ലിനിക്, 2001 ൽ ആരംഭിച്ച ഹെൽത്ത് കമ്മിറ്റി, കുടുംബാരോഗ്യ സർവ്വേ, ശുചീകരണവുമായി ബന്ധപ്പെട്ട 'മാതൃകാരോഗ്യ ഭവന പദ്ധതി' എന്നിവ അതിനുദാഹരണങ്ങളാണ്. ആ നിരയിൽ ഏറ്റവും ഒടുവിലായി മുഹമ്മ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത പദ്ധതിയാണ് 'സാന്ത്വന പരിചരണം'.

കുടുംബാരോഗ്യസർവ്വേ നടത്തിയപ്പോഴാണ് ശയ്യാവലംബരായ നിരവധി രോഗികളുടെയും വാർദ്ധക്യ സഹജമായ അവശത അനുഭവിക്കുന്നവരുടെയും പ്രശ്നം പഞ്ചായത്തിന്റെ ശ്രദ്ധയിൽപെട്ടത്. മാറാ രോഗങ്ങൾകൊണ്ടും വാർദ്ധക്യസഹജമായ അസുഖങ്ങൾകൊണ്ടും തീരെ കിടപ്പിലായ നൂറ്റമ്പതിനുമേൽ ആൾക്കാർ ഗ്രാമ പഞ്ചായത്തു പ്രദേശത്തുണ്ടെന്ന് സർവ്വേ വ്യക്തമാക്കി. ചികിത്സിച്ചു മാറ്റാൻ പറ്റാത്ത കാൻസർ, അവസാന ഘട്ടത്തിലെത്തിയ ശ്വാസകോശരോഗങ്ങൾ, നട്ടെല്ലിനേറ്റ ക്ഷതം, പക്ഷാഘാതം, നാഡീസംബന്ധമായ മാറാ രോഗങ്ങൾ, പ്രായാധിക്യം മൂലമുള്ള അവശതകൾ എന്നിവയൊക്കെയാണ് കാരണങ്ങൾ.

ഈ അവസ്ഥയിൽ മാനസികമായി തളരുന്നതോടൊപ്പം തങ്ങൾ സമൂഹത്തിൽ ഒറ്റപ്പെട്ടവരാണെന്ന ബോധവും അവരെ വിഷമത്തിലാഴ്ത്തിയിരുന്നു. ഇത്തരം ആൾക്കാരുടെ വേദനയകറ്റുന്നതെങ്ങനെ എന്ന ചിന്ത പഞ്ചായത്തുഭരണസമിതിയെ അലട്ടിക്കൊണ്ടിരുന്നു. അങ്ങനെയിരിക്കെ ആലപ്പുഴ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ പ്രൊഫസർ ഡോ. സൈറു ഫിലിപ്പ് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഒരു ആരോഗ്യ വിദ്യാഭ്യാസ പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി. പല കാര്യങ്ങളും പരാമർശിച്ച കൂട്ടത്തിൽ കേരളത്തിലെ വടക്കൻ ജില്ലകളിൽ ശയ്യാവലംബരായ രോഗികൾക്കായി സന്നദ്ധ സംഘടനകൾ വിജയകരമായി നടത്തിവരുന്ന സാന്ത്വന പരിചരണത്തെ (പാലിയേറ്റീവ് കെയർ)ക്കുറിച്ചും സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ പ്രദേശത്ത് ഇങ്ങനെ ഒരു പരിപാടി ഏറ്റെടുക്കുവാൻ മുഹമ്മ പഞ്ചായത്ത് സന്നദ്ധമാകുമോ എന്നും അവർ ആരാഞ്ഞു. ഒട്ടും താമസമുണ്ടായില്ല, 'ഞങ്ങൾ തയ്യാറാണ്' എന്ന് ആ വേദിയിൽ വെച്ചുതന്നെ പഞ്ചായത്ത് പ്രസിഡന്റ് സി.കെ. ഭാസ്ക്കരൻ പ്രഖ്യാപിച്ചു. അവിടെ സന്നിഹിതരായിരുന്ന പഞ്ചായത്തംഗങ്ങളും ആരോഗ്യ പ്രവർത്തകരും പൗരജനങ്ങളും ഹർഷാരവത്തോടെ ആ പ്രഖ്യാപനത്തെ സ്വാഗതം ചെയ്തു.

മാറാരോഗികളുടെ പരിചരണത്തിനുള്ള നൂതന വൈദ്യശാസ്ത്ര ശാഖയാണ് സാന്ത്വന ചികിത്സ. മാറാരോഗികളുടെ ശാരീരിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാന്ത്വന പരിചരണത്തിൽ പരിശീലനം ലഭിച്ച ഡോക്ടർമാർക്കും നഴ്സുമാർക്കും സാധിക്കും. അതോടൊപ്പം സാമൂഹിക, മാനസിക, ആത്മീയ ഇടപെടലുകളിലൂടെ രോഗിയുടെ ജീവിതം മെച്ചപ്പെടുത്തുകയാണ് 'സാന്ത്വന പരിചരണം'. ഡോക്ടറും നഴ്സുമാത്രം പോരാ, മാറാരോഗികളെ പരിചരിക്കുന്നതിന് അതിനു താല്പര്യമുള്ള സന്നദ്ധ പ്രവർത്തകരും വേണം. ആവശ്യമായ ഹ്രസ്വകാല പരിശീലനംകൊണ്ട് സന്നദ്ധപ്രവർത്തകർക്കും ഇത്തരം രോഗികളെ പരിചരിക്കാനാവും എന്നതാണനുഭവം.

കേരളത്തിലെ കിടപ്പിലായ രോഗികൾക്കും മാറാരോഗികൾക്കും വീടുകളിൽത്തന്നെ പരിചരണം എത്തിച്ചുകൊടുക്കുക എന്ന ലക്ഷ്യത്തോടെ കേരളസർക്കാർ 2008 ഏപ്രിൽ മാസത്തിൽ ഒരു സാന്ത്വന പരിചരണ നയം പ്രഖ്യാപിക്കുകയുണ്ടായി എന്നത് ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഉത്തേജനം നല്കുന്ന കാര്യമാണ്.



കേരളത്തിന്റെ വടക്കൻ ജില്ലകളിൽ പാലിയേറ്റീവ് കെയർ രംഗത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന ഡോ. സുരേഷ്, എം.ജി. പ്രവീൺ തുടങ്ങിയവരും ഡോ. സൈറുഫിലിപ്പും മുഹമ്മ ഗ്രാമപഞ്ചായത്തംഗങ്ങളും വിവിധ ഉദ്യോഗസ്ഥരും ചേർന്ന് കൂട്ടായി രൂപം കൊടുത്തതാണ് മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 'സാന്ത്വനം' പദ്ധതി. 2007-08 ജനകീയാസൂത്രണ പദ്ധതിയിൽത്തന്നെ ഇതുൾക്കൊള്ളിക്കുന്നതിനും ഒരു ലക്ഷം രൂപ അതിലേയ്ക്ക് നീക്കിവയ്ക്കുന്നതിനും മുഹമ്മ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞു. 2008-09 ജനകീയാസൂത്രണ പദ്ധതിയിൽ പ്ലാൻ ഫണ്ടും തനതു ഫണ്ടും ഉൾപ്പെടെ രണ്ടുലക്ഷം രൂപയാണ് പഞ്ചായത്ത് ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളത്.

പതിനഞ്ചുവാർഡുകളിൽ നിന്നായി എൺപത്തഞ്ച് സന്നദ്ധ പ്രവർത്തകർക്കാണ് പരിശീലനം നൽകിയത്. ശ്രീമതി ബേബി എന്ന നഴ്സിനെ മൂന്നുമാസത്തെ വിദഗ്ദ്ധ പരിശീലനത്തിനായി മഞ്ചേരിയിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. ഈ പദ്ധതിയിലൂടെ നൂറ്റമ്പത് മാറാരോഗികൾക്ക് പരിചരണവും കൗൺസിലിംഗും നല്കിവരുന്നു.

ആഴ്ചയിൽ രണ്ടുദിവസം നഴ്സുമാരും സന്നദ്ധ പ്രവർത്തകരും രോഗികളുടെ വീട്ടിൽപ്പോയി പരിചരണം നടത്തിവരികയാണ്. കൂടാതെ അത്യാവശ്യ ഘട്ടങ്ങളിൽ ഡോക്ടർമാരും പരിചരണത്തിനെത്തുന്നു. ഇതിനുവേണ്ടി പ്രത്യേകമായി ഒരു വാഹനം ഏർപ്പാടു ചെയ്തിട്ടുണ്ട്. നഴ്സിന് ചെറിയ ഒരു തുക ഓണറേറിയമായി മാസം തോറും നല്കുന്നു. സന്നദ്ധപ്രവർത്തകർക്ക് ഭക്ഷണം സൗജന്യമായി ഏർപ്പാടാക്കിയിട്ടുണ്ട്. നഴ്സിനായാലും സന്നദ്ധപ്രവർത്തകർക്കായാലും ഈ സേവനത്തിൽ നിന്നുകിട്ടുന്ന മാനസിക സംതൃപ്തിയാണ് പരമപ്രധാനം

തെക്കൻ കേരളത്തിൽ ആദ്യമായി സാന്ത്വന പരിചരണത്തിനായി ഒരു പദ്ധതി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തെന്ന പദവി തീർച്ചയായും മുഹമ്മ ഗ്രാമപഞ്ചായത്തിനുള്ളതാണ്. തെക്കൻ കേരളത്തിൽ ആദ്യമായി ഈ രംഗത്തേയ്ക്ക് സന്നദ്ധ പ്രവർത്തനവുമായി കടന്നുവന്ന പഞ്ചായത്തും മുഹമ്മ തന്നെ. പഞ്ചായത്ത് പ്രസിഡന്റ് സി.കെ. ഭാസ്ക്കരന്റെ നേതൃത്വത്തിൽ പഞ്ചായത്തംഗങ്ങളും മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ആരോഗ്യപ്രവർത്തകരും ഈ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നു.

ഇപ്പോൾ രോഗികൾക്കു പരിചരണവും കൗൺസിലിംഗുമാണ് സൗജന്യമായി നടത്തിവരുന്നത്. അനുഭവത്തിന്റെ വെളിച്ചത്തിൽ ഇതുമാത്രം പോരാ എന്നാ



*ശയ്യാവലംബയായ രോഗിയെ ഡോ. കെ.എസ്. മനോജ് എം.പി സന്ദർശിച്ചപ്പോൾ. പ്രസിഡന്റ് സി.കെ. ഭാസ്ക്കരൻ സമീപം.*

ഡോക്ടർമാരുടെയും നഴ്സിന്റെയും സന്നദ്ധ പ്രവർത്തകരുടേയും ഗൃഹപരിചരണം മുഹമ്മ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നല്ല പ്രതികരണമാണുളവാക്കിയിട്ടുള്ളത്. പലപ്പോഴും ശയ്യാവലംബികളായ മാറാരോഗികൾ കടുത്ത ഏകാന്തത അനുഭവിച്ചിരുന്നു. അവരുടെ പ്രയാസങ്ങൾ കേൾക്കാനാളുണ്ട് എന്നതുതന്നെ രോഗികൾ വലിയൊരാശ്വാസമായിക്കരുതുന്നു.



ണു തെളിഞ്ഞിട്ടുള്ളത്. ചില രോഗികൾക്ക് സൗജന്യമായി മരുന്നുകൾ വാങ്ങിക്കൊടുക്കേണ്ടതുണ്ട്. ചുരുക്കം ചിലർക്കെങ്കിലും സൗജന്യമായി ആഹാരവും വസ്ത്രവും നല്കേണ്ടതായുമുണ്ട്. എന്നാൽ ഇപ്പോഴത്തെ പദ്ധതിയിൽ പഞ്ചായത്ത് അതിന് പണം നീക്കിവച്ചിട്ടില്ല. എന്നിരുന്നാലും കഴിഞ്ഞ ഓണക്കാലത്ത് നാട്ടിലെ ഉദാര മനസ്ക്കരുടെ സഹായത്തോടെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന രോഗികൾക്ക് ഓണാഘോഷത്തിനുള്ള അരിയും പഞ്ചസാരയും തേയിലയും മറ്റും അടങ്ങുന്ന 'ഓണക്കിറ്റ്' വിതരണം ചെയ്യുകയുണ്ടായി. അടുത്ത പദ്ധതി തയ്യാറാക്കുമ്പോൾ മേൽപ്പറഞ്ഞ പ്രശ്നങ്ങൾകൂടി പരിഗണിക്കേണ്ടതാണെന്ന് ഭരണ സമിതിക്ക് ബോദ്ധ്യം വന്നിട്ടുണ്ട്. ജീവകാരുണ്യപരമായ ഈ പ്രവർത്തനത്തിന് സഹായ വാഗ്ദാനവുമായി പഞ്ചായത്തിലെ ചില കുടുംബശ്രീ യൂണിറ്റുകളും സന്നദ്ധ സംഘടനകളും ഉദാര മനസ്ക്കരായ വ്യക്തികളും മുന്നോട്ടുവരുന്നു എന്നത് തികച്ചും ആവേശം നല്കുന്ന ഒരനുഭവമാണ്.

ഡോക്ടർമാരുടെയും നഴ്സിന്റെയും സന്നദ്ധ പ്രവർത്തകരുടേയും ഗൃഹപരിചരണം മുഹമ്മ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നല്ല പ്രതികരണമാണുളവാക്കിയിട്ടുള്ളത്. പലപ്പോഴും ശയ്യാവലംബികളായ മാറാരോഗികൾ കടുത്ത ഏകാന്തത അനുഭവിച്ചിരുന്നു. അവരുടെ പ്രയാസങ്ങൾ കേൾക്കാനാളുണ്ട് എന്നതുതന്നെ രോഗികൾ വലിയൊരാശ്വാസമായിക്കരുതുന്നു. തീരെ അവശരായവർക്ക് മരണത്തെ ധീരതയോടെ നേരിടാനുതകുന്നതാണ് അവർക്കു ലഭിക്കുന്ന കൗൺസിലിംഗ്. മാത്രമല്ല അവരുടെ ആത്മവിശ്വാസവും ആത്മാഭിമാനവും വർദ്ധിപ്പിക്കാനും ഈ പരിപാടി ഉതകുന്നുണ്ട്. ഗൃഹ പരിചരണത്തിന് പുറത്തുനിന്നും വിടുകളിലേയ്ക്ക് ആൾക്കാർ ചെല്ലുന്നതുകൊണ്ടുതന്നെ വീട്ടുകാർ മുൻപത്തേക്കാളും രോഗിയുടേയും ചുറ്റുപാടുകളുടേയും ശുചിത്വത്തിനും രോഗിയുടെ പരിചരണത്തിലും കൂടുതൽ ശ്രദ്ധ ചെലുത്തുന്നതായുള്ള സന്തോഷകരമായ അനുഭവമാണുള്ളത്. പരിചരണരീതി കുടുംബാംഗങ്ങളേയും പഠിപ്പിക്കുന്നുണ്ട്. കൂടാതെ കുടുംബാംഗങ്ങൾക്കും കൗൺസിലിംഗ് നല്കുന്നതുമൂലം തങ്ങളുടെ പ്രിയപ്പെട്ടയാൾക്കാരെ ആശ്വസിപ്പിക്കാനവർക്കു കഴിയുന്നു. രോഗി മരിച്ചാൽ കുടുംബാംഗങ്ങൾക്ക് ഉണ്ടാകുന്ന ദുഃഖത്തിന് ആശ്വാസമേകുവാനും കൗൺസിലിംഗ് സഹായകമാവുന്നുണ്ട്.

കേരളത്തിലെ കിടപ്പിലായ രോഗികൾക്കും മാറാരോഗികൾക്കും വീടുകളിൽത്തന്നെ പരിചരണം എത്തിച്ചുകൊടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ 2008 ഏപ്രിൽ മാസത്തിൽ ഒരു സാന്ത്വന പരിചരണ നയം പ്രഖ്യാപിക്കുകയുണ്ടായി എന്നത് ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഉത്തേജനം നല്കുന്ന ഒരു കാര്യമാണ്. സജീവമായ ജനപങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സംഘടനകളുടേയും നേതൃത്വത്തിൽ കേരളത്തിൽ ഒരു ഗൃഹകേന്ദ്രീകൃത പരിചരണ സംവിധാനം വികസിപ്പിച്ചെടുക്കുക എന്നതാണ് ഈ നയത്തിന്റെ സത്ത. ഇത്തരം പരിചരണ സംവിധാനങ്ങളുടെ വികസനത്തിന് സർക്കാർ ആരോഗ്യ സംവിധാനങ്ങളുടെ പൂർണ്ണമായ പിന്തുണയുണ്ടാകുമെന്നും നയരേഖ വ്യക്തമാക്കുന്നുണ്ട്.

മുഹമ്മ ഗ്രാമപഞ്ചായത്ത് സാന്ത്വന പരിചരണ രംഗത്ത് നടത്തുന്ന സേവനങ്ങളെ കണക്കിലെടുത്തുകൊണ്ടാണ് ഈ രംഗത്തെ പ്രവർത്തനങ്ങൾക്ക് കേരളത്തിൽ മാർഗ്ഗദർശനം നല്കുന്ന ഇന്ത്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയറിന്റെ കേരളാ സ്റ്റേറ്റ് ചാപ്റ്ററിന്റെ കഴിഞ്ഞ വാർഷികവും പാലിയേറ്റീവ് കെയർ സംസ്ഥാന വോളണ്ടിയർ മീറ്റും മുഹമ്മയിൽ വെച്ചുനടത്തുവാൻ അതിന്റെ ഭാരവാഹികൾ തയ്യാറായത്. അതെത്തുടർന്ന് തെക്കൻ കേരളത്തിലെ ചില പഞ്ചായത്തുകളും 'പാലിയേറ്റീവ് കെയർ' പദ്ധതി ഏറ്റെടുക്കുവാനുള്ള സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെന്നുള്ളത് സന്തോഷജനകമായ വസ്തുതയാണ്. അങ്ങനെ 'സാന്ത്വന പരിചരണം' കേരളമാകെ വ്യാപിക്കുമെന്നും മാറാരോഗങ്ങളാലും മറ്റും അവശതയനുഭവിക്കുന്ന നിരവധിപേരെ പ്രത്യാശയുടെ സുവർണ്ണാനുഭവങ്ങളിലേയ്ക്കെത്തിച്ച് ലോകത്തിനാകെ മാതൃക കാട്ടുമെന്നും നമുക്കു ന്യായമായും പ്രതീക്ഷിക്കാം.

*ലേഖകൻ*
*മുഹമ്മ ഗ്രാമപഞ്ചായത്തിലെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനാണ്*





## പഞ്ചായത്തു നീന്തൽക്കുളം

# കൈപ്പറമ്പ് കായിക ചരിത്രത്തിലേയ്ക്ക്

ആന്റോ. സി.ജെ

കേരളത്തിന്റെ സാംസ്ക്കാരിക തലസ്ഥാനമായ തൃശ്ശൂർ ജില്ലയിൽ തൃശൂർ - കുന്നംകുളം റൂട്ടിൽ ഏതാണ്ട് മധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത് കായിക വികസനത്തിൽ കേരളത്തിലെ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാതൃകയായി വളർന്നുകൊണ്ടിരിക്കുകയാണ്.

ജനകീയാസൂത്രണ പദ്ധതിയിലൂടെ കഴിഞ്ഞ കാലങ്ങളിൽ പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിനോടൊപ്പം ബ്ലോക്ക് പഞ്ചായത്തു ഫണ്ടും എം.പി ഫണ്ടും സംയോജിപ്പിച്ച് ജനകീയകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഏതാണ്ട് 12 ലക്ഷത്തോളം രൂപ മുതൽ മുടക്കി നടത്തിയ വികസന പ്രവർത്തനങ്ങൾ വഴി ഉപയോഗശൂന്യമായി കിടന്നിരുന്ന പഞ്ചായത്തിന്റെ അധീനതയിലുള്ള മുക്കിലക്കുളം ഒരു നീന്തൽക്കുളമായി രൂപാന്തരപ്പെടുത്തിയതിലൂടെ കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത് കായിക ചരിത്രത്തിലെ ഒരു സുപ്രധാന കാൽവെയ്പിന് സാക്ഷ്യം വഹിച്ചിരിക്കുന്നു. കായിക വികസനത്തിന്റെ ഭാഗമായി ഓരോ പഞ്ചായത്തിലേയും ഒരു കുളം നീന്തൽകുളമായി വികസിപ്പിക്കുക എന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും സഹകരണത്തോടെ നടപ്പിലാക്കിയ ഈ പദ്ധതിയിലൂടെ കുളത്തിന്റെ നവീകരണത്തോടൊപ്പം പഞ്ചായത്തിലെ കായികതാരങ്ങളുടെ പ്രത്യേകിച്ചും നീന്തൽ താരങ്ങളുടെ ചിരകാല അഭിലാഷം സാക്ഷാത്ക്കരിക്കപ്പെട്ടിരിക്കുന്നു. കായിക രംഗത്തെ സുപ്രധാനമായ നേട്ടങ്ങളിലൂടെ സംസ്ഥാനത്തെ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാതൃകയായി മുന്നേറിക്കൊണ്ടിരിക്കുന്ന കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ ഈ നീന്തൽക്കുളത്തിന്റെ ഉദ്ഘാടനം സംസ്ഥാന സ്പോർട്സ് യുവജനക്ഷേമ വകുപ്പ് മന്ത്രി എം. വിജയകുമാർ നിർവ്വഹിക്കുകയും നീന്തൽക്കുളം പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുകയും ചെയ്തു. ബാബു എം. പാലിശ്ശേരി എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു.



*കൈപ്പറമ്പ് പഞ്ചായത്ത് നീന്തൽക്കുളം സ്പോർട്സ് വകുപ്പു മന്ത്രി എം. വിജയകുമാർ ഉത്ഘാടനം ചെയ്യുന്നു.*

പഞ്ചായത്തു ഭരണസമിതി കായികവികസനത്തിനും കായികപ്രതിഭകളെ വളർത്തികൊണ്ടുവരുന്നതിനും അവർക്ക് മതിയായ പ്രോത്സാഹനം നൽകുന്നതിനും മുന്തിയ പരിഗണനയാണ് നൽകുന്നത്. അതിന്റെ ഭാഗമായി മുൻവർഷങ്ങളിൽ ബഹുജനപങ്കാളിത്തത്തോടെ ആവേശകരമായി നടപ്പിലാക്കിയ കായികപരിശീലന പരിപാടിയിലൂടെ നൂറുകണക്കിന് ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ് താരങ്ങൾക്ക് ഫലപ്രദമായ പരിശീലനം പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്തിന്റേയും, ജില്ലാ സ്പോർട്സ് കൗൺസിലിന്റേയും സഹകരണത്തോടെ നൽകിയിരുന്നു. പ്രസ്തുത പദ്ധതി ഈ വർഷം തുടരുന്നതോടൊപ്പം പുതിയ നീന്തൽക്കുളത്തിൽ പുത്തൻ തലമുറയിലെ വിവിധ പ്രായപരിധിയിൽപ്പെട്ട നീന്തൽതാരങ്ങൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും അതുവഴി പുതിയ നീന്തൽ പ്രതിഭകളെ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്നു.

പഞ്ചായത്തിന്റെ ഹൃദയഭാഗമായ മുണ്ടൂരിലുള്ള പഞ്ചായത്തു ഫുട്ബാൾ ഗ്രൗണ്ടും അതിനോടനുബന്ധിച്ച് നിർമ്മാണത്തിലിരിക്കുന്ന മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയവും ഹെൽത്ത് ക്ലബും കൂടിചേർന്ന കായിക സമുച്ചയം സംസ്ഥാനത്തെ തന്നെ പ്രധാന കായിക പരിശീലന കേന്ദ്രങ്ങളിൽ ഒന്നാണ്. ആരോഗ്യമുള്ള ജനതയേയും മികവുറ്റ കായികതാരങ്ങളേയും സൃഷ്ടിച്ചെടുക്കുക എന്ന ലക്ഷ്യവുമായി മുന്നേറിക്കൊണ്ടിരിക്കുന്ന പഞ്ചായത്ത് മികവുറ്റ പരിശീലകരുടെ സേവനം വിവിധ കായിക ഇനങ്ങളിൽ ലഭ്യമാക്കുന്നതിന് പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

*ലേഖകൻ*
*കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്.*



ടി.എസ്. വിശ്വൻ

### കഞ്ഞിക്കുഴിയിൽ പച്ചക്കറിക്കൃഷി സംസ്ഥാന ശില്പശാല

# പച്ചക്കറിക്കൃഷി പങ്കാളിത്ത പഠനം നവ്യാനുഭവമായി

തദ്ദേശസ്വയംഭരണവകുപ്പും 'കില'യും ചേർന്ന് കഞ്ഞിക്കുഴിയിൽ സംഘടിപ്പിച്ച സംസ്ഥാനതല ശില്പശാല എന്തുകൊണ്ടും ഏറെ ശ്രദ്ധിക്കപ്പെട്ടു. പതിനൊന്നാം പദ്ധതി ഭക്ഷ്യോല്പാദന വർദ്ധനവിന് മുൻകൈ നൽകുമ്പോൾ ആവശ്യമായ സംഘാടക പിൻബലവും സമർപ്പണമനസ്സും കേരളത്തിലെ ജനപ്രതിനിധികൾക്കും പദ്ധതി നടത്തിപ്പിന്റെ ചുമതലക്കാരായ ഉദ്യോഗസ്ഥ പ്രതിനിധികൾക്കും ബോദ്ധ്യമാകുന്നതിന് ഈ ശില്പശാല തീർച്ചയായും സഹായിച്ചിട്ടുണ്ട്. ഈ ശില്പശാലയുടെ ഔപചാരികമായ ഉദ്ഘാടനം മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ നിർവ്വഹിച്ചു. സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തത് തദ്ദേശഭരണവകുപ്പു മന്ത്രി പാലോളി മുഹമ്മദ് കുട്ടിയും. ധനമന്ത്രി ഡോ.തോമസ് ഐസക് രണ്ടുദിവസങ്ങളിലും തന്റെ നിറസാന്നിദ്ധ്യം കൊണ്ട് ഈ ശില്പശാലയെ സമ്പന്നമാക്കി. സഹകരണ വകുപ്പുമന്ത്രി ജി. സുധാകരൻ സമാപന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. രണ്ടു ദിവസങ്ങളിലായി നടന്ന ഫീൽഡ് സന്ദർശനം, തുറന്നചർച്ചകൾ, പ്രൊജക്ട് ക്ലിനിക്കുകൾ പ്ലീനറിസെഷനിൽ കൺവീനർമാർ അവതരിപ്പിച്ച റിപ്പോർട്ടുകൾ എന്നിവ ക്രോഡീകരിച്ച് കഞ്ഞിക്കുഴി, മാരാരിക്കുളം അനുഭവങ്ങളെ സാക്ഷി നിർത്തി സമാപന സമ്മേളനത്തിൽ ഡോ. തോമസ് ഐസക് അവതരിപ്പിച്ച പച്ചക്കറിക്കൃഷി സ്വാശ്രയത്വ പ്രഖ്യാപനവും ശില്പശാലയുടെ ലക്ഷ്യത്തെ സാധൂകരിക്കുന്നതായിരുന്നു. ഡോ. ഐസക് രചിച്ച 'മരുപ്പച്ചകൾ ഉണ്ടാകുന്നത്' എന്ന കഞ്ഞിക്കുഴിയെക്കുറിച്ചുള്ള പഠന ഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പ് പ്രകാശനം മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ ഡോ. കെ.എസ് മനോജ് എം.പിക്ക് നൽകിക്കൊണ്ടു നിർവ്വഹിച്ചതും കൂടുതൽ സാർത്ഥകമായി.

ശില്പശാലയുടെ ഒന്നാം ദിവസം കഞ്ഞിക്കുഴി ഗ്രാമത്തിലും രണ്ടാം ദിവസം തൊട്ടടുത്തുള്ള മാരാരിക്കുളം വടക്ക് ഗ്രാമത്തിലുമാണ് നടന്നത്. പച്ചക്കറിക്കൃഷിയിലെന്ന പോലെ പച്ചക്കറിക്കൃഷിശില്പശാല വിജയിപ്പിക്കുന്നതിലും ഇരുപഞ്ചായത്തുകളും മത്സരിക്കുകയായിരുന്നു.കേരളത്തിലെ ഏതാണ്ട് നൂറ്റിപ്പത്തു പഞ്ചായത്തുകളിൽ നിന്നായി മുന്നൂറിലധികം പ്രതിനിധികളാണ് ശില്പശാലയിൽ പങ്കെടുത്തത്. ആദ്യദിവസം കഞ്ഞിക്കുഴി ഇല്ലത്തുകാവിലെ പ്രകൃതി മനോഹാരിതകൾക്കു നടുവിൽ കമനീയമായൊരുക്കിയ പന്തലിലായിരുന്നു ഉദ്ഘാടനവേദി. രജിസ്ട്രേഷൻ സമയത്ത് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ ഉപഹാരമായി പ്രതിനിധികൾക്കെല്ലാം പച്ചക്കറിക്കിറ്റ് നൽകിയാണ് സ്വീകരിച്ചത്. രാജ്യാന്തര പ്രശസ്തി നേടിയ കഞ്ഞിക്കുഴി പയറിന്റെ വിത്തും ഈ കിറ്റിൽ ഉൾപ്പെടുത്തിയിരുന്നു. ശില്പശാലയിൽ പങ്കെടുത്തു മടങ്ങുന്നവർക്ക് ഓരോ പായ്ക്കറ്റ് പച്ചക്കറി വിത്തുകളും നൽകി യാത്രയാക്കുമ്പോൾ ഈ ഗ്രാമപഞ്ചായത്തിന്റെ ഭരണസാരഥികൾക്കും അളവറ്റ ആത്മസംതൃപ്തിയായിരുന്നു.



പച്ചക്കറി കൃഷി പങ്കാളിത്ത പഠന പരമ്പര മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉത്ഘാടനം ചെയ്യുന്നു. ധനമന്ത്രി ഡോ. റ്റി. എം തോമസ് ഐസക്, ഡോ. കെ.എസ്. മനോജ് എം.പി, പ്ലാനിങ്ബോർഡ് അംഗം സി.പി. നാരായണൻ, പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് കെ. നാരായണൻ തുടങ്ങിയവർ വേദിയിൽ.

## പച്ചക്കറിബൊക്കെകളും നേന്ത്രക്കുലയും

ഉത്ഘാടനത്തിനെത്തിയ മുഖ്യമന്ത്രിയെ വേദിയിൽ സ്വീകരിച്ചത് നാടൻ നേന്ത്രക്കുലയും വിവിധ പച്ചക്കറികളാൽ തീർത്ത ബൊക്കെയും നൽകിയാണ്. ഉത്ഘാടനയോഗത്തിലും സമാപന യോഗത്തിലും പങ്കെടുത്ത മന്ത്രിമാർക്കും മറ്റ് വിശിഷ്ടാതിഥികൾക്കും പച്ചക്കറി ബൊക്കെ നൽകി സ്വീകരിച്ചു. പൂക്കളും മറ്റുമുപയോഗിച്ചുള്ള വില കൂടിയ ബൊക്കെകൾ ചടങ്ങിനു ശേഷം വേദിയിൽ ഉപേക്ഷിക്കപ്പെടുമ്പോൾ പഴം പച്ചക്കറി ഉപഹാരങ്ങൾ സ്വീകരിച്ചവരെല്ലാം കൂടെ കൊണ്ടുപോകുന്ന കാഴ്ചയാണു കണ്ടത്!



പച്ചക്കറി കൃഷി പങ്കാളിത്ത പഠന പരമ്പര : സമാപന സമ്മേളനം ഉത്ഘാടനം ചെയ്യാനെത്തിയ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടിയെ പച്ചക്കറികളാൽ തീർത്ത ബൊക്കെ നൽകി സ്വീകരിക്കുന്നു. സഹകരണ വകുപ്പ് മന്ത്രി ജി. സുധാകരൻ സമീപം.

## കൃഷിയിടസന്ദർശനങ്ങൾ

ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, കൃഷി ഓഫീസർമാർ തുടങ്ങിയവരായിരുന്നു പഠിതാക്കളിൽ ഭൂരിപക്ഷവും. ആറു ഗ്രൂപ്പുകളിലായി ആറുകേന്ദ്രങ്ങളിലേയ്ക്കുള്ള പഠനയാത്ര രാവിലെ ആരംഭിച്ചു. ഒരു ഗ്രൂപ്പിൽ പരമാവധി 40 മിനിറ്റാണ് നിശ്ചയിച്ചിരുന്നത്. പോകുന്ന ഓരോ സ്ഥലത്തും പ്രതിനിധികളെ സ്വീകരിക്കാനും കൃഷിയിടങ്ങൾ പരിചയപ്പെടുത്താനും ഇരുന്നു ചർച്ചകൾ നടത്താനുമുള്ള സൗകര്യങ്ങളെല്ലാം സംഘാടകസമിതി മുൻകൂട്ടിത്തന്നെ ചെയ്തിരുന്നു. കഞ്ഞിക്കുഴി പഞ്ചായത്തിൽ നാലും മാരാരിക്കുളം വടക്കുപഞ്ചായത്തിൽ രണ്ടും കേന്ദ്രങ്ങളിലാണ് സന്ദർശനം നടത്തിയത്.



ഉത്ഘാടനനെത്തിയ മുഖ്യമന്ത്രിയെ നാടൻ നേന്ത്രക്കുല നൽകി സ്വീകരിക്കുന്നു.

നാളീകേര വികസന ബോർഡിന്റെ സഹായത്തോടെ അയ്യപ്പൻ ചേരി കേര ക്ലസ്റ്റർ പ്രദേശത്തു നടന്ന പ്രവർത്തനങ്ങളാണ് എ ഗ്രൂപ്പിന്റെ ആദ്യസന്ദർശനം. തെങ്ങും ഇടവിളകളും നിറഞ്ഞു നിൽക്കുന്ന തോട്ടങ്ങൾ സന്ദർശിച്ചവർക്ക് തെങ്ങിലെ ഉല്പാദനവർദ്ധനവിന് ഇടവിളകൃഷി ഒരു വിജയമാണെന്ന് നേരിൽ കണ്ടു പഠിക്കാനൊരവസരമായിരുന്നു. തുടർന്ന് നടന്ന ചർച്ച നാളികേരസംസ്കരണ യൂണിറ്റിലായിരുന്നു. പരിശീലനം സിദ്ധിച്ച കുടുംബശ്രീ പ്രവർത്തകർ ഇളനീർ ഉപയോഗിച്ചുണ്ടാക്കുന്ന സ്ക്വാഷ് നിർമ്മാണവും ഇളനീർകാമ്പ് ഉപയോഗിച്ചു അച്ചാർ തയ്യാറാക്കുന്നതും പ്രതിനിധികളെ പരിചയപ്പെടുത്തി. കൂടാതെ ഫിറമോൺകെണി ഉപയോഗിച്ച് ചെമ്പൻ ചെല്ലി, കൊമ്പൻചെല്ലി എന്നിവയെ നിയന്ത്രിക്കുന്ന വിദ്യ, യന്ത്രമുപയോഗിച്ചുള്ള തെങ്ങുകയറ്റം എന്നിവ നേരിൽകണ്ടു മനസ്സിലാക്കാനും അവസരമുണ്ടായി. രണ്ടാമത് നടന്ന മാതൃകാപുരയിടക്കൃഷി ഗ്രൂപ്പ് ഹരിദാസ്, കണ്ണർ ക്കാട് ജയൻ എന്നിവരുടെ ഭവനങ്ങൾ സന്ദർശിച്ച് ഒരിഞ്ചും തരിശിടാത്ത വീട് വളപ്പുകൃഷി ദർശിച്ചു. പൊന്നിട്ടുശ്ശേരി കാർഷിക ഗ്രന്ഥശാലയിൽ സമ്മേളിച്ച് ചർച്ചകളും നടത്തി.

കഞ്ഞിക്കുഴി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പഴം പച്ചക്കറി സംസ്കരണ യൂണിറ്റിലെ സന്ദർശനവും പഠിതാക്കൾക്ക് ഏറെ കൗതുകം ജനിപ്പിച്ചു. മാങ്ങ, ഇഞ്ചി, പപ്പായ, ശതാവരി, നാരങ്ങാ തുടങ്ങിയവ ഉപയോഗിച്ചുള്ള അച്ചാറുകൾ, സ്ക്വാഷുകൾ, സോളാർ ഡ്രയറിൽ പച്ചക്കറികൾ ഉണക്കി സൂക്ഷിക്കുന്നവിധം തുടങ്ങിയ പ്രവർത്തനങ്ങൾ ഇവിടെ നേരിൽ കാണാനായി. വിവിധ പഞ്ചായത്തുകളിലെ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നു തെരെഞ്ഞെടുത്തവരും പ്രത്യേക പരിശീലനം ലഭിച്ചവരുമായ വനിതകളാണ് ഇവിടെ വിവിധ ഉല്പന്നങ്ങൾ തയ്യാറാക്കുന്നത്. കൃഷി ചെയ്ത് ഉല്പന്നങ്ങൾ നേടുന്നത് പോലെ പ്രധാനപ്പെട്ടതാണ് മൂല്യ വർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്നതെന്നും ഈ കേന്ദ്രം സന്ദർശിച്ചവരെ ബോദ്ധ്യപ്പെടുത്തി. സംസ്കരണശാലയുടെ മുന്നിലെ പന്തലിലായിരുന്നു ചർച്ചവേദി.

തുടർന്നുള്ള സന്ദർശനം കഞ്ഞിക്കുഴി പി.ഡി.എസ്സ് പച്ചക്കറി വിപണനകേന്ദ്രത്തിലായിരുന്നു. നാടൻ പച്ചക്കറികൾ ശേഖരിച്ച് നടത്തുന്ന വിപണനം നാട്ടിലെ കൃഷിക്കാർക്ക് എപ്രകാരമെല്ലാം പ്രയോജനപ്പെടുമെന്ന് ഇതിന്റെ പ്രവർത്തകർ വിശദീകരിച്ചു. ദേശീയപാതയ്ക്കു സമീപം നടക്കുന്ന പച്ചക്കറി വിപണനം പുറമെനിന്നും നൂറുകണക്കിനുപേർ പ്രയോജനപ്പെടുത്തുന്നു. കേരളത്തിലെ ഓരോ പഞ്ചായത്തും ഓരോ പച്ചക്കറി വിപണന കേന്ദ്രമാരംഭിക്കുന്നതു തന്നെ ഈ രംഗത്തെ വികസന സാദ്ധ്യത പത്തിരട്ടി വർദ്ധിപ്പിക്കുമെന്ന് പലരും അഭിപ്രായപ്പെട്ടു. കഞ്ഞിക്കുഴി പോലെതന്നെ മാരാരിക്കുളം വടക്കുപഞ്ചായത്ത് പി.ഡി.എസ് വിപണന കേന്ദ്രവും പഠിതാക്കൾ സന്ദർശിച്ചു. എസ്.എൻ കോളേജിനു മുൻവശത്തെ പി.ഡി. എസ്സ് താൽക്കാലിക പന്തലിൽ അംഗങ്ങൾ ഒത്തുചേർന്ന് ചർച്ചകളും



നടത്തി.

മാരാരിക്കുളം വടക്കുപഞ്ചായത്തിൽ നാളികേരബോർഡിന്റെ സഹായത്തോടെ നടപ്പാക്കുന്ന ബയോഹെഡ്ജിംഗ് വില്ലേജ് പ്രോഗ്രാം അഥവാ കടപ്പുറത്തെ ജൈവ വിള സംരക്ഷണം സന്ദർശകരെ കൂടുതൽ ആകർഷിച്ചു. ഇന്നലെ വരെ മത്സ്യബന്ധനം മാത്രം തൊഴിലാക്കിയവരാണ് ഇന്ന് ഒരു ഉപതൊഴിലായി പച്ചക്കറികൾ കൃഷി ചെയ്യുന്നത്. എല്ലാ വീടുകളിലും ചേനയും വാഴയും മരച്ചീനിയും മഞ്ഞളും പച്ചക്കറികളുമുണ്ട്. മിക്കവർക്കും അഞ്ചും പത്തും സെന്റു ഭൂമിയേയുള്ളൂ. ഉള്ള സ്ഥലത്ത് ഏതാനും പച്ചക്കറികൾ കൂടി നിറയ്ക്കാനുള്ള തീരദേശ നിവാസികളുടെ സംരംഭത്തെ പഠിതാക്കൾ പ്രശംസിക്കാനും മടിച്ചില്ല. ആറാമത്തെ സന്ദർശനം കണിച്ചുകുളങ്ങര അഭിലാഷം സ്വാശ്രയ സംഘത്തിന്റെ ചേനക്കൃഷിയായിരുന്നു. സംഘത്തിലെ പത്തുപേർ ചേർന്നു കൃഷി ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ചേനക്കൃഷിയും പയർകൃഷിയും നടത്തുന്നു. ഒപ്പം 60 സെന്റുസ്ഥലത്തെ നെൽക്കൃഷിയുമുണ്ട്. നിലം സംഘം രണ്ടുവർഷം മുമ്പു വിലയ്ക്കുവാങ്ങിയതാണ്. കാർഷികരംഗത്ത് സ്വാശ്രയഗ്രൂപ്പുകൾക്ക് എന്തൊക്കെ ചെയ്യാനാകുമെന്ന് 'അഭിലാഷം' പഠിതാക്കളെ പഠിപ്പിക്കാൻ പോന്നതായിരുന്നു.

### ഉദ്ഘാടനം ഔപചാരികമായി പ്രൗഢഗംഭീരമായി

ഫീൽഡ് സന്ദർശനം കഴിഞ്ഞ് പഠിതാക്കളെല്ലാം ഇല്ലത്തുകാവിലെത്തുമ്പോൾ വൈകിട്ട് മണി നാല്.

കുടുംബശ്രീ അംഗങ്ങൾ, കർഷകർ, പൊതുജനങ്ങൾ അടക്കം മൂവായിരത്തിലധികം പേർ ഉദ്ഘാടന സമ്മേളനത്തിൽ പങ്കുകൊണ്ടു. പച്ചക്കറി സംസ്ഥാന ശില്പശാല ഉദ്ഘാടനം ചെയ്യാനെത്തിയ മുഖ്യമന്ത്രിയെ വമ്പിച്ച ഹർഷാരവങ്ങളോടെ വേദിയിലേക്കാനയിച്ചു. ഉദ്ഘാടന സമ്മേളനത്തിൽ ധനമന്ത്രി ഡോ. തോമസ് ഐസക് അദ്ധ്യക്ഷത വഹിച്ചു. നെല്ലിന്റെ കാര്യത്തിലെന്നപോലെ തന്നെയാണ് പച്ചക്കറിയുടെ അവസ്ഥയെന്നു ഉദ്ഘാടന പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ച മുഖ്യമന്ത്രി ചെറുപ്പക്കാർ കൃഷിയിലേയ്ക്കു തിരിയണമെന്ന് എടുത്തു പറയുകയുണ്ടായി. പച്ചക്കറികൾ കൃഷിചെയ്യുന്ന നമ്മുടെ സ്ത്രീകളോടൊപ്പം ചേർന്ന് തൊഴിലും വരുമാനവുമുണ്ടാക്കാൻ ശ്രമിച്ചാൽ നാട്ടിൽ നല്ല പച്ചക്കറികൾ-വിഷമയമില്ലാത്ത പച്ചക്കറികൾ- ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഡോ.കെ.എസ്. മനോജ് എം.പി, സംസ്ഥാന ആസൂത്രണ ബോർഡ് അംഗം സി.പി. നാരായണൻ, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് കെ. നാരായണൻ, ജില്ലാ കളക്ടർ വി.കെ. ബാലകൃഷ്ണൻ തുടങ്ങിയവർ ആശംസാ പ്രസംഗങ്ങൾ നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റും സംഘാടക സമിതി ചെയർമാനുമായ ആർ. നാസർ സ്വാഗതവും കില ഡയറക്ടർ പ്രൊഫ. എൻ രമാകാന്തൻ കൃതജ്ഞതയും പറഞ്ഞു.

### ഇല്ലത്തുകാവിലെ സായന്തനം നിശബ്ദതഭേദിച്ച് തുറന്ന ചർച്ചാവേദി

വൈകിട്ട് 6 മണിമുതൽ നടന്ന ഓപ്പൺ ഫോറവും ഇല്ലത്തുകാവ് ഉദ്ഘാടന വേദിയിലായിരുന്നു. മുന്നൂറോളം വരുന്ന പ്രതിനിധികൾക്കായി സംഘടിപ്പിച്ച തുറന്ന ചർച്ച ഉദ്ഘാടനം ചെയ്തത് ജസ്റ്റീസ് കെ.കെ. നരേന്ദ്രൻ ആയിരുന്നു. കഞ്ഞിക്കുഴി ജൈവ പച്ചക്കറി സംരംഭത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ സന്തോഷമുണ്ടെന്നും ജൈവകൃഷി ചെയ്യുന്ന ഏതാനും കുടുംബങ്ങളെ നേരിൽ ചെന്നുകണ്ടപ്പോൾ അവർ കൂടുതൽ സഹായത്തിന് അർഹരാണെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും ജസ്റ്റീസ് നരേന്ദ്രൻ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. തുറന്ന ചർച്ചയിൽ മോഡറേറ്റർ ആയിരുന്നത് വി.എഫ്. പി.സി.കെ. ചീഫ് എക്സിക്യൂട്ടീവ് ഡോ. റ്റി. ആർ. ഗോപാലകൃഷ്ണനായിരുന്നു.

പച്ചക്കറി കൃഷിക്ക് ഉല്പാദന ബോണസ്സ്, കാർഷിക സർവ്വകലാശാലയുടെ വിത്തിന് തീവില, ബയോഗ്യാസ് പ്ലാന്റിന് പ്രോത്സാഹനം പോര, റയ്ഡ്കോയും, കെയ്ഡ്കോയും നൽകുന്ന വിത്തും പമ്പുമെല്ലാം ഗുണമേന്മ കുറഞ്ഞത്. വിലക്കൂടുതൽ തൊഴിലുറപ്പ് പച്ചക്കറികൃഷിക്ക് ഗുണകരമാക്കാനാകുമോ തുടങ്ങിയ ഒട്ടേറെ സംശയങ്ങളും ആവശ്യങ്ങളും പ്രതിനിധികൾ ഉന്നയിച്ചു. അവയ്ക്കെല്ലാം വിദഗ്ദ്ധർ മറുപടി പറഞ്ഞു. തുടർന്ന ചർച്ചകളിൽ ശ്രദ്ധിച്ച് വേദിയിലിരുന്ന പ്ലാനിംഗ് ബോർഡ് മെമ്പർ സി.പി.യും ധനമന്ത്രി ഡോ. തോമസ് ഐസക്കും പ്രതിനിധികളുടെ നിർദ്ദേശങ്ങളെല്ലാം പരിഗണനയിലെടുക്കുമെന്നും പറഞ്ഞു.

കഞ്ഞിക്കുഴിയിലെ ഇല്ലത്തുകാവ് മനോഹരമായ പ്രകൃതി ദൃശ്യങ്ങളിലൊന്നായിമാറിക്കഴിഞ്ഞു. നൂറോളം ചെറുപുന്നകളാണ് ഈ കാവിന്റെ ശക്തിയും സൗന്ദര്യവും. പഴയകാലത്തെ നടുതല കൃഷി പുന്നക്കരിയിലെയും അവ കത്തിച്ച ചാരവുമായിരുന്നു. ഒപ്പം ചാണകവും കുളങ്ങളിലെ പായലും ഉപയോഗിച്ചായിരുന്നു മുമ്പൊക്കെ ഇവിടെ ജൈവപച്ചക്കറികൾ സുലഭമാക്കിയിരുന്നത്. നാട്ടിലെ പുന്നകളെല്ലാം തീർന്നു. അവശേഷിച്ചത് ഈ കാവിൽ മാത്രം. ഗ്രാമപഞ്ചായത്തിനും സ്വകാര്യവ്യക്തികൾക്കുമായി ഒരേക്കർ സ്ഥലത്താണ് കാവ്. പച്ചക്കറി തറവില പ്രഖ്യാപനത്തിന് ഗാനഗന്ധർവ്വൻ ഡോ. കെ.ജെ. യേശുദാസ് മൂന്നുമാസം മുമ്പ് എത്തിയതും ഇല്ലത്തുകാവിലാണ്. ധാരാളം സിനിമ, സീരിയൽ ഷൂട്ടിംഗുകളും ഇവിടെ നടക്കാറുണ്ട്. പച്ചക്കറി കൃഷി സംസ്ഥാന ശില്പശാലയുടെ ഉദ്ഘാടന വേദിയായത് തികച്ചും ഉചിതമായി. കൃഷിഭവന്റെ സഹായത്തോടെ അഞ്ചുസെന്റ് സ്ഥലത്ത് കഞ്ഞിക്കുഴി മാതൃകാ പച്ചക്കറി ഗ്രാമത്തിന്റെ ഒരു പ്രദർശനത്തോട്ടവും ശ്രദ്ധേയമായി. ഉദ്ഘാടന സമാപനവേദികളെ ആകർഷിക്കാൻ ചട്ടികളിലും ചാക്കുകളിലുമായി വളർത്തിയ പൂവും കായും നിറഞ്ഞ നൂറുകണക്കിന് പച്ചക്കറിച്ചെടികൾ, ചാക്കിൽ വളർത്തി കുലപ്പിച്ച കുറ്റൻ റോബസ്റ്റ വാഴ എന്നിവ നിരത്തിയതും ശില്പശാലയെ അർത്ഥപൂർണ്ണമാക്കി.

### രണ്ടാംദിവസം പ്രോജക്ട്ക്ലിനിക്കുകളോടെ തുടക്കം

ദേശീയ പാത രണ്ടു കിലോമീറ്ററിലധികം നീളത്തിൽ അതിരിടുന്നതാണ് കഞ്ഞിക്കുഴി, മാരാരിക്കുളം വടക്കു പഞ്ചായത്തുകൾ. രണ്ടാം ദിവസം മാരാരിക്കുളം വടക്കു പഞ്ചായത്തതിർത്തിയുള്ള എസ്.എൻ കോളേജിലാണ് പരിപാടികൾ നടന്നത്. ഏഴ് ക്ലാസ് മുറികളിലായി ഏഴ് വിഷയങ്ങളെ അധികരിച്ചുള്ള സമാന്തര സെഷനുകൾ കൃത്യം പത്തുമണിക്കാരംഭിച്ചു. പഠിതാക്കൾക്ക് ഇഷ്ടമുള്ള വിഷയം തെരഞ്ഞെടുക്കുവാനവസരം നൽകി.

### വിഷയങ്ങൾ

1. ജൈവപച്ചക്കറികൃഷി പ്രശ്നങ്ങളും സാധ്യതകളും.
2. സംയോജിത കീട നിയന്ത്രണത്തിലെ നൂതന പ്രവർത്തനങ്ങൾ.
3. നാടൻ വിത്തിനങ്ങളുടെ നിർദ്ധാരണവും സംരക്ഷണവും.
4. പഴം പച്ചക്കറി സംസ്ക്കരണ രീതികളും മൂല്യവർദ്ധനവും.
5. ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയും കാർഷിക വികസനവും.
6 കുടുംബശ്രീ സ്വയം സഹായ സംഘങ്ങളും കാർഷികവികസനവും.
7. പച്ചക്കറി വിപണനവും തറവില നിശ്ചയിക്കലും.

ഈ സെഷനുകൾ നയിക്കുന്നതിന് പ്രശസ്തരായ ശാസ്ത്രജ്ഞൻമാർ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, അനുഭവസമ്പത്തു നേടിയ ജനപ്രതിനിധികൾ, പി.ഡി.എസ് ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു. ആർ. ഹേലി, ഡോ. ആർ.ആർ നായർ, പി.എ. സിദ്ധാർത്ഥ മേനോൻ തുടങ്ങി മുപ്പതോളം വിദഗ്ദ്ധർ ഏഴു സെഷനുകളിലായി നടന്ന ചർച്ചകൾക്ക് നേതൃത്വം നൽകി. പിന്നീട് ഈ സെഷനുകളിലെ കൺവീനർമാർ പ്ലീനറി സെഷനിൽ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. ശില്പശാലയുടെ തന്നെ പ്രാധാന്യമുൾക്കൊള്ളുന്ന പ്ലീനറി സെഷനിൽ മോഡറേറ്ററായിരുന്നത് തദ്ദേശഭരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പ്രൊഫസർ പി.കെ. രവീന്ദ്രൻ ആയിരുന്നു. പ്ലീനറി സെഷനിൽ കൺവീനർമാരുടെ അവതരണങ്ങൾ സശ്രദ്ധം വീക്ഷിച്ച് പ്രതിനിധികളോടൊപ്പം സദസ്സിൽ ധനമന്ത്രി ഡോ. തോമസ് ഐസക്കുമുണ്ടായിരുന്നു.




### സമാപന സമ്മേളനം പച്ചക്കറികൃഷി വികസനത്തിന് പുതിയ അദ്ധ്യായം

രണ്ടു ദിവസങ്ങളിലായി നടന്ന ശില്പശാലയുടെ സമാപനം അത്യന്തം ശ്രദ്ധേയമായിരുന്നു. എസ്.എൻ കോളേജ് ഓഡിറ്റോറിയത്തിൽ മാരാരിക്കുളത്തെ കുടുംബശ്രീ അയൽക്കൂട്ടം പ്രവർത്തകരും കർഷകരുമടക്കം വമ്പിച്ച ഒരു ജനാവലി പങ്കെടുത്തു. സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യാൻ തദ്ദേശഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി മുൻകൂട്ടിത്തന്നെ സന്നിഹിതനായിരുന്നു.

അദ്ധ്യക്ഷത വഹിച്ചത് സഹകരണ വകുപ്പുമന്ത്രി ജി. സുധാകരൻ ആയിരുന്നു. പച്ചക്കറി വികസനത്തിന് കർഷകർക്കു വായ്പയായും മറ്റു പ്രോത്സാഹനങ്ങളായും സഹകരണവകുപ്പുമുന്നിലുണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു. പച്ചക്കറി ഉല്പാദനം കൂട്ടാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്കാവുമെന്ന് തെളിയിച്ച കഞ്ഞിക്കുഴി, മാരാരിക്കുളം വടക്കുപഞ്ചായത്തുകളെ അഭിനന്ദിച്ചുകൊണ്ടാണ് തദ്ദേശഭരണ വകുപ്പുമന്ത്രി പ്രസംഗമാരംഭിച്ചത്. ഈ രീതിയിൽ എല്ലാ പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും പ്രവർത്തിച്ചാൽ രണ്ടുകൊല്ലം കൊണ്ട് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടാമെന്നും അദ്ദേഹം പറഞ്ഞു. പതിനൊന്നാം പദ്ധതിയുടെ അവസാനം നാം ആ ലക്ഷ്യത്തിലെത്തണമെന്നും മന്ത്രി സദസ്സിനെ ഓർമ്മപ്പെടുത്തി.

### പച്ചക്കറി സ്വാശ്രയത്വം മാരാരിക്കുളം പ്രഖ്യാപനം

കേരളത്തിലെ പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും പച്ചക്കറി സ്വാശ്രയത്വ പ്രദേശങ്ങളാകാൻ ലക്ഷ്യമിടുന്ന പ്രഖ്യാപനം സമാപന സമ്മേളനത്തിൽ ധനമന്ത്രി ഡോ. തോമസ് ഐസക് അവതരിപ്പിച്ചത് ശില്പശാലയുടെ മഹത്തായ ഒരു നേട്ടമായി കണക്കാക്കാം. പഠിതാക്കളോ സംഘാടകരോ പ്രതീക്ഷിച്ചതിനപ്പുറം ദൂരവ്യാപകമായ ഫലമുണ്ടാക്കാൻ പോന്നതും പച്ചക്കറി കൃഷിക്ക് ഒരു പുതിയ അദ്ധ്യായം തന്നെ കുറിച്ചതുമായ പ്രഖ്യാപനത്തിന്റെ ഒരു കോപ്പി ലഭിക്കുവാൻ മാധ്യമ പ്രവർത്തകരും പഠിതാക്കളും കാണിച്ച ആവേശം സംഘാടകരെ അമ്പരിപ്പിച്ചു.

എല്ലാവീടുകളിലും പച്ചക്കറികൃഷി ചെയ്യണം. റബ്ബർ, തേയില ഒഴിച്ചുള്ള കൃഷി ഭൂമിയിൽ അമ്പതു ശതമാനം സ്ഥലത്തെങ്കിലും ഇടവിളയായോ, തുടർവിളയായോ പച്ചക്കറികൾ കൃഷിചെയ്യണം. പദ്ധതിവിഹിതത്തിന്റെ 5% പച്ചക്കറി പ്രോജക്ടിനായി മാറ്റണം. പച്ചക്കറി വിപണനത്തിന് തദ്ദേശഭരണ സ്ഥാപനം സൗകര്യമൊരുക്കണം, 10% കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഭക്ഷ്യസംസ്ക്കരണ സൂക്ഷ്മ തൊഴിൽ സംരംഭങ്ങളിലേർപ്പെടണം എന്നിവയായിരുന്നു ആ പ്രഖ്യാപനത്തിന്റെ കാതലും നിർദ്ദേശവും. ഈ പ്രഖ്യാപനത്തിന് സർക്കാർ തലത്തിൽ കൂടുതൽ അംഗീകാരവും നിർദ്ദേശങ്ങളും ലഭിക്കുമെന്ന ശുഭ പ്രതീക്ഷയിലും തങ്ങളാലാവുന്ന ശ്രമങ്ങൾ നടത്തുമെന്ന പ്രതിജ്ഞയെടുത്തുകൊണ്ടുമാണ് കേരളത്തിലെ നൂറിലേറെ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളായെത്തിയ പഠിതാക്കൾ ശിൽപശാല സമാപിച്ചു പിരിഞ്ഞത്.

*ലേഖകൻ*
*കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ*
*മുൻ കൃഷി ആഫീസറാണ്*

കേരളത്തിന്റെ നാനാ ഭാഗങ്ങളിലേയ്ക്ക് എത്തിയിരുന്ന തഴപ്പായകളുടെ ഉറവിടം തഴവ എന്ന കൊച്ചു ഗ്രാമമാണെന്നറിയുമ്പോൾ അവിടെയെത്തുന്നവരെ അതിശയിപ്പിക്കുന്ന ഒരു വസ്തുതയുണ്ട്. തഴവയിലെ ഗ്രാമീണരുടെ ജീവിതം.

KUDUMBASHREE

**സ്ത്രീ കൂട്ടായ്മയുടെ വിജയഗാഥ**

# തഴയുടെ തണലിൽ നിന്ന്



**ജെസി നാരായണൻ**

കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിലെ ഒട്ടുമിക്ക വീട്ടുവളപ്പുകളും വേലികെട്ടി മറച്ചിരിക്കുന്നത് കൈത(തഴ)ച്ചെടികൾക്കൊണ്ടാണ്. ചീങ്കണ്ണിയുടെ പല്ലുകൾപോലെ തഴയോലയുടെ ഇരുവശവും അടുക്കായി നിൽക്കുന്ന മുള്ളുകൾ കാലാകാലങ്ങളായി ഈ ദേശക്കാരുടെ അതിരുകൾക്ക് സംരക്ഷണം നൽകിവരുന്നു. പരുഷമായ മുള്ളുകരങ്ങൾക്കൊണ്ട് അതിരു കാക്കുന്നതോടൊപ്പം മനുഷ്യന്റെ സുഖനിദ്രയ്ക്ക് മൃതുത്വവും കുളിർമയുമുള്ള മെത്തപ്പായയായും കൈതകൾ ഈ ഗ്രാമത്തെ അനുഗ്രഹിക്കുന്നു.

തഴവ ഗ്രാമത്തിന് ഈ പേരു വന്നതുതന്നെ ഇവിടുത്തെ തഴയുടെ സമൃദ്ധികൊണ്ടാണ്. ആധുനികതയുടെ ഉല്പന്നങ്ങളായ സ്പോഞ്ച് മെത്ത എത്തുന്നതിനു മുമ്പ് കേരളത്തിലെ എല്ലാ വീടുകളിലും തഴപ്പായകൾ ഒരു അവിഭാജ്യഘടകമായിരുന്നു. പണമുള്ളവർ താരതമ്യേന വിലക്കൂടുതലും ഈടുമുള്ള മെത്തപ്പായകൾ ഉപയോഗിച്ചുപോന്നു. കേരളത്തിന്റെ നാനാ ഭാഗങ്ങളിലേയ്ക്ക് എത്തിയിരുന്ന ഈ തഴപ്പായകളുടെ ഉറവിടം തഴവ എന്ന കൊച്ചു ഗ്രാമമാണെന്നറിയുമ്പോൾ അവിടെയെത്തുന്നവരെ അതിശയിപ്പിക്കുന്ന ഒരു വസ്തുതയുണ്ട്. തഴവയിലെ ഗ്രാമീണരുടെ ജീവിതം. ഓലകൾ വെട്ടി കുറ്റിയായി നിൽക്കുന്ന തഴച്ചെടികൾ ആ കുറ്റിയിൽനിന്ന് വീണ്ടും തളിർക്കുന്നു. പ്രതീക്ഷകളോടെ നാലുഭാഗത്തേയ്ക്കും കൈകൾ വിരിച്ചു വളരുന്നു. അപ്പോഴേക്കും എത്തുകയായി നെയ്ത്തുകാരുടെ അരിവാളുകൾ. വീണ്ടും കുറ്റിച്ച ജീവിതത്തിലേയ്ക്ക് മടങ്ങുകയും പതുക്കെപ്പതുക്കെ ജീവിതം കരുപ്പിടിപ്പിക്കുകയും ചെയ്യുന്നു. ഉയർച്ചതാഴ്ചകളുടെ ആ കാഴ്ചതന്നെയാണ് തഴവക്കാരുടെ ജീവിതത്തിലും.

തഴപ്പായ നിർമ്മാണം ലാഭകരമായ ഒരു കുടിൽവ്യവസായമായി പരമ്പരാഗതമായി കൊണ്ടുനടക്കുന്ന തഴവക്കാർക്ക് ദാരിദ്ര്യത്തിൽനിന്ന് മുക്തിയില്ലാത്തതിന്റെ പിന്നിൽ ഇടനിലക്കാരുടെ ചൂഷണമാണ്. തഴവയിൽനിന്ന് നൂറു രൂപയ്ക്ക് ഏജന്റുമാർ വാങ്ങുന്ന പായയ്ക്ക് കോഴിക്കോട്ടങ്ങാടിയിലെത്തുമ്പോഴേയ്ക്കും വില ഇരുനൂറായി. നൂറു വീടുകളിൽനിന്ന് ഓരോ പായ വാങ്ങുമ്പോൾ രണ്ടു ദിവസത്തെ അദ്ധ്വാനത്തിന് ഓരോരുത്തർക്കും കിട്ടുന്നത് നൂറു രൂപ. ആ കച്ചവടത്തിൽ ഒരു ദിവസത്തെ അദ്ധ്വാനത്തിന് ഏജന്റിനു കിട്ടുന്നത് അയ്യായിരം മുതൽ എണ്ണായിരം വരെ. ഇങ്ങനെ പതിനായിരം പായയുമായി കച്ചവടത്തിന് പോകുന്ന ഇടനിലക്കാരൻ മടങ്ങിയെത്തുമ്പോഴേയ്ക്കും കീശയിൽ വീഴുന്നത് ലക്ഷങ്ങളുടെ നോട്ടുകൾ. അന്നം മുടങ്ങാതെ ജീവിക്കണമെന്ന ആഗ്രഹവുമായി കൈതയോലകളോട് പടവെട്ടിക്കഴിയുന്ന തഴവയിലെ ഗ്രാമീണർക്ക് കുറ്റിക്കൈതയുടെ ഗതികേട് ആവർത്തനമാകുന്നു. ഗ്രാമത്തിൽ അവിടവിടെയായി കാണുന്ന കോൺക്രീറ്റ് കെട്ടിടങ്ങൾ ചിലർ ഗൾഫിൽ വിയർപ്പൊഴുക്കിയതിന്റെ ഫലമാണ്.

ഇനി തഴവയിലെ കുടുംബശ്രീ ഇടപെടലിനെക്കുറിച്ച് അന്വേഷിക്കാം. മൂന്നു വർഷം മുമ്പ് ഇവിടുത്തെ അയൽക്കൂട്ടങ്ങളെ സംഘടിപ്പിച്ച് തഴയുല്പന്നങ്ങളുടെ ഒരു യൂണിറ്റ് ആരംഭിക്കാൻ കുടുംബശ്രീ നടത്തിയ പരിശ്രമം പാഴായില്ല. പത്തുപേർ ചേർന്ന് 'മഹിമ' എന്ന പേരിൽ സൊസൈറ്റി രൂപീകരിച്ചതോടെ ചൂഷിത വലയങ്ങളിൽ നിന്നുള്ള മോചനമായി. വർഷങ്ങളായി സ്വന്തം മുറ്റത്ത് കുത്തിയിരുന്ന് യാന്ത്രികമായി തഴപ്പായ നെയ്തിരുന്ന പാവപ്പെട്ട സ്ത്രീകൾക്ക് ഇന്ന് കുടുംബശ്രീ പ്രതീക്ഷയുടെ നാളുകളാണ് സമ്മാനിക്കുന്നത്. ചെയ്യുന്ന ജോലിക്ക് ചിട്ടയുണ്ടായി. യാന്ത്രികമായി ചെയ്തിരുന്ന ജോലി സംഘമായി ചെയ്യുമ്പോൾ ഉൽസാഹത്തിന്റെ നിമിഷങ്ങൾ കടന്നുപോകുന്നത് അറിയുന്നില്ല. ദിവസങ്ങൾക്ക് അർത്ഥമുണ്ടായതുപോലെ.

മഹിമ യൂണിറ്റ് ആരംഭിക്കുമ്പോൾ മുന്നിലുണ്ടായിരുന്ന വെല്ലുവിളികൾ പലതായിരുന്നു. ഒന്ന് തഴയുടെ ദൗർലഭ്യം. മുമ്പ് എല്ലാ വീട്ടിലും വേലിച്ചെടിയായി വളർത്തിയിരുന്ന കൈതകൾ കോൺക്രീറ്റ് കെട്ടിടങ്ങൾക്ക് ഭൂഷണമല്ലെന്നു വന്നപ്പോൾ പകരം മതിലുകൾ വന്നു. ദൂരസ്ഥലങ്ങളിൽ പോയി കൈതോലകൾ ശേഖരിച്ച് ചുമന്നുകൊണ്ടു വന്നാലേ രക്ഷയുള്ളുവെന്നായി. പണ്ടൊക്കെ സൗജന്യമായി ലഭിച്ചിരുന്ന ഓലയ്ക്ക് ഇപ്പോൾ ന്യായമായ വില കൊടുക്കണം.

മറ്റൊരു പ്രതിസന്ധി മലയാളികളുടെ മാറിയ ഉപഭോക്തൃസംസ്ക്കാരമാണ്. വിവിധ ബ്രാന്റുകളിലുള്ള കിടക്കകൾ വന്നതോടെ തഴപ്പായ പുറന്തള്ളപ്പെട്ടു. നിലത്ത് പായവിരിച്ചിരുന്ന് സദ്യയുണ്ണുന്ന കാലവും പോയി. പിന്നെ തഴപ്പായയ്ക്ക് എവിടെയാണ് മാർക്കറ്റ്? അതും ഇടനിലക്കാരനില്ലാതെ നേരിട്ട് വിൽക്കാൻ തയ്യാറാവുമ്പോൾ.

ഈ വെല്ലുവിളി മുൻനിർത്തിക്കൊണ്ടാണ് ആധുനികതയുടെ ആവശ്യങ്ങൾ മുന്നിൽക്കണ്ടുകൊണ്ടുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുവാനുള്ള പരിശീലനക്ലാസ്സുകൾ കുടുംബശ്രീ സംഘടിപ്പിച്ചത്. അങ്ങനെ പായയോടൊപ്പം കരകൗശല ഉല്പന്നങ്ങളും ഫയൽ, ബാഗ് തുടങ്ങിയവയും മഹിമക്കാർ ഉണ്ടാക്കിത്തുടങ്ങി. പല നിറങ്ങളിൽ, പല രൂപങ്ങളിൽ എക്സിബിഷനുകളിലെത്തിയ ഈ പുതിയ വസ്തുക്കൾ ആളുകളെ ആകർഷിച്ചു. ഇത് മഹിമ യൂണിറ്റിന് പുതുജീവൻ പകർന്നു.

ഏജന്റുമാരെ ഒഴിവാക്കിക്കൊണ്ട് നേരിട്ട് വിപണനം നടത്താനുള്ള ശാസ്ത്രീയപരിശീലനം ലഭിച്ചതോടെ ഇവർക്ക് ആത്മവിശ്വാസവും ഉൽസാഹവും വർദ്ധിച്ചു. ഫയലുകളും വിവിധതരം ബാഗുകളും കൂടാതെ, തൊപ്പി, പെൻബോക്സ്, മൊബൈൽഫോൺ സ്റ്റാന്റ്, ടേബിൾ മാററ്, ആഭരണപ്പെട്ടി, കുഷ്യൻകവർ, ചെരുപ്പ് എന്നിങ്ങനെ വൈവിധ്യമാർന്ന ഉല്പന്നങ്ങൾ മഹിമക്കാർ ഇപ്പോൾ വിപണിയിലെത്തിക്കുന്നുണ്ട്.



തിരുവനന്തപുരത്ത് എസ് എ ടി ഹോസ്പിറ്റലിൽ കാർഡിയോളജിസ്റ്റുകൾക്കായി സംഘടിപ്പിച്ച സെമിനാറിൽ 50000 രൂപയുടെ ബാഗുകൾക്ക് മഹിമയ്ക്ക് ഓർഡർ കിട്ടിയിരുന്നു. താലിമാല പണയംവച്ചാണെങ്കിലും മുതൽ മുടക്കിക്കൊണ്ട്, അവർ നിശ്ചിത സമയത്തിനുള്ളിൽ ആ ഓർഡർ ഏറ്റെടുത്ത് ചെയ്തു. ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് തഴപ്പായകൾക്ക് മാർക്കറ്റുണ്ടെന്ന തിരിച്ചറിവ് ഇവർക്ക് പുതിയ ഉന്മേഷം നൽകിയിരിക്കുകയാണ്.

സംഘമായി പ്രവർത്തിക്കാൻ തുടങ്ങിയതോടെ അദ്ധ്വാനം ഇവർക്കിപ്പോൾ ആഘോഷമാണ്. തഴ വെട്ടാൻ പോകുന്നതും സംഘം ചേർന്നാണ്. ദൂരസ്ഥലങ്ങളിലേയ്ക്ക് നടന്നുപോയി തലയിൽ ചുമ്മിക്കൊണ്ടു വരുന്ന തഴ പല പ്രോസസിങ്ങും കഴിഞ്ഞ ശേഷമാണ് നെയ്യാനായി തയ്യാറാവുന്നത്. മുള്ളുകൊള്ളാതെ തഴയോലകൾ മുറിച്ചെടുക്കുന്നത് ആയാസകരമായ ജോലിയാണ്. എങ്ങനെ സൂക്ഷിച്ചാലും എത്ര കാലത്തെ പരിചയമുണ്ടെങ്കിലും മുള്ളുകൊള്ളുമെന്നുറപ്പാണ്. കൈത്തണ്ടകളിൽ മുള്ളു വലിഞ്ഞാൽ അവിടെ രക്തം പനിച്ചുകിടക്കും. വിയർപ്പൊഴുകുമ്പോൾ മുറിവുകളിൽ അസഹനീയമായ നീറ്റലുണ്ടാവും. എന്നാൽ ഇതൊക്കെ തഴവക്കാർ നിസ്സാരമായി തള്ളിക്കളയും.

മുള്ളുകളഞ്ഞ ഓലകൾ ഇഴകളായി കീറിയെടുത്ത് പുഴുങ്ങി പുളി കളയണം. രണ്ടു ദിവസം വെള്ളത്തിലിട്ടശേഷമേ ഉണക്കാനിടൂ. പല വലുപ്പത്തിലുള്ള ഇഴകൾ ഓരോ പിടിയായി കെട്ടിവയ്ക്കുന്നു. ഉദ്ദേശിക്കുന്ന ഉല്പന്നത്തിനുള്ള ഇഴ ആയിക്കഴിയുന്നതോടെ നെയ്ത്ത് തുടങ്ങും. ഓലവെട്ടും ഉണക്കലുമുള്ളപ്പോൾ നെയ്ത്ത് നടക്കാറില്ല.

മഹിമയുടെ സെക്രട്ടറി സുജ ഒരു നല്ല സംഘാടകകൂടിയാണ്. തഴവക്കാരിയല്ലാത്ത സുജ പരിശീലനത്തിലൂടെ നേടിയ നെയ്ത്തുവേല മറ്റുള്ളവർക്ക് പകർന്നു കൊടുക്കുന്നതിനും താല്പര്യമെടുക്കുന്നുണ്ട്. ഒരു കേന്ദ്ര ഏജൻസി ഷൊർണൂരിൽ നടത്തിയ ട്രെയിനിങ്ങിൽ പങ്കെടുത്താണ് അവർ പുതിയ ഉല്പന്നങ്ങൾ ഉണ്ടാക്കാൻ പഠിച്ചത്. തന്റെ അയൽക്കാർക്കുകൂടി അത് പഠിപ്പിച്ചുകൊടുത്തുകൊണ്ടാണ് സുജ മഹിമ എന്ന സംരംഭത്തിന് രൂപം നൽകാൻ മുൻകൈയെടുത്തത്. അംഗങ്ങൾ അവരുടെ സ്വന്തം സമ്പാദ്യത്തിൽനിന്ന് എടുത്ത കാശുകൊണ്ടാണ് വാടകക്കെട്ടിടം ലഭ്യമാക്കിയത്. മുടക്കുമുതലായി അധികമൊന്നും ചെലവിടേണ്ടി വന്നില്ലെങ്കിലും മാർക്കറ്റിലേയ്ക്കുള്ള കടന്നുവരവ് ചില സാമ്പത്തികബാധ്യതകൾ വരുത്തിവച്ചു. ചില്ലറ ഉപകരണങ്ങളും ഡൈ ചെയ്യാനുള്ള നിറങ്ങളും വണ്ടിവാടകയുമൊക്കെ ഇതിൽ പെടും. റിവോൾവിങ്ങ് ഫണ്ടായി കുടുംബശ്രീയിൽനിന്ന് ലഭിച്ച പതിനായിരം രൂപ ഈയവസരത്തിൽ മഹിമയ്ക്ക് ആശ്വാസമായി.

ഈയിടെ തിരുവനന്തപുരത്ത് എസ് എ ടി ഹോസ്പിറ്റലിൽ കാർഡിയോളജിസ്റ്റുകൾക്കായി സംഘടിപ്പിച്ച സെമിനാറിൽ 50000 രൂപയുടെ ബാഗുകൾക്ക് മഹിമയ്ക്ക് ഓർഡർ കിട്ടിയിരുന്നു. താലിമാല പണയംവച്ചാണെങ്കിലും മുതൽ മുടക്കിക്കൊണ്ട്, അവർ നിശ്ചിത സമയത്തിനുള്ളിൽ ആ ഓർഡർ ഏറ്റെടുത്ത് ചെയ്തു. ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് തഴപ്പായകൾക്ക് മാർക്കറ്റുണ്ടെന്ന തിരിച്ചറിവ് ഇവർക്ക് പുതിയ ഉന്മേഷം നൽകിയിരിക്കുകയാണ്. കുടുംബശ്രീയുടെയും ഇതര സംഘടനകളുടെയും എക്സിബിഷനുകളിൽ തഴവയിലെ മഹിമ യൂണിറ്റ് ശ്രദ്ധപിടിച്ചുപറ്റിയ സംരംഭകരായി മാറിയിരിക്കുന്നു.

*ലേഖിക കുടുംബശ്രീ മിഷനിൽ അസിസ്റ്റന്റ് എഡിറ്ററാണ്*



തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ **പരമ്പര - 3**

# തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

## വാഴകൃഷിയുമായി ബന്ധപ്പെട്ട മൊഴിമുത്തുകൾ

ഗ്രാമ നന്മകളിലേയ്ക്കുള്ള തിരിച്ചുപോക്ക് ഇന്ന് ആഗോളാടിസ്ഥാനത്തിൽ ചിന്താവിഷയമാണ്. അത് പ്രകൃതിയിലേയ്ക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്ര കൂടിയാണ്. കാലത്തിന്റെ പ്രവാഹത്തിൽ ഉപഭോഗ തൃഷ്ണയുടേയും പ്രകൃതി ചൂഷണത്തിന്റെയും വഴിയിലാണ് മനുഷ്യൻ മുന്നേറ്റം അധികവും നടത്തിയത്. അത് സർവ്വനാശത്തിന്റെ പടിവാതിലിൽ നമ്മെ എത്തിച്ചു. ലോകത്തിന്റെ പല കോണുകളിൽ അന്ധകാരത്തിൽ ചെറിയ ചില ദീപങ്ങൾ പോലെ, പരിശ്രമങ്ങൾ തുടങ്ങി - തിരിച്ചുവരവിനായി. അതിന്റെ പരിണതഫലമായിരുന്നു ഗ്രാമീണ കാർഷിക വിജ്ഞാനത്തിന്റെ തിരിച്ചുവരവ്. കേരളത്തിലും പല കോണുകളിലായി അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത്തരമൊരു അബോധ പ്രവർത്തനത്തിന്റെ ഫലമാണ് ഗ്രാമീണവും കാർഷികവുമായ സംജ്ഞകളുടെ സമാഹരണത്തിനായുള്ള ശ്രമം. ഇതൊരു തുടക്കം മാത്രമാണ് - എങ്കിലും സാർത്ഥകമായ തുടക്കം.



**മുരളീധരൻ തഴക്കര**

### വാഴക്കന്ന്

വാഴയുടെ നടീൽ വസ്തുവിന് പറയുന്ന പേര്. "ചവിട്ടിയ കന്നിന് ഇരട്ടി ശക്തി' എന്നാണ് പഴമൊഴി. വാഴയുടെ സൂചി കന്നുകളാണ് നടാൻ ഏറ്റവും ഉത്തമം. 'കന്ന് നന്നായാലേ കുലയും നന്നാവൂ' എന്നതാണ് പരമ്പരാഗത കർഷകരുടെ അഭിപ്രായം.

### പിരിച്ചു വെയ്ക്കുക

വാഴക്കുല വെട്ടിക്കഴിഞ്ഞ് അതിന്റെ ചുവട്ടിൽ വളർന്നു നില്ക്കുന്ന കന്നുകൾ എളക്കി മാറ്റിവെയ്ക്കുന്നതിനാണ് വാഴ പിരിച്ചു വെയ്ക്കുക എന്ന് പറയുക. കുല വെട്ടിക്കഴിഞ്ഞാൽ കന്ന് പിരിച്ചു വെച്ചാലേ വാഴക്കൃഷി മെച്ചമാകൂ. നല്ല കുലയും കിട്ടൂ. വാഴ പിരിച്ചു വെയ്ക്കാതിരുന്നാൽ 'കുന്നത്ത് കന്ന് കുഴിയിൽ കുല' എന്ന പഴമൊഴിയാകും ഫലം.

### മാണം

വാഴയുടെ മണ്ണിൽ കാണുന്ന ചുവടു ഭാഗമാണിത്. മാണത്തിൽ നിന്നാണ് പറ്റു വേരുകൾ വളരുന്നത്. കുലവെട്ടിയെടുത്ത ശേഷം മാണം ചെറുതായി അറഞ്ഞ് കന്നുകാലികൾക്ക് തീറ്റയായി നൽകാവുന്നതാണ്.

### വാഴക്കവിള്

വാഴയുടെ തണ്ടും, (വാഴക്കൈയ്യും) ഇല വിരിഞ്ഞുവരുന്ന തടയുടെ ചുവട് ഭാഗവും ചേരുന്നിടമാണ് വാഴക്കവിള്. പിണ്ടിപ്പുഴുവും മറ്റും വാഴയുടെ ഉള്ളിലേയ്ക്ക് കടക്കുന്നത് മിക്കപ്പോഴും ഈ കവിളുഭാഗത്ത് കൂടിയാണ്.

### വാഴപ്പോള

ഏറ്റവും ഉള്ളിലായി പിണ്ടിയും അതിനെ പൊതിഞ്ഞ് അടുക്കടുക്കായുള്ള പോളകളും ചേർന്നതാണ് ഇതിന്റെ ഘടന. ഈ പോളകൾ ഉണക്കിയെടുത്ത് ഉപയോഗിക്കാം. പൂമാലകെട്ടുന്നതിനും മറ്റും ഈ വാഴ വള്ളിയാണ് ഉപയോഗിക്കുന്നത്. നേന്ത്രവാഴയുടെ വള്ളിയാണ് ഏറ്റവും ഉത്തമം.

### തൂശനില

ആചാരാനുഷ്ഠാന ചടങ്ങുകൾക്കും, സദ്യക്കും തൂശനില അഥവാ നാക്കില ഇന്നും പ്രധാനമാണ്. ഞാലിപ്പൂവൻ അഥവാ രസകദളിയാണ് ഇലമുറിക്കുവാൻ ഏറ്റവും പറ്റിയ ഇനം. ഇലമുറിച്ചെടുക്കുന്നതിനായി വിപുലമായ തോതിൽ ഈ ഇനം വാഴ തമിഴ്നാട്ടിൽ കൃഷി ചെയ്യുന്നുണ്ട്. 'ഒരു ഇല മുറിച്ചാൽ ഒരു പടല പോയി' എന്നാണ് പഴയ കൃഷിക്കാരുടെ പക്ഷം.

### കുടിവാഴ

നേന്ത്രവാഴ ഒഴിച്ചുള്ള വാഴ ഇനങ്ങൾ



കൃഷിചെയ്യുന്നതിന് കുടിവാഴകൾ കൃഷി ചെയ്യുക എന്നാണ് പറയുന്നത്. മൈസൂർ പൂവൻ (പാളയങ്കോടൻ), ഞാലിപ്പൂവൻ, കൂമ്പില്ലാ കണ്ണൻ, തുടങ്ങിയവയെല്ലാമാണ് 'കുടിവാഴ' ഇനത്തിൽപ്പെടുന്നത്. വീട്ടുവളപ്പിൽ വലിയ പരിചരണമൊന്നും കൂടാതെ വളരുന്നവയാണിവ.

### വാഴകച്ചി

വാഴയില ഉണങ്ങിയതിനാണ് വാഴക്കച്ചി എന്ന് പറയുക. ഇത് പഴയ കാലത്ത് നെല്ലു പുഴുങ്ങുന്നതിനും കന്നുകാലികൾക്കുള്ള കാടി തിളപ്പിക്കുന്നതിനും മറ്റും ഉപയോഗിച്ചിരുന്നു. ചുമട് എടുക്കുന്നവർ ചുമ്മാട് നിർമ്മിക്കുന്നതിനും ഇത് ഉപയോഗിക്കുന്നു.

### കൂമ്പ്

വാഴയുടെ ചുണ്ടാണിത്, തോരൻ വെയ്ക്കുന്നതിന് വളരെ നല്ലത്. വാഴ കൂമ്പ് ചെറുതായി അരിഞ്ഞ് വൻപയറോ, ചെറുപയറോ ചേർത്ത് തയ്യാറാക്കുന്ന തോരൻ ഏറെ സ്വാദിഷ്ടവും പോഷകപ്രദവുമാണ്.

### പടല ഏറുക

കൂമ്പ് വിരിഞ്ഞ് ഓരോ പടലയായാണ് പുറത്തു വരുന്നത്. ഇങ്ങനെ മുഴുവൻ പടലയും കൂമ്പ് വിരിഞ്ഞ് വരുവാൻ കുറച്ചു ദിവസങ്ങളെടുക്കും. ഇങ്ങനെ എല്ലാ പടലയും പുറത്തുവന്നു കഴിയുന്നതിനാണ് പടല ഏറുക എന്ന് പറയുക.

### അടിപ്പടല

ഒരു വാഴക്കുലയിലെ ദൃഢവും തൊടവുമുള്ള കായ്കൾ ആദ്യം പടല വിരിഞ്ഞുണ്ടാകുന്ന ഏറ്റവും അടിയിലുള്ള പടലയാണ്-ഇത് അടിപ്പടല.

### മാന്നിക്ക

അടിപ്പടലയിലെ കായ്കളാണ് ഏറ്റവും ദൃഢവും വലിപ്പവുമുള്ളതെങ്കിൽ കുലയുടെ ഏറ്റവും അവസാനം കൂമ്പുവിരിഞ്ഞുണ്ടാകുന്ന മേൽപ്പടലയിലെ കായ്കൾ താരതമ്യേന വലിപ്പം തീരെ കുറഞ്ഞതും ചെറുതുമായിരിക്കും. ഇതിനാണ് 'മാന്നിക്ക' എന്ന് സാധാരണ പറയുക.

### മഞ്ഞവീഴുക

കുല വിളഞ്ഞ് മൂപ്പെത്തുകയും വെട്ടിയെടുക്കാൻ പാകമാകുകയും ചെയ്യുമ്പോൾ അടിപ്പടലയിലെ കായ്കൾക്ക് പച്ചനിറം മാറി ക്രമേണ മഞ്ഞ നിറമാകും. ഇങ്ങനെ മഞ്ഞരാശി വീഴുന്നത് കണക്കാക്കി കുലവെട്ടും.

### പഴുക്ക വെയ്ക്കുക

വാഴക്കുല പഴുത്ത് കിട്ടുന്നതിനായി അടച്ച് പുകകൊള്ളിച്ചുവെയ്ക്കുന്നതിനാണിപ്രകാരം പറയുക. ഇങ്ങനെ പഴുക്കയിടുന്നതിനായി വായു കടക്കാത്ത ചെറിയ പത്തായമോ, സംവിധാനമോ ഉണ്ടാക്കി അതിൽ തൊണ്ടും ചകിരിയുമിട്ട് പുകച്ച് അതിലേയ്ക്ക് പഴുക്കുന്നതിനായി കുലവെയ്ക്കുന്നു. ഒരു ദിവസം ഇങ്ങനെ പഴുക്കയിട്ടിട്ട് കുല പുറത്തെടുക്കുന്നു. 'ഉറയ്ക്കിടുക' എന്നും ഇതിന് പറയാറുണ്ട്.

### മണ്ട അടയ്ക്കുക

വാഴയ്ക്കുണ്ടാകുന്ന ഒരു രോഗമാണിത്. ഇലകുറുകി ചെറുതായി വളർച്ച മുരടിക്കും. മണ്ടയടപ്പ് രോഗം ബാധിച്ച വാഴ വെട്ടിക്കളഞ്ഞില്ലെങ്കിൽ മറ്റുള്ളവർക്കും രോഗം ബാധിക്കും.

### പിണ്ടിപ്പുഴു

വാഴയ്ക്കേറ്റവും നാശംവരുന്ന ഒരു കീടമാണിത്. വാഴയുടെ തട തുരന്ന് അകത്ത് കയറി പിണ്ടിതിന്ന് നശിപ്പിക്കും. ഇങ്ങനെ രോഗം ബാധിച്ച വാഴയുടെ പുറത്ത് കൊഴുത്ത ഒരു ദ്രാവകം അങ്ങിങ്ങായി കാണും.

### പിണ്ടി

വാഴപ്പോളയുടെ ഏറ്റവും ഉള്ളിലായുള്ള ഭാഗമാണിത്. ഇതിന് 'ഉണ്ണി പിണ്ടി' എന്നും ചില പ്രദേശങ്ങളിൽ പറയും. വയറിന് ഏറ്റവും ഉത്തമമായ ഒന്നാണ് വാഴപിണ്ടി. പ്രകൃതി ജീവന ചികിത്സയിൽ ദിവസവും രാവിലെ പിണ്ടിനീര് കുടിക്കണമെന്നാണ് പറയുന്നത്. വാഴപ്പിണ്ടി ചെറുതായി അരിഞ്ഞ് വൻപയറും ചേർത്ത് പാകം ചെയ്താൽ ഏറ്റവും സ്വാദിഷ്ടമായ ഒരു ഭക്ഷ്യവിഭവമായി, നാരുള്ള ഭക്ഷണം ആഹാരത്തിൽ കൂടുതലായി ഉൾപ്പെടുത്തണമെന്ന് ആധുനിക വൈദ്യശാസ്ത്രം പ്രത്യേകം അനുശാസിക്കുന്നു. 'വാഴപിണ്ടിയും വൻപയറും' എന്നത് ഓണാട്ടുകരയിലെ ഒരു ഭക്ഷണചൊല്ലാണ്.

### കാളാമുണ്ടം

വാഴപ്പഴം മുഴുവൻ ഇരിഞ്ഞോ, അറുത്തോ എടുത്തശേഷം അവശേഷിക്കുന്ന ഭാഗമാണ് കാളാമുണ്ടം. കുലയുടെ തൂക്കമെടുക്കുമ്പോൾ കാളാമുണ്ടത്തിന്റെ ശരാശരി തൂക്കം കുറച്ചാണ് തൂക്കം കണക്കാക്കുന്നത്.



### വാഴ വള്ളി

വാഴ വള്ളിയെ വാഴനാരെന്നും പറയും. പട്ടുനൂലിനെ വാഴ നാരിനോട് ചേർക്കുക എന്ന ചൊല്ലും പ്രചാരത്തിലുണ്ട്. വാഴ പോള നന്നായി ഉണക്കിയെടുത്ത് ചെറുതായി കീറിയെടുക്കുന്നതാണ് വാഴവള്ളി. തീരെ മെലിഞ്ഞയാളുകളെ വാഴനാരു പോലെ എന്നു പറയാറുണ്ട്.

### ഊന്നുകൊടുക്കുക

വാഴകുലച്ചു കഴിഞ്ഞാൽ കുലയുടെ ഭാരംകൊണ്ട് കുലച്ച വശത്തേയ്ക്ക് ചായുക സ്വാഭാവികമാണ്. ഇങ്ങനെ ചാഞ്ഞ് വീഴാതിരിക്കാനായി ബലമുള്ള കമ്പുകൊണ്ട് വാഴയെ ചേർത്ത് കെട്ടി ബലപ്പെടുത്തി നിർത്തുന്നതിനാണ് ഊന്നുകൊടുക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

### വാഴത്തട

വാഴകൈയുടെ ചുവടുഭാഗമാണിത്. 'വാകുരുവി വരു കുരുവി വാഴക്കൈമേലിരി കുരുവി' എന്ന പാട്ടുതന്നെ ശ്രദ്ധേയമാണ്.

### വാഴയില

'വാഴയില' യ്ക്ക് ഒട്ടുവളരെ ഉപയോഗങ്ങളാണുള്ളത്. ഓട്ടട, ഇലയപ്പം, ഇഡ്ഡലി തുടങ്ങിയ പലഹാരങ്ങളൊക്കെയുണ്ടാക്കുവാൻ വാഴയില തന്നെവേണം. ഒരു നേരത്തെ ഭക്ഷണം പൊതിഞ്ഞെടുക്കുന്നതും വാഴയില വാട്ടി അതിലായിരുന്നു. പഴയകാലത്ത് ഗ്രാമീണ ചായക്കടകളിൽ മുറത്തിനകത്ത് വാഴയിലവെച്ച് അതിലേയ്ക്കാണ് ചൂട് പുട്ട് കുത്തിയിടുന്നത്. നല്ല ചമ്പാവരിയുടെ പുട്ടിന്റെയും വാഴയിലയുടെയും ചൂടോടെയുള്ള ഒരു ഗന്ധം ഒന്നു വേറെതന്നെയാണ്. ഹൈന്ദവാചാരപ്രകാരം മരണാനന്തര കർമ്മങ്ങൾക്കായി മൃതശരീരം കിടത്തുന്നത് വാഴത്തടയോടു കൂടി മുറിച്ചെടുക്കുന്ന വാഴയിലയിലാണ്.


### കൂമ്പിന്റെ പോള

കൂമ്പിന്റെ പോള ഒന്നൊന്നായി കൊഴിഞ്ഞാണ് വാഴക്കുലയിലെ ഓരോ പടലയും പുറത്തുവരുന്നത്. പോള വിരിഞ്ഞ് ഇളകി കഴിയുമ്പോൾ അതിന്റെ അല്ലിയിൽ നിന്നും തേൻ ലഭിക്കും. കുട്ടികൾക്കും, ചെറുകിളികൾക്കും, വാവലിനും (നരിച്ചീർ) പഥ്യമാണിത്. വാഴക്കുടപ്പനിലെ തേൻ ബാല്യകാല സ്മരണയിലെ മായാത്ത മധുരമാണ്.

*(തുടരും)*

*ലേഖകൻ*
*തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്.*

മറുപടി തയ്യാറാക്കിയത് : ഉദയഭാനു കണ്ടേത്ത്
ഓഡിറ്റ് കൺസൾട്ടന്റ്
മൊബൈൽ 9447454221



# പഞ്ചായത്ത് അക്കൗണ്ട്
# ചോദ്യങ്ങളും ഉത്തരങ്ങളും

***ചോദ്യം :***

താഴെപറയുന്ന ഇനങ്ങൾ ചെലവുരജിസ്റ്ററിൽ ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ രേഖപ്പെടുത്തണം?

1. എസ്.എസ് എ വിഹിതം- നിർമ്മാണ പ്രവൃത്തികൾ, ബോധവൽക്കരണം, പരിശീലനം തുടങ്ങിയവ (പ്രൈമറി, സെക്കൻഡറി വിദ്യാലയങ്ങൾക്ക് കൂട്ടായുള്ള ചെലവുകൾ)

2. ജില്ലാ ആസൂത്രണ സമിതി ഓഫീസ് നിർമ്മാണത്തിനുള്ള പഞ്ചായത്ത് വിഹിതം- ഇത് മൂലധനചെലവോ അതോ റവന്യൂ ചെലവോ?

– അനി
കായംകുളം

**ഉത്തരം :**

“എസ്എസ്എ വിഹിതം' 'പഞ്ചായത്ത് വിഹിതം' എന്നീ സ്രോതസ്സുകളിൽ നിന്നു ചെലവഴിച്ചാൽ ഏത് ഹെഡ്ഓഫ് അക്കൗണ്ടിൽ ഉൾപ്പെടുത്തണം, അത് മൂലധന ചെലവായിരിക്കുമോ അതോ റവന്യൂ ചെലവായിരിക്കുമോ എന്ന് ചോദിച്ചിരിക്കുന്നു. അതിനുപുറമേ ഏതൊക്കെ പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ സംബന്ധിച്ചാണെന്നും ചോദിച്ചിട്ടുണ്ട്. അതിനാൽ വ്യക്തമായ ഉത്തരം നൽകുവാൻ കഴിയും.

എന്നാൽ ഈ ചോദ്യത്തിൽ നേരിട്ടുള്ള മറുപടി മാത്രം നൽകിയാൽ അത് ചോദ്യകർത്താവൊഴികെയുള്ള വായനക്കാരിൽ സംശയം ജനിപ്പിക്കും. അതിനാൽ ചെലവ് സംബന്ധിച്ച ക്ലാസിഫിക്കേഷനിൽ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ആദ്യമേ സൂചിപ്പിക്കട്ടെ.

1. ചെലവ് ഏത് സ്രോതസ്സിൽ നിന്നുള്ളതാണെന്നത് ക്ലാസിഫിക്കേഷനിൽ പ്രസക്തമല്ല. പഞ്ചായത്ത് അക്കൗണ്ടിൽ പിന്തുടരുന്നത് ഫങ്ഷനൽ ക്ലാസിഫിക്കേഷനാണ്. അതുപ്രകാരം ചെലവുകളുടെ ഉദ്ദേശ്യമനുസരിച്ചാണ് ഹെഡ്ഓഫ് അക്കൗണ്ടുകൾക്ക് രൂപം നൽകിയിട്ടുള്ളത്; സ്രോതസ്സനുസരിച്ചല്ല.

2. മൂലധനച്ചെലവിനും റവന്യൂചെലവിനും വ്യത്യസ്ത ഹെഡ്ഓഫ് അക്കൗണ്ടുകളാണുള്ളത്. ഉദാഹരണത്തിന് പൊതുവിദ്യാഭ്യാസത്തിനുള്ള റവന്യൂചെലവ് '2202' എന്ന ഹെഡ് ഓഫ് അക്കൗണ്ടിനു കീഴിലും, വിദ്യാഭ്യാസം, കായികവിനോദം, സംസ്ക്കാരം എന്നിവയ്ക്കുള്ള മൂലധനച്ചെലവ് '4202' എന്ന ഹെഡ് ഓഫ് അക്കൗണ്ടിനു കീഴിലും ഉൾപ്പെടുത്തിയിരിക്കുന്നു.

3. സൃഷ്ടിക്കുന്നതോ മൂല്യം വർദ്ധിപ്പിക്കുന്നതോ ആയ ആസ്തികൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലോ അല്ലെങ്കിൽ പൊതു ഉടമസ്ഥതയിലോ ആയിരിക്കണം. എങ്കിൽ മാത്രമേ മൂലധനച്ചെലവായി കണക്കാക്കുകയുള്ളൂ. സ്വകാര്യവ്യക്തികളുടെ ആസ്തിവർദ്ധനവിന് (ഉദാ: ഭവന നിർമ്മാണം)ഉപകരിക്കുന്ന ചെലവുകൾ റവന്യൂ ചെലവായിരിക്കും.

പ്രൈമറി, സെക്കന്ററി വിദ്യാലയങ്ങളിലെ നിർമ്മാണ പ്രവൃത്തികളുടെ ചെലവ് '4202-01-202 സെക്കന്ററി വിദ്യാഭ്യാസം' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തണം. (ചോദ്യത്തിൽ സൂചിപ്പിച്ചപോലെ പ്രൈമറി, സെക്കന്ററി വിദ്യാലയങ്ങൾക്ക് കൂട്ടായുള്ള ചെലവുകളാണെങ്കിൽ). പ്രൈമറി വിദ്യാഭ്യാസം മാത്രം സംബന്ധിച്ചാണ് നിർമ്മാണച്ചെലവെങ്കിൽ '4202-01-201-98 പ്രൈമറി വിദ്യാഭ്യാസം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തണം.

ജില്ലാ ആസൂത്രണ സമിതി ഓഫീസ് നിർമ്മാണത്തിനുള്ള ചെലവ് മൂലധനച്ചെലവാണെന്ന്, നേരത്തേ നൽകിയ വിശദീകരണത്തിന്റെ വെളിച്ചത്തിൽ വ്യക്തമാണല്ലോ. 4515- മറ്റു ഗ്രാമവികസന പരിപാടികൾക്കുള്ള മൂലധനച്ചെലവ് - 103 ഗ്രാമവികസനം എന്ന ശീർഷകത്തിൽ ചെലവ് ഉൾപ്പെടുത്തണം.

***ചോദ്യം :***

പഞ്ചായത്തുകളിൽ ഇന്ന് നിലനിൽക്കുന്ന അക്കൗണ്ടിംഗ് സമ്പ്രദായം എന്തിനെ ആസ്പദമാക്കിയാണ്? ഈ അക്കൗണ്ടിംഗ് സമ്പ്രദായത്തിന് ഭാവിയിൽ മാറ്റമുണ്ടാകുമോ?

– ജവാദ്
മലപ്പുറം

**ഉത്തരം :**

2003 ജൂൺ 12-ലെ ജി ഒ (പി) 319/ 2003/ ഫിൻ നമ്പർ സർക്കാർ ഉത്തരവനുസരിച്ചാണ് 2004 ഏപ്രിൽ 1 മുതൽ പഞ്ചായത്തുകളിൽ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം നിലവിൽ വന്നത്. പുതിയ അക്കൗണ്ടിംഗ് സമ്പ്രദായത്തിനുള്ള ചട്ടങ്ങൾക്ക് താമസിയാതെ സർക്കാർ രൂപം നൽകുന്നതായിരിക്കും.

ഈ അക്കൗണ്ടിംഗ് സമ്പ്രദായത്തിന് ഭാവിയിൽ മാറ്റമുണ്ടാകുമോ എന്നു ചോദിച്ചാൽ, ഭാവി ആർക്കു പ്രവചിക്കാനാകും എന്നല്ലേ മറുപടി നൽകാൻ കഴിയൂ. എന്നാൽ, അടിക്കടിമാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുമോ എന്നാണുദ്ദേശിച്ചതെങ്കിൽ, തീർച്ചയായുമില്ല എന്നു പറയാൻ സാധിക്കും. സർക്കാർ നൽകുന്ന ഫണ്ടുകൾ സംബന്ധിച്ചുള്ള ഉത്തരവുകൾ (ഉദാഹരണം: 2006 ഏപ്രിൽ 12 ലെ ജിഒ(പി) 177/2006/ഫിൻ നമ്പർ സർക്കാർ ഉത്തരവ്) അക്കൗണ്ടിംഗ് സമ്പ്രദായത്തിലോ, അക്കൗണ്ടിംഗ് ഫോർമാറ്റുകളിലോ ഒരു മാറ്റവും ഉണ്ടാക്കുകയില്ല. അവയിൽ നിർദ്ദേശിക്കുന്ന എല്ലാ കാര്യങ്ങളും ഉൾക്കൊള്ളാൻ നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായം പര്യാപ്തമാണ്.

***ചോദ്യം :***

സംസ്ഥാന സാക്ഷരതാമിഷന്റെ നിർദ്ദേശപ്രകാരം സാക്ഷരതാപ്രേരക്മാരുടെ ഓണറേറിയം ഇനത്തിൽ ജനറൽ പർപസ് ഗ്രാന്റിൽ നിന്ന് 38100 രൂപ ചെലവഴിച്ചു. പിന്നീട് മാസങ്ങൾകഴിഞ്ഞ് സാക്ഷരതാമിഷൻ പ്രസ്തുത തുകയുടെ ചെക്ക് അനുവദിക്കുകയുണ്ടായി. സാക്ഷരതാ പ്രവർത്തനത്തിന് പ്രത്യേകം അക്കൗണ്ട് ഉണ്ട്. മേൽ വിഷയത്തിലെ വരവും ചെലവും ക്ലാസിഫിക്കേഷൻ പ്രകാരം വിശദീകരിച്ചുതരാനപേക്ഷ.

– എസ്. മേഘനാഥൻ
വടകര ബ്ലോക്ക് പഞ്ചായത്ത്

**ഉത്തരം :**

സാക്ഷരതാമിഷൻ ഫണ്ട് തക്ക സമയത്ത് ലഭ്യമല്ലാത്തതിനാൽ ജനറൽ പർപ്പസ് ഫണ്ടിൽനിന്ന് 38100 രൂപയുടെ ചെലവ് നിർവഹിച്ചു. വകമാറ്റി ചെലവ് അനുവദനീയമല്ല. അതിനാൽ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള ചെലവ് '8550 അഡ്വാൻസ്' എന്ന മേജർ ഹെഡിനുകീഴിലാണ് അക്കൗണ്ട് ചെയ്യേണ്ടത്. സാക്ഷരതാമിഷൻ ഫണ്ട് ലഭിക്കുമ്പോൾ '2202 പൊതുവിദ്യാഭ്യാസ'ത്തിനു കീഴിൽ വയോജന വിദ്യാഭ്യാസത്തിനുള്ള ചെലവായും അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തതായും അക്കൗണ്ടിൽ രേഖപ്പെടുത്തണം.

***ചോദ്യം :***

ആസ്തി സൃഷ്ടിക്കാനോ നിലവിലുള്ള ആസ്തിയുടെ മൂല്യം വർദ്ധിപ്പിക്കാനോ ഉള്ള ചെലവ് മൂലധനച്ചെലവാണെന്ന് സാറിന്റെ ലേഖനത്തിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു. എന്നാൽ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നിലവിലുള്ള ആസ്തി സംരക്ഷിക്കുമ്പോൾ അത് മൂലധനച്ചെലവാകുമോ? ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് ഫോട്ടോകോപ്പിയർ മുതലായ സാധനങ്ങൾ വാങ്ങിയാൽ അത് റവന്യൂ ചെലവോ മൂലധനച്ചെലവോ?

– എസ്. മേഘനാഥൻ
വടകര ബ്ലോക്ക് പഞ്ചായത്ത്

**ഉത്തരം :**

ആദ്യത്തെ ചോദ്യത്തിന്റെ ഉത്തരം ശ്രദ്ധിക്കുക. ചെലവിന്റെ സ്രോതസ്സല്ല, ഉദ്ദേശ്യമാണ് ക്ലാസിഫിക്കേഷന്റെ അടിസ്ഥാനം. ആസ്തി സംരക്ഷണം (Repairs and maintenance) പതിവു ചെലവാണ്; അതിനാൽ അത് റവന്യൂ ചെലവാണ്. ഫോട്ടോകോപ്പിയർ ഒരു ആസ്തിയാണ്; അതിനാൽ അത് വാങ്ങാനുള്ള ചെലവ് മൂലധനച്ചെലവാണ്.

(തുടരും)

**പഞ്ചായത്ത് അക്കൗണ്ട് : ചോദ്യങ്ങളും ഉത്തരങ്ങളും**

തദ്ദേശഭരണ സ്ഥാപനങ്ങളിലെ കണക്കെഴുത്തുമായി ബന്ധപ്പെട്ട് നിലനില്ക്കുന്ന സംശയങ്ങൾക്ക് മറുപടി നൽകുന്ന **പഞ്ചായത്ത് അക്കൗണ്ട് : ചോദ്യങ്ങളും ഉത്തരങ്ങളും** എന്ന പംക്തിയിലേയ്ക്കുള്ള ചോദ്യങ്ങളും സംശയങ്ങളും "എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക, പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം - 695033'' എന്ന വിലാസത്തിൽ അയയ്ക്കുക..

**– എഡിറ്റർ**

## തിരുവനന്തപുരം കോർപ്പറേഷന് കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി അവാർഡ്

ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ (JNNURM) ഭാഗമായി കേന്ദ്ര സർക്കാരിന്റെ നഗരവികസന മന്ത്രാലയവും മിനിസ്ട്രി ഓഫ് ഹൗസിംങും അർബൻ പോവർട്ടി അലിവിയേഷനും ഏർപ്പെടുത്തിയ 2007-08 ലെ പരിസ്ഥിതി മേഖലയിൽ സ്വീകരിച്ച നടപടികൾക്കുള്ള ദേശീയ അവാർഡ് തിരുവനന്തപുരം കോർപ്പറേഷനു ലഭിച്ചു. അവാർഡ് ലഭിച്ച നഗരസഭയേയും ഇതിന് പിന്നിൽ പ്രവർത്തിച്ച ജനപ്രതിനിധികളേയും ഉദ്യോഗസ്ഥരേയും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി അഭിനന്ദിച്ചു. ഇന്ത്യയിലെ ജെ.എൻ.എൻ.യു.ആർ.എം. പദ്ധതികൾ നടപ്പാക്കിയ 63 നഗരങ്ങളിൽ തിരുവനന്തപുരത്തിന് രണ്ടാം സ്ഥാനമാണ്. നഗരത്തിലെ ഖരമാലിന്യ-ദ്രവ മാനേജ്മെൻറിൽ തുടങ്ങിവച്ച പ്രവർത്തനങ്ങളാണ് നഗരസഭയെ അവാർഡിനർഹമാക്കിയത്. ഖരമാലിന്യ മാനേജ്മെന്റിനായി നഗരസഭ നടപ്പാക്കി വരുന്ന തലസ്ഥാന നഗരം ശുചിത്വ നഗരം പദ്ധതിയുടെ അംഗീകാരമായാണ് അവാർഡ് ലഭിച്ചത്. 2007-08 വർഷത്തിൽ വീടുകളിൽ നിന്നുള്ള ഖരമാലിന്യ ശേഖരണത്തിൽ വന്നിട്ടുള്ള പുരോഗതി, മാലിന്യ ശേഖരത്തിലെ കാര്യക്ഷമത, നഗരറോഡുകളുടെ ശുചിത്വം, സാമ്പത്തിക മികവ് എന്നിവയാണ് അവാർഡിന് പരിഗണിച്ച കാര്യങ്ങൾ. ദ്രവമാലിന്യ മാനേജ്മെന്റിനായി നിലവിലുള്ള സീവറേജ് സംവിധാനവും, അത് മെച്ചപ്പെടുത്തുന്നതിന് നഗരസഭ സ്വീകരിക്കുന്ന നടപടികളും കൂടി അവാർഡിന് പരിഗണിച്ചിട്ടുണ്ട്.



*തിരുവനന്തപുരം കോർപ്പറേഷന് ലഭിച്ച അവാർഡുമായി മേയർ സി. ജയൻബാബുവും സഹപ്രവർത്തകരും തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി പാലോളി മുഹമ്മദ്കുട്ടിയോടൊപ്പം.*

മണിയൂർ ഗ്രാമപഞ്ചായത്ത്

# ചെരണ്ടത്തൂർ ചിറ വികസനത്തിന്റെ പാതയിൽ



കെ.സി. സുബ്രഹ്മണ്യൻ

കോഴിക്കോട് ജില്ലയിലെ പ്രധാന നെല്ലുൽപാദന പാടങ്ങളിലൊന്നായ ചെരണ്ടത്തൂർ ചിറ മണിയൂരിന്റെ അഭിമാനവും ഐശ്വര്യവും ആയിരുന്നു. കന്നിപാടവും പുഞ്ചപാടവും ചേർന്ന് കിടക്കുന്ന ഈ പാടശേഖരം ഏകദേശം 7000 ഏക്കറിൽ വരുമെന്നാണ് പഴമക്കാർ പറയുന്നത്. ഇവിടെ കന്നികൃഷിയും മുണ്ടകൻ കൃഷിയും പുഞ്ചകൃഷിയും ചെയ്തിരുന്ന കാലം ഇവരുടെ ഓർമ്മകളിൽ തളം കെട്ടി നിൽക്കുന്നു. ബസുമതി, തകര മുതലായവ ഇവിടെ ഒരു കാലത്ത് സുലഭമായിരുന്നു. വിശാലമായ കന്നിപാടം ഇന്ന് പൂർണ്ണമായി തെങ്ങിൻ തോപ്പുകളായി മാറിക്കഴിഞ്ഞെങ്കിലും പുഞ്ചപാടം കാര്യമായ പോറലുകൾ ഏൽക്കാതെ 1200 ഓളം ഹെക്ടർ സ്ഥലത്ത് വ്യാപിച്ച് കിടക്കുകയാണ്.

ഈ പാടശേഖരം 750 ൽ അധികം വരുന്ന കർഷകരുടെ ഉടമസ്ഥതയിലാണെങ്കിലും കൃഷിയിൽ ഇവർക്കെല്ലാം ഒരു മനസ്സായിരുന്നു. കാർഷിക മേഖലയിലെ സംഘബോധത്തിന്റെ ഉദാത്തമാതൃകയായ കൂട്ടുകൃഷി ഇവിടെ ആരംഭിച്ചത് എന്ന് മുതൽക്കാണെന്ന് തിട്ടപ്പെടുത്താൻ കഴിയില്ല. ഈ മാതൃക മാറ്റമില്ലാതെ ഇന്നും തുടർന്ന് കൊണ്ടിരിക്കുകയാണ്.

പൊതുവെ കാർഷിക മേഖലയ്ക്കേറ്റ പ്രഹരം കാരണം നൂറ് മേനി വിളഞ്ഞിരുന്ന ഈ മണ്ണിനോടുള്ള കർഷകന്റെ താല്പര്യം കുറഞ്ഞ് വന്നു. പുലൂർ വയലിൽ നിന്ന് ആരംഭിച്ച് ചിറയുടെ മധ്യത്തിലൂടെ ഈ പാടശേഖരത്തിന്റെ ജീവനാഡി കണക്കെ കുറ്റ്യാടി പുഴയിലേയ്ക്ക് ഒഴുകിയിരുന്ന നടുതോട്, സംരക്ഷണത്തിന്റേയും പരിചരണത്തിന്റേയും അഭാവം കാരണം മണ്ണ് ഇടിഞ്ഞ് നികന്നതോടെ ചിരണ്ടത്തൂർ ചിറയും ഒരു വെള്ളകെട്ട് പ്രദേശമായി മാറി. ചിറയുടെ പത്തിലൊരു ഭാഗം പോലും കൃഷിയിറക്കാതെ തരിശുഭൂമിയായി മാറിക്കൊണ്ടിരിക്കുകയാണ്.

കോഴിക്കോട് CWRDM നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ മറ്റ് പ്രധാന പാടശേഖരങ്ങളോടൊപ്പം ചിരണ്ടത്തൂർ ഉൾപ്പെടുത്തികൊണ്ട് കോഴിക്കോട് ജില്ലാപഞ്ചായത്ത് 16 കോടി രൂപയിലധികം മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന ഒരു ബൃഹത് പദ്ധതി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ രൂപപ്പെടുത്തുകയും KLDC യെ പ്രവൃത്തി ഏൽപിക്കുകയും ചെയ്തിരിക്കുകയാണ്. ഇതിൽ ചിരണ്ടത്തൂറിനെയും ചിറ വികസന പദ്ധതി 5.55 കോടി രൂപയുടേതാണ്. ഈ കോൾ നിലവികസന പദ്ധതി പൂർത്തീകരിക്കുന്നതോടെ മുപ്പുവിൽ 1200 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിനും 8600 ടൺ നെല്ല് കൂടുതൽ ഉല്പാദിപ്പിക്കാനും കഴിയുന്നതാണ്. ഇതിലൂടെ രണ്ടരലക്ഷം പേർക്ക് പുതുതായി തൊഴിൽ നൽകാനും കഴിയും. മൽസ്യ കൃഷിയിലൂടെ ഓരോ വർഷവും പതിനായിരക്കണക്കിന് രൂപയുടെ അധിക വരുമാനം ഉണ്ടാക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

20 മീറ്റർ വീതിയുള്ള പ്രധാന തോടും അഞ്ച് അനുബന്ധ തോടുകളും വീതിയും താഴ്ചയും കൂട്ടി ഇരുഭാഗങ്ങളിലും പാർശ്വഭിത്തി നിർമ്മിക്കുക, തോടിന് ബണ്ട് ഫാം റോഡ്, ചെറിയ പാലങ്ങൾ, രണ്ട് പുതിയ വി.സി.ബി കൾ, ജലസംഭരണത്തിനായി ചിറയിൽ ഏകദേശം അഞ്ച് ഏക്കർ സ്ഥലത്ത് കുളത്തിന്റെ പുനരുദ്ധാരണം, പമ്പ് സെറ്റുകളും, പെട്ടിയും പറയും സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്.

ഈ പദ്ധതി പൂർത്തീകരിക്കുന്നതോടെ ഭക്ഷ്യോല്പാദനത്തിൽ ഉണ്ടാകുന്ന വമ്പിച്ച വർദ്ധനവിനോടൊപ്പം മണിയൂർ ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഈ പദ്ധതി ഒരു നാഴികകല്ലായി മാറുന്നതാണ്.

കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്ററുടെ അധ്യക്ഷതയിൽ ത്രിതല പഞ്ചായത്ത് അംഗങ്ങളുടെ സാന്നിധ്യത്തിൽ ഈ ബൃഹത് പദ്ധതിയുടെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി മുല്ലക്കര രത്നാകരനും കനാൽ പ്രവൃത്തി ഉദ്ഘാടനം കെ.കെ. ലതിക എം.എൽ.എ യും നിർവ്വഹിച്ചു.

*ലേഖകൻ*
*മണിയൂർ ഗ്രാമ പഞ്ചായത്തിൽ*
*അസിസ്റ്റന്റ് എഞ്ചിനീയറാണ്.*



## ലഡാക്കിൽ ഒരു കേരള മോഡൽ

*(പേജ് 10 ന്റെ തുടർച്ച)*

കുടിവെള്ള ജലസേചന മേഖലകളിലും വ്യാപരിക്കുന്നു. അതുകൊണ്ടു തന്നെ അഞ്ചാംഘട്ട ആസൂത്രണം ഓട്ടോണമസ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക എന്നതിൽ ഊന്നിനിൽക്കുന്നു. മലമുകളിലെ മഞ്ഞുരുകിയെത്തുന്ന ജലം കാർഷികമേഖലയ്ക്ക് ഉപയുക്തമാക്കുകയാണ് ഇതിൽ പ്രധാനയിനം. ടാപ്പുകളും പൈപ്പ് ലൈനുകളും സ്ഥാപിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്ന പ്രവർത്തനവും കൗൺസിൽ ഏറ്റെടുത്തിട്ടുണ്ട്.

### സ്ത്രീപങ്കാളിത്തം


ഗ്രാമസഭകളിൽ വനിതാ പങ്കാളിത്തം തീരെ വിരളമായ പ്രദേശമാണിത്. 33 ശതമാനം സ്ത്രീ സംവരണം വിഭാവനം ചെയ്യുന്നുണ്ടെങ്കിലും പൊതുരംഗത്തേയ്ക്ക് കടന്നുവരാൻ സ്ത്രീകൾ വിമുഖത കാട്ടുന്നു. 67 ഹൽക്ക പഞ്ചായത്തുകളിലാകെ 8 ശതമാനം പേർ മാത്രമാണ് വനിതാ ജനപ്രതിനിധികളായിട്ട് തെരഞ്ഞെടുക്കപ്പെട്ടത്. ബാക്കി ഒഴിവുകളിലേയ്ക്ക് ഗവൺമെന്റ് നാമനിർദ്ദേശപ്രകാരം എണ്ണം തികയ്ക്കുകയാണ് ചെയ്തത്. അവരാകട്ടെ ഭരണമോ വികസനമോ ആയ കാര്യങ്ങളിൽ ശ്രദ്ധിക്കാറുമില്ല. പ്രാദേശിക ആസൂത്രണ നിർദ്ദേശങ്ങളിൽ പ്രത്യേക വനിതാ ഘടക പദ്ധതിക്ക് ഊന്നൽ നൽകണമെന്നതും വനിതകൾ സ്വന്തമായി നടത്തുന്ന മാർക്കറ്റുകൾക്ക് പ്രോൽസാഹനം ലഭിക്കുന്നതുമായ രണ്ട് കാതലായ നിർദ്ദേശങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

### പരമ്പരാഗത സ്ഥാപനങ്ങളുടെ സമന്വയം

വികേന്ദ്രീകൃത ആസൂത്രണത്തിന് സഹായകമാവുന്ന വിധത്തിൽ പരമ്പരാഗത സ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനം അഭികാമ്യമാണ്. ഓരോ ഗ്രാമത്തിലും 'ഗോബ' എന്ന ഗ്രാമത്തലവന്മാരെ കാണാം. വർഷത്തിലൊരിക്കൽ ഗ്രാമജനതയുടെ ഭൂരിപക്ഷ സമ്മതപ്രകാരം 'ഗോബനെ' തെരഞ്ഞെടുക്കുന്നു. അറിവും കഴിവും വികസനാഭിമുഖ്യവുമുള്ള ആളായിരിക്കണം. അദ്ദേഹം എന്ന് അലിഖിത നിയമവുമുണ്ട്. ആദ്യഘട്ടങ്ങളിൽ പരമ്പരാഗതമായ ഈ സ്ഥാനവും പഞ്ചായത്തും തമ്മിൽ ബന്ധമുണ്ടായിരുന്നില്ല. ക്രമത്തിൽ പരസ്പര സഹകരണത്തിന്റെയും സഹായത്തിന്റെയും അവസ്ഥ സംജാതമായി. ഇത് പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് ശക്തിപകർന്നു. 'ബെസ്' എന്ന് പറയുന്നത് ഇവിടെ നിലനിൽക്കുന്ന തൊഴിൽ കൈമാറ്റ വ്യവസ്ഥയാണ്. അറിയുന്ന തൊഴിൽ പരസ്പരം കൈമാറി ചെയ്യുക എന്നതാണ് ഇതിന്റെ പ്രത്യേകത. മരം വെട്ടുകാരനെ നിലം ഉഴുതുന്നയാൾ സഹായിക്കുന്നത് അങ്ങിനെയാണ്. ഇവിടെ കൂലി പണമായിട്ടല്ല, പ്രവൃത്തിയായിട്ടാണ്. ആസൂത്രണത്തിന് രൂപം നൽകുമ്പോൾ ഇത്തരം പരമ്പരാഗതമായ സ്ഥാപനങ്ങൾക്ക് കോട്ടം തട്ടരുതെന്ന നിർദ്ദേശം ഗ്രാമസഭകൾ ഏകകണ്ഠേന അംഗീകരിക്കുകയുണ്ടായി. 'ചുട്പൊൻ' എന്നത് ജല മാനേജ്മെന്റിന് നേതൃത്വം കൊടുക്കുന്ന പരമ്പരാഗതമായ മറ്റൊരു സ്ഥാപനമാണ്. ജലസംഭരണം, സംരക്ഷണം, വിതരണം എന്നിവയിൽ അവഗാഹമുള്ള ആളെയാണ് ഈ സ്ഥാനത്തേയ്ക്ക് അവരോധിക്കുന്നത്. സ്ഥാനം ഏറ്റെടുത്തുകഴിഞ്ഞാൽ അദ്ദേഹത്തിന്റെ നിർദ്ദേശം ജനങ്ങൾ അംഗീകരിക്കുന്നു. 'ലാംഗഡെ' എന്ന സമ്പ്രദായം കാർഷിക ഉപകരണങ്ങൾ കൈമാറുന്ന രീതിയാണ്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി കേരളത്തിലെ കുന്നത്തുകാൽ തുടങ്ങി വിവിധ പഞ്ചായത്തുകളിൽ നിലവിൽവന്ന ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾക്ക് സമാനമാണ് ഇവയുടെ പ്രവർത്തനം. ഖാരൂ ബ്ലോക്കിൽ നടന്ന മൈക്രോലവൽ ആസൂത്രണ പ്രവർത്തനത്തിൽ ഇത്തരം പരമ്പരാഗത സാമൂഹ്യ സ്ഥാപനങ്ങളെ ഗ്രാമസഭകളുടേയും പഞ്ചായത്തിന്റെയും പ്രവർത്തനങ്ങളുമായി സമന്വയിപ്പിച്ചിട്ടുണ്ട്.

കേരളത്തിലെ അധികാര വികേന്ദ്രീകരണരീതിസമ്പ്രദായം പലതും പ്രാദേശികമാറ്റങ്ങളോടെ 'ലെ' ജില്ലയിലെ ഖാരു ബ്ലോക്കിൽ നടപ്പിലാക്കി വരുന്നുണ്ട്. റിസോഴ്സ് മാപ്പിങ്ങിൽ തുടങ്ങി ബ്ലോക്ക് പദ്ധതിരേഖ തയ്യാറാക്കുന്നതിൽ വരെ അത് എത്തിനിൽക്കുന്നു. ജനപങ്കാളിത്തം, സുതാര്യത, കാര്യക്ഷമത, സന്നദ്ധപ്രവർത്തനം തുടങ്ങിയ സവിശേഷ രീതിയിലൂടെയാണ് ഓരോ ഘട്ടപ്രവർത്തനവും നടക്കുന്നത്. ഇത് തദ്ദേശിയരെ സംബന്ധിച്ചിടത്തോളം പുതുമയുള്ളകാര്യമാണ്. എന്നാൽ ഇന്ത്യയിലെ തെക്കെ അറ്റത്തുള്ള സംസ്ഥാനത്തെ മുഴുവൻ ഗ്രാമങ്ങളിലും ഇത്തരം പ്രവർത്തനം നടക്കുന്നുണ്ടെന്നറിയുമ്പോൾ അവർക്കത് അത്ഭുതമുളവാക്കുന്നു. ആ നാടിനേയും നാട്ടാരെയും കൃതജ്ഞതയോടെ അവർ സ്മരിക്കുന്നു.

*ലേഖകൻ*
*ചണ്ഡിഗഡിലെ സെന്റർ ഫോർ റിസർച്ച്*
*ഇൻ റൂറൽ & ഇൻഡസ്ട്രിയൽ*
*ഡെവലപ്മെന്റിന്റെ ഡയറക്ടറാണ്*



ലേഖന പരമ്പര - 13

റോയ് ചാക്കോ ഇളമണ്ണൂർ

# ഉപ്പളങ്ങൾ

# തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ

കേരളത്തിൽ കാണാൻ സാധിക്കാത്ത ഒന്നാണ് ഉപ്പളങ്ങൾ. ഗുജറാത്തിലെ ഉപ്പളങ്ങൾ പ്രസിദ്ധവുമാണ്. സ്വാതന്ത്ര്യസമരചരിത്രവുമായി ബന്ധപ്പെട്ട, മഹാത്മാഗാന്ധിയുടെ ദണ്ഡിയാത്രയാണ് ഗുജറാത്തിലെ ഉപ്പളങ്ങളെ ഇന്ത്യയിൽ പ്രസിദ്ധമാക്കിയത്. കടൽ വെള്ളം വറ്റിച്ച് ഭാരതീയർ ഉപയോഗിച്ചുപോന്ന ഉപ്പിനുവരെ ബ്രിട്ടീഷുകാർ നികുതി ചുമത്തിയപ്പോൾ മഹാത്മാഗാന്ധിയും അനുയായികളും കാൽനടയായി ബഹുദൂരം സഞ്ചരിച്ച് ദണ്ഡികടൽപ്പുറത്തെത്തി, കടൽ വെള്ളം കുറുക്കി ഉപ്പുണ്ടാക്കി പ്രതിഷേധിച്ചു. പ്രതിഷേധിച്ചവരെ ബ്രിട്ടീഷുകാർ മർദ്ദിച്ചു. ജയിലിലടച്ചു. 1930 ലാണ് ഈ സംഭവം നടന്നത്. ഇന്ത്യയുടെ പലഭാഗത്തും ദേശസ്നേഹികൾ ഉപ്പുണ്ടാക്കി ബ്രിട്ടീഷുകാർക്കെതിരെ പ്രതികരിച്ചു. തമിഴ്നാട്ടിലെ നാഗപട്ടണത്തിനു സമീപം വേദാരണ്യം എന്ന സ്ഥലത്ത് ദേശസ്നേഹിയായ രാജാജിയുടെ നേതൃത്വത്തിൽ ഉപ്പുണ്ടാക്കി. മഹാത്മാഗാന്ധിയുടെ സമരം ദണ്ഡിയിൽ നടക്കുന്ന അതേ സമയത്തായിരുന്നു തമിഴ്നാട്ടിലെ വേദാരണ്യം എന്ന സ്ഥലത്തെ ഉപ്പളത്ത് ദേശസ്നേഹികൾ ബ്രിട്ടീഷുകാർക്കെതിരെ "ഉപ്പ് സമരം" നടത്തിയത്.

വേദാരണ്യത്തിലെ ഉപ്പളങ്ങൾ ഇന്ന് തമിഴ്നാട്ടിലെ ഏറ്റവും വലിയ ഉപ്പ് നിർമ്മാണ കേന്ദ്രമാണ്. കേരളീയർക്ക് ഉപ്പളങ്ങൾ അത്ര പരിചയം ഇല്ലാത്തതിനാൽ ഉപ്പളങ്ങളുടെ പ്രകൃതിയെപ്പറ്റി എഴുതേണ്ടത് ആവശ്യമാണെന്ന് തോന്നുന്നു. കടലിനോട് ചേർന്ന് മൈലുകളോളം ഉപ്പുവെള്ളം കെട്ടിക്കിടക്കുന്ന പാടശേഖരങ്ങൾ എന്ന് ഉപ്പളങ്ങളെ വിശേഷിപ്പിക്കാം. കിലോമീറ്ററുകളോളം നീളവും വീതിയും ഉള്ള കടൽതീരപ്രദേശങ്ങളാണിവ. കടലിലെ വെള്ളം കയറ്റി കെട്ടിനിർത്തി വേനൽക്കാലത്ത് സൂര്യന്റെ ചൂടുകൊണ്ട് വറ്റാൻ അവസരമൊരുക്കുന്നു. കടൽവെള്ളം വറ്റുമ്പോൾ ഉപ്പ് അടിയുന്നു. കിലോമീറ്ററുകളോളം ഒരു പുല്ലുപോലുമില്ലാത്ത ഈ പ്രദേശത്ത് പകൽ യാത്രചെയ്യുക അതികഠിനം. കാരണം, സൂര്യരശ്മി മഞ്ഞുകട്ടകളിൽ പതിച്ച് കണ്ണിനുണ്ടാകുന്ന ബുദ്ധിമുട്ടുപോലെ, വെയിലുള്ളപ്പോൾ ഉപ്പളങ്ങളിലൂടെയുള്ള യാത്ര കണ്ണിന് ക്ലേശകരമാണ്. കണ്ണാടിയിൽ സൂര്യരശ്മിയടിക്കുമ്പോഴുണ്ടാകുന്ന ഒരനുഭവം പോലെ വളരെ ബുദ്ധിമുട്ടുണ്ടാകുന്നു. തണലിന് യാതൊരു സാധ്യതയുമില്ലാത്തതിനാൽ വെയിലുള്ളപ്പോൾ ഇവിടെനിന്ന് ജോലി ചെയ്യുന്നവർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഊഹിക്കാവുന്നതല്ലേയുള്ളു.

ഉപ്പളങ്ങളിൽ നിന്നും ഉപ്പ് ലോറികളിൽ കയറ്റി ഫാക്ടറികളിൽ എത്തിച്ച് ശുദ്ധീകരിച്ചാണ് ഉപ്പുപൊടി വിതരണത്തിനെത്തുന്നത്. തമിഴ്നാട്ടിലെ രാമനാഥപുരം ജില്ലയിലെ കടലാടി ബ്ലോക്കിൽ സ്ഥിതിചെയ്യുന്ന ഏർവാടി എന്ന സ്ഥലത്താണ് ഉപ്പിൽ അയഡിൻ ചേർക്കുന്ന ഗവൺമെന്റിന്റെ ഫാക്ടറി ഉള്ളത്. കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് അയഡിൻ ആവശ്യമായതിനാൽ അയഡിൻ ചേർന്ന ഉപ്പ് ജനങ്ങൾ ഉപയോഗിക്കണമെന്ന് കേന്ദ്രഗവൺമെന്റ് പബ്ലിസിറ്റി നൽകിക്കൊണ്ടിരിക്കുന്നു. അയഡിന്റെ അംശം ലഭിക്കാതെ വരുമ്പോൾ ബുദ്ധിമാന്ദ്യം വരെ സംഭവിക്കാം. മറ്റ് സംസ്ഥാനങ്ങളിൽ പലയിടത്തും നല്ലൊരു വിഭാഗം ജനങ്ങളും കല്ലുപ്പാണ് ഉപയോഗിക്കുന്നത്. ഇതിൽ അയഡിന്റെ അംശമില്ല. അതുകൊണ്ടാണ് അയഡിൻ കലർന്ന ഉപ്പ് വാങ്ങണമെന്ന് കേന്ദ്രഗവൺമെന്റ് പ്രചരണം നടത്തിവരുന്നത്. ഇപ്രകാരം തമിഴ്നാട്ടിലെ നിരവധി ഗ്രാമങ്ങളിൽ ഫീൽഡ് പബ്ളിസിറ്റി ഓഫീസർ എന്ന നിലയിൽ ഞാൻ പ്രചരണത്തിന് പോയിട്ടുണ്ട്. ഇതിന്റെ ചെലവിനായി 10000 രൂപ ഗവൺമെന്റ് ഞങ്ങളുടെ ഓഫീസിന് അനുവദിക്കുമ്പോൾ അതിന്റെ 75 ശതമാനം തുകയും ജനങ്ങൾക്ക് അയഡിൻ കലർന്ന ഉപ്പ് വാങ്ങി നൽകുവാനാണ് ഞാൻ ഉപയോഗിച്ചത്. വാഹനത്തിൽ ഒരു കിലോയുടെ നൂറുകണക്കിന് പായ്ക്കറ്റുകൾ കൊണ്ടുപോയി പ്രചരണ പരിപാടികളിൽ പങ്കെടുക്കാൻ വരുന്ന ഗ്രാമീണർക്കും സ്കൂളുകളിലെ കുട്ടികൾക്കും നൽകുമായിരുന്നു. ബാക്കിയുള്ള 25 ശതമാനം തുക അയഡിൻ ഉപ്പിന്റെ



> കടലിനോട് ചേർന്ന്
> മൈലുകളോളം
> ഉപ്പുവെള്ളം കെട്ടിക്കിടക്കുന്ന
> പാടശേഖരങ്ങൾ
> എന്ന് ഉപ്പളങ്ങളെ
> വിശേഷിപ്പിക്കാം.
> കിലോമീറ്ററുകളോളം
> നീളവും വീതിയും ഉള്ള
> കടൽതീരപ്രദേശങ്ങളാണിവ.

ഗുണങ്ങളെപ്പറ്റി തമിഴിൽ ബുക്ക്ലെറ്റുകൾ അടിച്ച് വിതരണം ചെയ്യാനുപയോഗിച്ചു. പബ്ളിസിറ്റിക്കായി ലഭിക്കുന്ന തുക എങ്ങനെ വിനിയോഗിക്കണം എന്ന് തീരുമാനിക്കാനുള്ള പൂർണ്ണമായ അവകാശം ഫീൽഡ് പബ്ളിസിറ്റി ഓഫീസർക്കുണ്ട്. ഗ്രാമങ്ങളിലെ സാധുക്കളായ വിദ്യാർത്ഥികൾക്ക് ഒരുകിലോ ഉപ്പു പായ്ക്കറ്റെങ്കിൽ അതെങ്കിലും ലഭിക്കട്ടെ എന്ന കരുതി ഗ്രാമീണ മേഖലയിലെ സ്കൂളുകളിലെത്തി വിദ്യാർത്ഥികളെയെല്ലാം മുറ്റത്ത് മരത്തണലിലിരുത്തി അയഡിൻ ഉപ്പ് ഉപയോഗിക്കേണ്ടതിന്റെ ആവശ്യത്തെപ്പറ്റി അച്ചടിച്ചിറക്കിയ നോട്ടീസ് വായിച്ച് കേൾപ്പിക്കും. ഓഫീസിലെ തമിഴ്നാട്ടുകാരായ സഹപ്രവർത്തകരുടെ സഹായത്തോടെയാണ് തമിഴിൽ ബുക്ക്ലെറ്റുകൾ അച്ചടിച്ചിരിക്കുന്നത്. സ്കൂളിലെ ഒരു വിദ്യാർത്ഥിയെക്കൊണ്ടുതന്നെയാണ് നോട്ടീസ് വായിപ്പിക്കുന്നത്. കൂടാതെ ഏതെങ്കിലും ഒരധ്യാപകൻ ഈ നോട്ടീസിനെ ആസ്പദമാക്കി വിദ്യാർത്ഥികളോട് പ്രസംഗിക്കും. സംഘാടകനെന്ന നിലയിൽ സ്വാഗതമോ നന്ദിയോ പറഞ്ഞ് ആ ചടങ്ങിൽ എന്റെ പങ്ക് നിറവേറ്റും. പരമാവധി ഒരു മണിക്കൂറിനുള്ളിൽ ഈ ബോധവൽക്കരണ സമ്മേളനം തീർക്കും. പങ്കെടുക്കുന്ന കുട്ടികൾക്കൊക്കെ ഉപ്പുപായ്ക്കറ്റുകൾ നൽകും. ആയിരത്തിലേറെ കുട്ടികൾ പങ്കെടുക്കുന്ന സമ്മേളനമാണെങ്കിൽ ഈ വിഷയത്തെപ്പറ്റി ക്വിസ് മത്സരം നടത്തി പത്തിരുന്നൂറ് കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് ഉപ്പുപായ്ക്കറ്റുകൾ നൽകും.

ഇങ്ങനെ ഒരു പരിപാടി നടത്തിയപ്പോൾ 'ഉപ്പുരസം' ഉണ്ടായ അനുഭവവും പങ്കുവയ്ക്കട്ടെ. ഒരു സ്കൂളിൽ വിതരണം നടത്തി ബാക്കി വരുന്ന ഉപ്പ് പായ്ക്കറ്റ് അടുത്ത സ്കൂളിലോ ഗ്രാമത്തിലോ വിതരണം ചെയ്യാനായി വണ്ടിയിൽ കരുതുക പതിവാണ്. കാരണം, ടൗണിലെ ഒരു വലി



യ കടയിൽനിന്നും ഹോൾസെയിൽ വില യ്ക്ക് ഉപ്പുചാക്കുകൾ വാങ്ങി, വണ്ടിയിൽ സ്റ്റോക്ക് ചെയ്ത് ദൂരെ സ്ഥലങ്ങളിൽ യാത്രചെയ്ത് അവിടെ താമസിച്ച് പ്രചരണപരിപാടി നടത്തുക എന്റെ ഓഫീസിന്റെ പതിവായിരുന്നു. ഒരു സ്കൂളിൽ ഉപ്പു പായ്ക്കറ്റ് വിതരണം പൂർത്തിയാക്കി മടങ്ങാനൊരുങ്ങുമ്പോൾ ഒരധ്യാപകൻ ജീപ്പി നടുത്തേയ്ക്ക് ഓടിവന്നു. വണ്ടിയിലിരിക്കുന്ന ഉപ്പുചാക്കുകളെ ചൂണ്ടിക്കാണിച്ചുകൊണ്ട് " ഇതൊന്നും ഇവിടെനിന്ന് കടത്തിക്കൊണ്ട് പോകുവാൻ സാധ്യമല്ല" എന്ന ശാഠ്യം പിടിച്ചു. ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് ആത്മാർത്ഥത കൂടിയാലും ഇങ്ങനത്തെ ബുദ്ധിമുട്ട് ഉണ്ടാകും എന്ന് സഹപ്രവർത്തകർ പല പ്രാവശ്യം എന്നോടു പറഞ്ഞു. എന്റെ മേലധികാരിയുടെയും (ജോയിന്റ് ഡയറക്ടർ) ജില്ലാകലക്ടറുടെയും ഒക്കെ ഫോൺനമ്പർ ഞാൻ ആ അധ്യാപകനു കൊടുത്തിട്ട് ഇപ്പോൾ ത്തന്നെ വിളിച്ച് കാര്യങ്ങൾ അന്വേഷിച്ചു നോക്കുവാൻ ആവശ്യപ്പെട്ടിട്ടും ആ അധ്യാപകന്റെ കലി അടങ്ങിയില്ല. സ്കൂൾ പ്രിൻസിപ്പലിനോട് ഞാൻ പരാതിപ്പെട്ടതിനെ തുടർന്ന് പ്രിൻസിപ്പൽ അയാളെ ശാസിച്ച് "സമരരംഗത്തു" നിന്നും പിൻവലിപ്പിക്കുകയായിരുന്നു. എനിക്കും അയാളെ കുറെ "left and right' fire ചെയ്യേണ്ട ഗതികേടുണ്ടായി. ഇത് ഒറ്റപ്പെട്ട ഒരു സംഭവമാണ്. 4 വർഷക്കാലം തമിഴ്നാട്ടിലെ മൂന്നു ജില്ലകളിലെ ധാരാളം സ്കൂളുകളിലും കോളേജുകളിലും ഞങ്ങൾ ബോധവൽക്കരണപരിപാടികൾ നടത്തിയപ്പോൾ അവിടുത്തെ 90 ശതമാനം അധ്യാപകരും വളരെ ആത്മാർത്ഥമായി ഞങ്ങളോട് സഹകരിക്കുകയാണുണ്ടായത്.

തമിഴ്നാട്ടിൽ തൂത്തുക്കുടി ജില്ലയിൽ ഓട്ടപ്പിടാരം, വിലാത്തിക്കുളം എന്നീ ബ്ലോക്കുകളിലാണ് ഉപ്പളങ്ങളുള്ളത്. ഈ രണ്ട് ബ്ലോക്കുകളും തൂത്തുക്കുടി പട്ടണത്തിൽ നിന്നും ഏകദേശം 40കിലോമീറ്റർ ചുറ്റളവിലാണ്. തൂത്തുക്കുടി പട്ടണത്തിന് 20 കിലോമീറ്റർ സമീപത്തും ഉപ്പളങ്ങളുണ്ട്. കന്യാകുമാരി ജില്ലയിലെ പാൽക്കുളം എന്ന സ്ഥലത്തും ഉപ്പളമുണ്ട്. ഉപ്പുസത്യാഗ്രഹത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് വിലാത്തിക്കുളം ബ്ലോക്കിലെ ഉപ്പളം സ്ഥിതിചെയ്യുന്ന ഒരു പഞ്ചായത്തിലാണ് ഞങ്ങൾ അന്ന് അനുസ്മരണ ചടങ്ങുകൾ സംഘടിപ്പിച്ചത്. പഞ്ചായത്ത് അധികൃതർ, തൂത്തുക്കുടിയിലെ നെഹ്റു യുവകേന്ദ്രം ഓഫീസ്, ചില സാമൂഹ്യസംഘടനകൾ എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി നടത്തിയത്. ഗാന്ധിജി നടത്തിയ ദണ്ഡി മാർച്ചിന്റെ സ്മരണ പുതുക്കിക്കൊണ്ട് ഒരു ദിവസം വൈകിട്ട് ജനങ്ങൾ ഒരു ഗ്രാമത്തിലൊത്തുകൂടി ഉപ്പളങ്ങളിലേയ്ക്ക് യാത്ര ചെയ്ത് ഉപ്പുവാരി മഹാത്മാഗാന്ധിക്കും രാഷ്ട്രത്തിനും വേണ്ടി മുദ്രാവാക്യം മുഴക്കി. ഇതൊക്കെ ഔദ്യോഗിക ജീവിതത്തിലെ നല്ല ഓർമ്മകളാണ്; അപൂർവ്വവും.

വെള്ളത്തിന് വളരെ ദൗർലഭ്യമുള്ള പ്രദേശമായിരിക്കും ഉപ്പളങ്ങൾ സ്ഥിതിചെയ്യുന്ന മേഖല. കുളിക്കാനും കുടിക്കാനും ഒക്കെയായി വെള്ളം ടാങ്കുകളിൽ കൊണ്ടുതരുന്ന ആൾക്കാർ അവിടെയുണ്ട്.





അങ്ങനെ ഒരു ടാങ്കുവെള്ളം വിലയ്ക്കു വാങ്ങിയാണ് ഞങ്ങൾ ഒന്നുരണ്ടുനാൾ ആ ഗ്രാമത്തിൽ കഴിഞ്ഞത്. വെള്ളക്ഷാമം ഓർത്ത് തൊട്ടടുത്ത ഒരു പട്ടണത്തിൽ പോയി മുറിയെടുത്തു. വെള്ളത്തിനു ദാരിദ്ര്യമില്ലാതെ നല്ലൊരു കുളി പാസ്സാക്കിക്കളയാം എന്നു കരുതി ബാത്ത്റൂമിലെ ബക്കറ്റിൽ വെള്ളം പിടിച്ച് തലയിലൂടെ ഒഴിച്ചു. തനി ഉപ്പുവെള്ളമായിരുന്നു അത്. വല്ലാത്ത അസ്വസ്ഥത. ലോഡ്ജിന്റെ ഉടമസ്ഥനോട് അന്വേഷിച്ചപ്പോൾ അവിടെ എവിടെപ്പോയാലും ഇതാണവസ്ഥ എന്നറിഞ്ഞു. ഹോട്ടലിൽ ഉണ്ണാനിരുന്നപ്പോൾ കുടിക്കാൻ കിട്ടിയതും ഉപ്പുവെള്ളം. പിടിച്ചുനിൽക്കാൻ പ്രയാസം. ആ സ്ഥലത്തെ പരിപാടി എല്ലാം മാറ്റിവച്ച് ഞാൻ ഓഫീസിലേയ്ക്ക് അന്നുതന്നെ യാത്രതിരിച്ചു. തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകളിൽ ഉപ്പളങ്ങൾ കണ്ടതും അവിടെ താമസിച്ചതും വേറിട്ട ഒരനുഭവമായിരുന്നു.

*(തുടരും)*

*ലേഖകൻ തമിഴ്നാട്ടിൽ ഫീൽഡ് പബ്ലിസിറ്റി ആഫീസറായിരുന്നു. ഇപ്പോൾ തിരുവനന്തപുരം ആകാശവാണിയിൽ ന്യൂസ് എഡിറ്ററാണ്*



**ബീഹാർ**

(അമൃതമഥനം തുടർച്ച)
**പട്നയിൽ നിന്നും വിനോദ്ബന്ധു**
തയ്യാറാക്കിയ ലേഖനത്തിന്റെ
മലയാള പരിഭാഷ
**വിവർത്തനം :**
**ഡോ. എം.എസ്. രാധാകൃഷ്ണപിള്ള**

# മൂടുപടത്തിനുള്ളിൽനിന്നും അധികാരക്കസേരയിലേയ്ക്ക്

പുരുഷോന്മുഖമായ സമൂഹത്തിലെ പഞ്ചായത്തീരാജ് വ്യവസ്ഥിതിയിൽ വനിതകൾക്കു ലഭിച്ച 50 ശതമാനം സംവരണം ബീഹാറിൽ ഗ്രാമീണ രാഷ്ട്രീയത്തിന്റെ ഭാഷ തന്നെ മാറ്റിമറിച്ചിരിക്കുന്നു. മുഖിയ (പഞ്ചായത്ത് തലവൻ) ആകാൻ കൊതിച്ചിരുന്ന അധികം പുരുഷന്മാരും ഇപ്പോൾ എം.പി. എന്നാണ് അറിയപ്പെടുന്നത്. എം.പി. എന്നുവച്ചാൽ മുഖിയ പതി (ഭർത്താവ്). അധികാരത്തിൽ വന്നശേഷം നിതീഷ് കുമാർ, ത്രിതല പഞ്ചായത്തുകളിൽ വനിതകൾക്ക് 50 ശതമാനം സംവരണത്തിനുള്ള വകുപ്പ് ഉൾപ്പെടുത്തിയപ്പോൾ ഇതേപ്പറ്റി പല സംശയങ്ങളും പ്രകടിപ്പിക്കപ്പെട്ടിരുന്നു. ഇതിലൊന്ന്, ബീഹാറിലെ ഗ്രാമീണ ജനപദങ്ങളിൽനിന്ന് മൂടുപടത്തിനുള്ളിൽ കഴിയുന്ന ഇത്രയധികം വനിതകൾ തെരഞ്ഞെടുപ്പിൽ മത്സരിക്കാനായി വീടുകളിൽനിന്നും പുറത്തുവരുമോ ഇല്ലയോ എന്നതായിരുന്നു. മറ്റൊരു വലിയ സംശയം, അഥവാ ഇവർ പഞ്ചായത്ത് അദ്ധ്യക്ഷയോ ബ്ലോക്ക് പ്രസിഡന്റോ ജില്ലാ പരിഷദ് അദ്ധ്യക്ഷയോ ആയിത്തീർന്നാൽത്തന്നെ പരോക്ഷമായി ഭരണം അവരുടെ ഭർത്താക്കന്മാരുടെ കൈകളിലായിരിക്കും എന്നതായിരുന്നു.

ആദ്യത്തെ സംശയം വനിതകൾ, സംവരണത്തിൽനിന്നും അഞ്ച് ശതമാനം അധികം, അതായത് 55 ശതമാനം സീറ്റുകൾ നേടിക്കൊണ്ട് നിരാകരിച്ചപ്പോൾ, രണ്ടുവർഷത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ, രണ്ടാമത്തെ സംശയവും ഏറെക്കുറെ അസ്ഥാനത്താണെന്ന് പറയാവുന്നതാണ്. 2006ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പുകളിൽ ആകെ തെരഞ്ഞെടുക്കപ്പെട്ട 1,14,621 അംഗങ്ങളിൽ 62,733 പേരും വനിതകളായിരുന്നു. പഞ്ചായത്തുകളിൽ സംവരണം ചെയ്യപ്പെട്ട സീറ്റുകളേക്കാൾ കൂടുതൽ സീറ്റുകളിൽ വനിതകൾ ജയിച്ചുവന്നപ്പോൾ മുഖ്യമന്ത്രി നിതീഷ്കുമാറിന്റെ പ്രതികരണം, ഇത് ബീഹാറിൽ വികസനത്തിനു വേണ്ടിയുള്ള മൗന വിപ്ലവത്തിന്റെ തുടക്കമാണെന്നായിരുന്നു. സംസ്ഥാനത്ത് പഞ്ചായത്ത് സമിതിക

**സംസ്ഥാനത്ത് വനിതാ പഞ്ചായത്ത് അംഗങ്ങളുടെ എണ്ണം പുരുഷന്മാരുടേതിനേക്കാൾ ഉദ്ദേശം 10 ശതമാനം കൂടുതലാണ്**



ളിൽ തെരഞ്ഞെടുക്കപ്പെട്ട ആകെ അംഗങ്ങളുടെ എണ്ണം 11,556 ആണ്. ഇതിൽ സ്ത്രീകളുടെ എണ്ണം 5,671 ആണ്. ഇതുപോലെ 8,459 മുഖിയമാരിൽ 4,222 പേർ സ്ത്രീകളും. 8,461 സർപഞ്ച്മാരിൽ സ്ത്രീകളുടെ എണ്ണം 4,022 ഉം ആണ്. സംസ്ഥാനത്ത് ജില്ലാ പരിഷദ് അംഗങ്ങളുടെ എണ്ണം 1,160 ആണ്. ഇതിൽ 578 പേർ വനിതകളാണ്.

പഞ്ചായത്ത് സമ്പ്രദായത്തിൽ ഇത്ര വൻപങ്കാളിത്തം ഉണ്ടായിട്ടും വനിതകൾക്ക് പൂർണ്ണമായും അവരുടെ സ്വന്തം നിലയ്ക്ക് തീരുമാനമെടുക്കാനും അവ നടപ്പാക്കാനും ഉള്ള സ്വാതന്ത്ര്യം ഇല്ലതന്നെ. എന്നാൽ അവർ പൂർണ്ണമായും തങ്ങളുടെ ഭർത്താക്കന്മാരെ ആശ്രയിക്കുകയാണെന്നോ അഥവാ അവരുടെ ഇംഗിതത്തിനൊത്ത് മരപ്പാവകളെപ്പോലെ പ്രവർത്തിക്കുകയാണെന്നോ പറയുന്നതും ശരിയല്ല. ഔട്ട്ലുക്ക് സാപ്താഹിക് റിപ്പോർട്ടർ ഈ വിഷയത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തിയപ്പോൾ മനസ്സിലായത് വനിതാ പഞ്ചായത്തംഗങ്ങൾ പല ബുദ്ധിമുട്ടുകളും സഹിച്ചുകൊണ്ട് തങ്ങൾക്കുകിട്ടിയ അവസരം പൂർണ്ണമായും വിനിയോഗിക്കുന്നുവെന്നാണ്.

പന്നോൾ ബ്ലോക്കിലെ ബേത്താകക്കർഘട്ടി പഞ്ചായത്തിലെ മുഖിയ മഞ്ചൂദേവി ഔട്ട്ലുക്ക് സാപ്താഹിക്കുമായി സംഭാഷണത്തിനിടയിൽ അവകാശപ്പെട്ടത് ഒരു വനിത മുഖിയ ആയുള്ള പഞ്ചായത്തിൽ എത്ര ശക്തമായ രീതിയിലാണ് വികസനപ്രവർത്തനങ്ങൾ നടന്നുവരുന്നത്, അത്ര നല്ല രീതിയിൽ പുരുഷന്മാർ മുഖിയമാരായുള്ള പഞ്ചായത്തുകളിൽ നടന്നു കാണുന്നില്ല എന്നാണ്. എന്നാൽ വനിത മുഖിയ, ബ്ലോക്ക് പ്രസിഡന്റ്, പഞ്ചായത്ത് അദ്ധ്യക്ഷമാരോടുള്ള ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സമീപനം വളരെ മോശപ്പെട്ടതാണ്. മേധാപുർ ബ്ലോക്കിലെ ദീപ്പൂർവ്വി പഞ്ചായത്തിലെ മുഖിയ രാംകുമാരി ദേവി പറഞ്ഞത് : മുൻപ് ഞാൻ മൂടുപടത്തിനുള്ളിലായിരുന്നു. ഇപ്പോൾ ഞാൻ പഞ്ചായത്തിന്റെ വികസനപദ്ധതികൾ ആവിഷ്ക്കരിക്കുന്നു എന്നാണ്. ഞാൻ സ്വമനസ്സാലെ തീരുമാനങ്ങളെടുക്കുന്നു. എന്നിട്ട് അത് നടപ്പാക്കിയെന്ന് ഉറപ്പാക്കുന്നു. എന്നാൽ പുരുഷന്മാർ ആരോപിക്കുന്നത് ഞാൻ ഭർത്താവ് പറയുന്നതനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്നാണ്. വിധിവൈപരീത്യം നോക്കുക. ഭർത്താവായ മുഖിയ ഭാര്യയോട് അഭിപ്രായം ചോദിച്ചാൽ അതിൽ യാതൊരു തെറ്റും കാണുന്നില്ല. എന്നാൽ സ്ത്രീകൾ ഭർത്താക്കന്മാരോട് അഭിപ്രായം ആരാഞ്ഞാൽ ജനങ്ങൾ പറയും ഇവർക്ക് ഒന്നും അറിയില്ല എന്ന്.

ലഖനൗർ ബ്ലോക്കിലെ ബേഹട്ട് പൂർവ്വിയിലെ മുഖിയ രാധാദേവി പറയുന്നത് - വനിതകൾ അവരെയേല്പ്പിക്കുന്ന ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിറവേറ്റാറുണ്ടെന്ന് തെളിയിച്ചു കഴിഞ്ഞിരിക്കുന്നു എന്നാണ്. ബീഹാറിൽനിന്ന് ആദ്യമായി മുഖിയ, സർപഞ്ച്, ബ്ലോക്ക് പ്രസിഡന്റ് അഥവാ ജില്ലാ പരിഷദ് അദ്ധ്യക്ഷ പദവികളിലെത്തിയ വനിതകളുടെ എണ്ണം വളരെ അധികമാണ്. ഈ നിലയ്ക്ക്, അവർക്ക് അധികംപേർക്കും അനുഭവസമ്പത്ത് കുറവാണെങ്കിലും അവർ നന്നായി പ്രവർത്തിക്കുന്നുണ്ട്. അടുത്ത തവണ ജയിച്ചുവന്നാൽ അവർ തങ്ങളുടെ കഴിവ് തെളിയിച്ചു കൊടുക്കുകതന്നെ ചെയ്യും.

പഞ്ചായത്തീരാജ് വ്യവസ്ഥിതിയിലും ഭരണത്തിലും പല മേഖലങ്ങളിലും വനിതാ പഞ്ചായത്ത് പ്രതിനിധികൾക്കും ശാഠ്യത്തിന്റെ പോരിനേയും നേരിടേണ്ടിവരുന്നുണ്ട്. ഈ അടുത്തകാലത്ത്, ഗയയിലെ ഡിവിഷണൽ കമ്മീഷണർ കെ. പി. രമൈയ്യാ അവിടുത്തെ ജില്ലാ പരിഷദ് അദ്ധ്യക്ഷയെ പിരിച്ചുവിടുകയുണ്ടായി. പഞ്ചായത്തീരാജ് വകുപ്പിലെ പ്രിൻസിപ്പൽ സെക്രട്ടറി, കമ്മീഷണറുടെ ഉത്തരവ് തടഞ്ഞുകൊണ്ട് ജില്ലാ പരിഷദ് അദ്ധ്യക്ഷ ശോഭാസിംഗിനെ തൽസ്ഥാനത്തുതന്നെ തുടരുവാൻ ഉത്തരവിറക്കിയപ്പോൾ കമ്മീഷണർ ഇത് അനുസരിക്കുവാൻ കൂട്ടാക്കിയില്ല. മുഖ്യമന്ത്രിയുടെ ജനതാ ദർബാറിലും വനിതാ പഞ്ചായത്ത് പ്രതിനിധി പലതവണ ഉദ്യോഗസ്ഥ പ്രഭുത്വത്തിനെതിരെ പരാതിയുമായി സമീപിച്ചിട്ടുണ്ട്. മധുബനിയിലെ ജില്ലാ പരിഷദ് അദ്ധ്യക്ഷ രാഗിണിദേവി അഭ്യസ്തവിദ്യയും സമാജ് വാദി പാർട്ടിയുടെ നേതാവ് ധനിക് ലാൽ മണ്ഡലിന്റെ പുത്രവധുവുമാണ്. ഭരണപക്ഷമായ ജനതാദൾ(യു)മായി ബന്ധമുണ്ടായിട്ടും കഴിഞ്ഞ രണ്ടുവർഷമായി അവർ തന്റെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് കഷ്ടപ്പെടുകയാണ്. അവിടുത്തെ ജില്ലാ ഭരണാധികാരി രാഹുൽസിംഗ് അവരെ പ്രവർത്തിക്കുവാൻ അനുവദിച്ചില്ല. ഇതുപോലെയുള്ള പരാതികൾ മറ്റിടങ്ങളിൽനിന്നും ഉണ്ടായിട്ടുണ്ട്. എന്നാൽ ഇത് ആദ്യതവണ മാത്രമായിരിക്കുമെന്ന് ഉറപ്പാണ്. അടുത്ത തെരഞ്ഞെടുപ്പിൽ 50 ശതമാനം വനിതകൾ തെരഞ്ഞെടുക്കപ്പെട്ടുവരുമ്പോൾ അവരുടെ ധൈര്യം ഇരട്ടിയായിരിക്കും. അപ്പോൾ അവരുടെ മാർഗ്ഗത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കുക അത്ര എളുപ്പമായിരിക്കുകയില്ല.

*Courtesy : Outlook Sapthahik 22-28 April, 2008*

## കുടുംബശ്രീ സുസ്ഥിര സംഘടനാ സംവിധാനത്തിലേയ്ക്ക്

*പേജ് 13 ന്റെ തുടർച്ച*

സാമ്പത്തിക സ്രോതസ്സ് ഏതായാലും കുടുംബശ്രീ സംരംഭകരെ ഒന്നിപ്പിക്കുകയാണ് ലക്ഷ്യം. സംരംഭ സംഗമത്തിൽ വച്ച് ഓരോ സംരംഭത്തിന്റെയും നിലവിലെ ഉത്പാദന ശേഷി, വിപണനം, വരുമാനം, പാക്കിംഗ്- അസംസ്കൃത വസ്തുക്കളുടെ ലഭ്യത തുടങ്ങിയവയുമായി ബന്ധപ്പെട്ട് നിലവിൽ നേരിടുന്ന പ്രശ്നങ്ങൾ കൃത്യമായി തിട്ടപ്പെടുത്താൻ കഴിയണം. പ്രശ്നങ്ങൾ ചിട്ടപ്പെടുത്തിയാൽ മാത്രംപോര, അടിയന്തരമായി കുടുംബശ്രീ മിഷനും തദ്ദേശഭരണ സ്ഥാപനത്തിനും നൽകാൻ കഴിയുന്ന സഹായങ്ങളും പിന്തുണയും സമയബന്ധിതമായി ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഉദാഹരണം-ഉത്പന്നത്തിന്റെ ഗുണനിലവാരം ഉയർത്താൻ പരിശീലനം ആവശ്യമുണ്ടെങ്കിൽ അവ ലഭ്യമാക്കുന്നതിനും റിവോൾവിംഗ് ഫണ്ട് ലഭിച്ചിട്ടില്ലാത്ത സംരംഭങ്ങൾക്ക് അവ അതിവേഗം ലഭ്യമാക്കാനും, കുടുംബശ്രീ ജില്ലാ മിഷൻ ശ്രദ്ധിക്കേണ്ടതാണ്. ആരോഗ്യകരമായ പായ്ക്കിംഗ് ഉറപ്പാക്കുന്നതിന് സാങ്കേതിക സഹായം ആവശ്യമെങ്കിൽ കാലവിളംബം കൂടാതെ ലഭ്യമാക്കാൻ കഴിയണം. ഓരോ തദ്ദേശഭരണ സ്ഥാപനവും സി.ഡി.എസും തങ്ങളുടെ പ്രദേശത്തെ സംരംഭങ്ങൾക്ക് ലഭിക്കേണ്ട സഹായം യഥാസമയം ലഭിച്ചുവെന്ന് ഉറപ്പാക്കുകയുംവേണം. സംഗമങ്ങളിൽ പങ്കെടുക്കുന്ന മുഴുവൻ സംരംഭങ്ങളുടെയും ഉല്പന്നങ്ങൾ മാസചന്തകളിൽ എത്തുമെന്ന് ഉറപ്പാക്കണം. താഴെ പറയുന്ന പ്രവർത്തനങ്ങളാണ് നിലവിലുള്ള സംരംഭങ്ങളുടെ ശാക്തീകരണത്തിന് കാമ്പയിന്റെ ഭാഗമായി ലക്ഷ്യമിട്ടിരിക്കുന്നത്.

1. മൈക്രോ സംരംഭ സംഗമങ്ങൾ നടത്തുകയും അതുവഴി മൈക്രോ സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ലാഭകരമാക്കുന്നതിനും ആവശ്യമായ പിന്തുണാ പ്രവർത്തനങ്ങൾ നിശ്ചയിക്കുകയും അവ ലഭ്യമാക്കുകയും ചെയ്യുക.

2. മികച്ച സംരഭകരുടെ വിജയാനുഭവം മറ്റുള്ളവർക്ക് അറിയാൻ അവസരം സൃഷ്ടിക്കുന്നതോടൊപ്പം പ്രോത്സാഹന പരിപാടികളും സംഘടിപ്പിക്കുക.

3. സംരംഭ സംഗമത്തിൽ പങ്കെടുക്കുന്ന മുഴുവൻ സംരഭകരെയും കുടുംബശ്രീ മാസചന്തകളുമായി ബന്ധപ്പെടുത്തുക, മാസച്ചന്തകളുടെ എണ്ണം വർദ്ധിപ്പിക്കുക.

4. സംരംഭങ്ങളെ കുടുംബശ്രീ മാസച്ചന്തകളുമായി ബന്ധപ്പെടുത്തുന്നതിന്



മുന്നോടിയായി ഉത്പന്നങ്ങളുടെ ഗുണനിലവാരം, ആരോഗ്യകരമായ പായ്ക്കിംഗ് എന്നിവ മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുക.

### 5. തൊഴിലുറപ്പ് പദ്ധതി

കുടുംബശ്രീ അയൽക്കൂട്ട കുടുംബങ്ങളിൽ തൊഴിൽ കാർഡുള്ള മുഴുവൻ പേരേയും തൊഴിൽ ചെയ്യാൻ എത്തിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. ഇതോടൊപ്പം ലേബർ ബഡ്ജറ്റ് ഉണ്ടാക്കുന്ന പ്രവർത്തനത്തിൽ അയൽക്കൂട്ട, എ.ഡി.എസ്സ് ഭാരവാഹികളുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പരിശീലനവും ലക്ഷ്യമിടുന്നു. കൂടാതെ ഫലവൃക്ഷങ്ങൾക്കായി സി.ഡി.എസ് തല നേഴ്സറികൾ സജ്ജമാക്കുന്നതിനും പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. എ.ഡി.എസ്സുകൾക്ക് മേറ്റിന്റെ ചുമതല ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ആവശ്യമായ പ്രായോഗിക പരിശീലനവും ഈ ക്യാമ്പയിന്റെ ഭാഗമാണ്. ഇതോടൊപ്പം എ.ഡി.എസ്സുകളുടെ പ്രവർത്തനത്തിന് മേൽനോട്ടം നൽകാൻ പാകത്തിന് സി.ഡി.എസ്സിൽ ഒരു പ്രത്യേക സബ്കമ്മിറ്റി രൂപീകരിക്കുകയും അവർക്ക് ഇതിനാവശ്യമായ പരിശീലനം നൽകുകയും ചെയ്യണം. മേറ്റായി പ്രവർത്തിക്കുന്ന മുഴുവൻ എ.ഡി.എസ് അംഗങ്ങൾക്കും സി.ഡി.എസ്സിന്റെ നേതൃത്വത്തിൽ പരിശീലനം നൽകുകയും മേറ്റിന്റെ ചുമതലാ നിർവ്വഹണത്തിന് യോഗ്യരാണെന്നുള്ള സി.ഡി.എസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. കൂടാതെ മേറ്റ് ചുമതലാ നിർവ്വഹണത്തിൽ പുലർത്തേണ്ട നിബന്ധനകൾ, സത്യസന്ധത ഇവയിലുണ്ടാകുന്ന വീഴ്ചകൾക്കുള്ള ഉത്തരവാദിത്വം എന്നിവ ഉൾപ്പെടുന്ന ഒരു സത്യപ്രസ്താവന സി.ഡി.എസ്സിന് ഒപ്പിട്ട് മേറ്റായി പ്രവർത്തിക്കുന്നവർ നൽകേണ്ടതാണ്. ഇതോടൊപ്പം ഓരോ എ.ഡി.എസും വാർഡുകളിൽ ഉടൻ ആരംഭിക്കേണ്ട പ്രവർത്തികളുടെ വിവരം പഞ്ചായത്തുകളിൽ നിന്ന് സമാഹരിക്കുകയും അവ ഒരു ക്യാമ്പയിൻ പ്രവർത്തനമായി ആരംഭിക്കുന്നതിനുള്ള പ്രവർത്തന കലണ്ടർ തയ്യാറാക്കുകയും വേണം. ഇതിലൂടെ തൊഴിൽ കാർഡുള്ള മുഴുവൻ കുടുംബശ്രീ അംഗങ്ങളേയും തൊഴിലുറപ്പു പദ്ധതിയിൽ തൊഴിലെടുക്കുന്നതിനായി അണിനിരത്താൻ കഴിയണം. തൊഴിലുറപ്പു പദ്ധതിയിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ചുമതലകളുമായി ബന്ധപ്പെട്ട് (അയൽക്കൂട്ടം, എ.ഡി.എസ്, സി.ഡി.എസ്, മേറ്റ് ആയി പ്രവർത്തിക്കുന്നവരുടെ ചുമതലകൾ, എ.ഡി.എസ് ന്റെ ധനവിനിയോഗം) സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്ന മാർഗ്ഗരേഖ മുഴുവൻ കുടുംബശ്രീ പ്രവർത്തകരിലേയ്ക്കും എത്തിക്കാൻ കഴിയേണ്ടതാണ്. കൂടാതെ ഫലവൃക്ഷങ്ങളുടെ നേഴ്സറി ഉണ്ടാക്കുന്നതിന് സി.ഡി.എസ് ന്റെ നേതൃത്വത്തിൽ ഒരു സംഘത്തെ കണ്ടെത്തി രൂപീകരിക്കുവാനും കഴിയണം. താഴെപറയുന്ന പ്രവർത്തനങ്ങൾക്കായിരിക്കും ക്യാമ്പയിനിൽ ഊന്നൽ നല്കുക.

1. തൊഴിൽ കാർഡ് ലഭിച്ച മുഴുവൻ കുടുംബശ്രീ കുടുംബങ്ങളേയും തൊഴിൽ ചെയ്യാൻ സന്നദ്ധമാക്കുക.

2. എ.ഡി.എസ് ഭരണസമിതി അംഗങ്ങളെ പണിയുടെ മേൽനോട്ടത്തിനും അക്വിറ്റൻസ്, മറ്റു രേഖകൾ തയ്യാറാക്കൽ, സുതാര്യ നടപടികൾ ഉറപ്പാക്കൽ, തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ചെയ്യുന്നവർക്കായി ലഭ്യമാക്കേണ്ട അനുബന്ധ സേവന സൗകര്യങ്ങൾ നൽകുന്നത് ഉൾപ്പെടെയുള്ള പ്രവർ ത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പ്രാപ്തമാക്കുക.

3. അനുയോജ്യമായ പണികൾ കണ്ടെത്തി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിൽ ഇടപെടുക.

4. പഞ്ചായത്ത് തല ലേബർ ബഡ്ജറ്റ്/തൊഴിലുറപ്പ് പദ്ധതി പ്ലാൻ തയ്യാറാക്കാൻ പ്രാപ്തമാക്കുക.

5. സി.ഡി.എസുകളുടെ നേതൃത്വത്തിൽ ഫലവൃക്ഷ നേഴ്സറികൾ സജ്ജമാക്കുക.

### 6. ബാലസഭാ ക്യാമ്പയിൻ

കുടുംബശ്രീ സംഘടനാ സംവിധാനത്തിന് കീഴിൽ 45417 ബാലസഭകളിലായി 794530 കുട്ടികളുണ്ട്. ഇനിയും ബാലസഭകൾ ഇല്ലാത്ത അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ പുതിയ ബാലസഭകൾ രൂപീകരിക്കുന്നതോടൊപ്പം വേണ്ടത്ര പ്രവർത്തനക്ഷമമല്ലാത്ത ബാലസഭകളെ പ്രവർത്തനക്ഷമമാക്കുന്നതിനുമാണ് കാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും/നഗരസഭകളിലും കുട്ടികളുടെ ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണ്. ബാലസഭ ഭാരവാഹികളുടെ നേതൃത്വത്തിലുള്ള ഈ ക്യാമ്പിൽ വച്ച് അവർ വിഭാവനം ചെയ്യുന്ന ബാലസഭാ പ്രവർത്തനങ്ങൾ തയ്യാറാക്കേണ്ടതാണ്. കുട്ടികളുടെ ചിന്തയേയും സ്വപ്നത്തേയും സ്വതന്ത്രമായി പുറത്തേയ്ക്കു കൊണ്ടുവരാൻ കഴിയുന്ന തരത്തിലായിരിക്കണം പഞ്ചായത്ത്/നഗരസഭാ തലത്തിൽ സംഘടിപ്പിക്കുന്ന ബാലസഭാ ക്യാമ്പുകൾ. കൂടാതെ കുട്ടികളുടെ അവകാശത്തിലധിഷ്ഠിതമായി ബാലസഭ പ്രവർത്തനത്തെ പുന:സംഘടിപ്പിക്കുന്നതിനും ഈ കാലയളവിൽ ശ്രദ്ധിക്കേണ്ടതാണ്. ഇതിനു മുന്നോടിയായി സി.ഡി.എസ്, എ.ഡി.എസ് സമിതികളിൽ ബാലസഭ ചുമതലയുള്ള അംഗങ്ങൾക്ക് കുട്ടികളുടെ അവകാശത്തെ സംബന്ധിച്ച് പ്രത്യേക പഠന ക്യാമ്പുകൾ സംഘടിപ്പിക്കണം. ഈ പ്രവർത്തനങ്ങളുടെ മുന്നോടിയായി ബാലസഭ പ്രവർത്തനങ്ങളെ ചലനാത്മകമാക്കാൻ എല്ലാ പഞ്ചായത്ത്/നഗരസഭാ തലങ്ങളിലും ജനുവരി അവസാനത്തെ അവധി ദിവസങ്ങളിൽ കുട്ടികളുടെ നേതൃത്വത്തിൽ അവർക്ക് താൽപര്യവും ഉത്സാഹവും പകരുന്ന ആഘോഷങ്ങളും, സംഗമങ്ങളും സംഘടിപ്പിക്കാവുന്നതാണ്. ദൂരദർശിനിയുടെ 400-ാം വാർഷികത്തിന്റെ ഭാഗമായി കുട്ടികൾക്കായി വാനനിരീക്ഷണവുമായി ബന്ധപ്പെട്ട് വ്യാപകമായി ക്യാമ്പുകൾ സംഘടിപ്പിക്കാനും ലക്ഷ്യമിടുന്നു. പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള ബാലസഭകളുടെ പ്രവർത്തനം വിലയിരുത്തലും അവ ഡോക്യുമെന്റ് ചെയ്യലും.

2. ഓരോ ബാലസഭയും അതിന് സമീപമുള്ള ബാലസഭാ പ്രദേശത്തെ മുഴുവൻ കുട്ടികളേയും ബാലസഭയിൽ ഉൾപ്പെടുത്തൽ.

3. ഇനിയും ബാലസഭ രൂപീകരിച്ചിട്ടില്ലാത്ത പ്രദേശങ്ങളിൽ ബാലസഭ രൂപീകരിക്കൽ.

4. ബാലസഭ പ്രവർത്തനങ്ങൾ കുട്ടികളുടെ നേതൃത്വത്തിൽ ആവിഷ്ക്കരിക്കാനുള്ള പഞ്ചാത്ത്/നഗരസഭാതല ക്യാമ്പുകൾ സംഘടിപ്പിക്കൽ.

5. പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിന് ജനുവരി മാസത്തെ അവസാന അവധി ദിവസങ്ങളിൽ പ്രത്യേക ആഘോഷ പരിപാടികൾ സംഘടിപ്പിക്കൽ.

6. ദൂരദർശിനിയുടെ 400-ാം വാർഷികത്തിന്റെ ഭാഗമായ ക്യാമ്പുകൾ സംഘടിപ്പിക്കൽ.

7. ബാലസഭകളുടെ പ്രവർത്തന നേതൃത്വമെന്ന നിലയ്ക്ക് ബാലപഞ്ചായത്ത് രൂപീകരിക്കൽ.

മേൽപറഞ്ഞ ക്യാമ്പയിൻ വിഷയങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് മുഴുവൻ സി.ഡി.എസ്. ഭരണ സമിതി അംഗങ്ങൾക്കും, എ.ഡി.എസ്. ഭരണ സമിതികൾക്കും അയൽക്കൂട്ടത്തിലെ അഞ്ച് അംഗ ഭരണ സമിതി അംഗങ്ങൾക്കും 2009 ജനുവരി 25-നുള്ളിൽ പരിശീലനം നല്കുന്നതാണ്. ഇതിനു മുന്നോടിയായി സംസ്ഥാനതലത്തിൽ 650 റിസോഴ്സ് പേഴ്സൺമാർക്ക് പരിശീലനം നല്കി കഴിഞ്ഞു. കാമ്പയിന്റെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിന് പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികളുടെ സംസ്ഥാനതല ശില്പശാല 2008 ഡിസംബർ 26, 27 തീയതികളിൽ വയനാട് വച്ച് നടന്നു. ജില്ലാ തലത്തിൽ ക്യാമ്പയിൻ വിപുലമായി ആസൂത്രണം ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ ജില്ലാ കമ്മിറ്റിയുടേയും, കുടുംബശ്രീ ജില്ലാ മിഷന്റേയും നേതൃത്വത്തിൽ ജില്ലാ തല ശില്പശാലകൾ സംഘടിപ്പിച്ചുവരുന്നു.

*(ലേഖിക കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറാണ്)*

**ശുചിത്വ കേരളം സുന്ദര കേരളം**

# BIOTECH

## International Green Oscar Award Winner

the Ashden Awards
for sustainable energy

**പ്രകൃതിക്കിണങ്ങിയ മാലിന്യ സംസ്ക്കരണത്തിന്**
**ബയോടെക് പ്ലാന്റുകൾ**




ബയോടെക് ഡയറക്ടർ എ. സജിദാസ്
മുൻ അമേരിക്കൻ വൈസ്പ്രസിഡന്റ് അൽഗോറിൽ
നിന്നും ഗ്രീൻ ഓസ്കാർ അവാർഡ് ഏറ്റുവാങ്ങുന്നു




I^p-hn-bx-¡ {Ka-]-'m-b¯v am¡ vsIm«wPn^

മാർക്കറ്റുകളിലെയും അറവുശാലകളിലെയും
മാലിന്യം സംസ്ക്കരിച്ച് വൈദ്യുതി




**സംയോജിത മാലിന്യ സംസ്ക്കരണ പ്ലാന്റ്**
]fl -\m-]pcw {Kma-]-'m-b¯v am¡ vsIm«wPn^



Kmln-\-ay\-ww-kv-IW ,m v
t]m«-_n~ anU´

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കാൻ ആവശ്യമായ ബോധവൽക്കരണം, സ്ഥല പരിശോധന, സാദ്ധ്യതാ പഠനം, പദ്ധതി തയ്യാറാക്കൽ, പദ്ധതി നടപ്പാക്കൽ തുടങ്ങി എല്ലാ സാങ്കേതിക സഹായവും ബയോടെക്കിൽ നിന്നും ലഭ്യമാണ്.

ബയോടെക്കിന്റെ സാങ്കേതിക സഹായത്തോടെ സ്ഥാപിക്കുന്ന പ്ലാന്റുകൾക്ക് കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പിന്റെ സബ്സിഡിയും ബയോടെക്കിൽ നിന്നും ലഭിക്കുന്നു.

വിശദ വിവരങ്ങൾക്ക്...

**BIOTECH**
CENTRE FOR DEVELOPMENT OF BIO GAS TECHNOLOGY
AND OTHER - NON CONVENTIONAL ENERGY SOURCES

Post Box No 520, M.P. Appan Road, Vazhuthacadu
Thycadu P.O., Thiruvananthapuram - 695 014. Kerala, S.India
Phone : 0471 - 2321909, 2331909, 2332179
Tele Fax : 0471-2331909 E-mail : biotechindia@eth.net

**Helpline Numbers : 94460 00960, 94460 00961, 94460 00962**

# ബയോടെക്ക് മാലിന്യസംസ്കരണ വാർത്തകൾ

## മാലിന്യങ്ങളിൽ നിന്നും വാഹന ഇന്ധനം 50% സബ്സിഡി

**ഗുരുതരമായ പരിസ്ഥിതിമലിനീകരണം ഉണ്ടാക്കുന്ന ജൈവമാലിന്യങ്ങൾ സംസ്കരിച്ച് വാഹനം ഓടിക്കുന്നതിനുള്ള ഇന്ധനം ഉണ്ടാക്കാവുന്ന ഒരു ബൃഹത് പദ്ധതി തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന ബയോടെക്ക് രൂപകൽപ്പന ചെയ്തു. ബയോടെക് വികസിപ്പിച്ചെടുത്ത സംയോജിത മാലിന്യസംസ്കരണ പദ്ധതിയിൻ കീഴിൽ ഒരേ പ്ലാന്റിൽ വിവിധ സാങ്കേതികവിദ്യകൾ സമന്വയിപ്പിച്ചു കൊണ്ടാണ് ഈ പ്ലാന്റ് പ്രവർത്തിക്കുന്നത്. എല്ലാത്തരം ജൈവമാലിന്യങ്ങളും സംസ്കരിക്കാവുന്ന ഈ പ്ലാന്റിൽനിന്നും പരിമിതമായ തോതിൽ ജൈവവളവും ലഭിക്കുന്നു. പ്ലാന്റിൽ നിന്നും മലിനജലം പുറത്തേക്ക് ഒഴുകാത്തവിധത്തിലുള്ള സ്ലറി റീസൈക്ലിം സിസ്റ്റവും പ്ലാന്റിന്റെ രൂപകല്പനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജൈവമാലിന്യ സംസ് കരണവും വാഹന ഇന്ധന ഉത്പ്പാദനവും ഒരു പോലെ സാദ്ധ്യമാക്കുന്ന ഈ പദ്ധതിക്ക് ചെലവാകുന്ന തുകയുടെ 50% സബ്സിഡിയായും ലഭിക്കുന്നു. മാലിന്യ പ്രശ്നങ്ങൾ രൂക്ഷമായിരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ ൾക്കും വ്യവസായശാലകൾക്കും ഭക്ഷ്യസംസ്കരണ യൂണിറ്റുകൾക്കും ഒരുപോലെ പ്രയോജനപ്പെടുത്താവുന്ന ഈ പദ്ധതിയിൻ കീഴിൽ ജൈവവാതകത്തെ ശുദ്ധീകരിച്ച് പ്രകൃതിവാതകത്തിന്** (DNG) **തുല്ല്യമായ നിലവാരത്തിലാക്കിയ ശേഷമാണ് വാഹന ഇന്ധനമായി ഉപയോഗിക്കാവുന്നത്. പ്രാരംഭഘട്ടത്തിൽ വിവിധ സ്ഥലങ്ങളിൽ നിന്നും മാലിന്യം ശേഖരിച്ച് സംസ്കരണ പ്ലാന്റുകളിലേയ്ക്ക് എത്തിക്കുന്ന വാഹനങ്ങൾക്ക് ഇന്ധനമായും. തുടർന്ന് വ്യാവസായികടിസ്ഥാനത്തിൽ മറ്റ് വാഹനങ്ങൾക്ക് ഇന്ധനമായി ഉപയോഗിക്കുന്നതിനും കഴിയും.** ഇതിനായി പ്രത്യേകം രൂപകല്പ്പനചെയ്ത ഇന്ധനടാങ്കുകളോടുകൂടിയ വാഹനങ്ങളും ഈ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപന ങ്ങൾക്ക് ലഭിക്കുന്നതാണ്. സംസ്കരണപ്ലാന്റിലേയ്ക്ക് മാലിന്യം ശേഖരിച്ച്കൊണ്ടുവ രുന്ന വാഹനങ്ങൾക്ക് ഇന്ധനം പ്ലാന്റിൽ നിന്നും നൽകുകവഴി ആ ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രതിവർവർഷം ചെലവഴിക്കേണ്ടിവ രുന്നതുകയും ലാഭിക്കാൻ കഴിയും. ഒരേസമയം മാലിന്യസംസ്കരണവും വാഹന ഇന്ധന ഉത്പ്പാദനവും സാദ്ധ്യമാക്കുന്ന ഈ പ്ലാന്റ് ഈ രംഗത്തെ ഒരു വൻ പ്പിച്ച മാറ്റത്തിനുള്ള വഴികാട്ടിയായിരിയ്ക്കും. ഈ പദ്ധതിയിൻ കീഴിൽ സ്ഥാപിക്കുന്ന പ്ലാന്റുകളുടെ പ്രവർത്തനവും ആദ്യത്തെ 5 വർഷക്കാലം ബയോടെക് ഏറ്റെടുത്തുനടത്തുന്നതാണ്. **ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്ഥലപരിശോധന, പ്രോജക്ട് തയ്യാറാക്കൽ തുടങ്ങിയ എല്ലാ സാങ്കേതിക സഹായങ്ങളും ബയോടെക്കിൽ നിന്നും ലഭ്യമാണ്.**

## 100% ബയോഗ്യാസ് എഞ്ചിൻ വികസിപ്പിച്ചെടുത്തു.

മാലിന്യസംസ്കരണ ഫലമായുണ്ടാകുന്ന ജൈവാതകം മാത്രം ഇന്ധനമായി ഉപയോഗിച്ചു പ്രവർത്തിക്കുന്ന ബയോഗ്യാസ് എഞ്ചിനുകൾ ബയോടെക് വികസിപ്പിച്ചെടുത്തു. ഇത്തരത്തിലുള്ള എഞ്ചിനുകൾ 12 ഗ്രാമ പഞ്ചായത്തുകളിൽ ബയോടെക് സ്ഥാപിച്ച മാലിന്യ സംസ്കരണ വൈദ്യുതി ഉത്പാദന പ്ലാന്റുകളോടനുബന്ധിച്ച് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. മാലിന്യസംസ്കരണ പ്ലാന്റുകളിൽ നിന്നുംഉണ്ടാകുന്ന ബയോഗ്യാസും ഡീസലും സംയക്തമായി 80–20 അനുപാതത്തിൽ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ജനറേറ്ററുകളാണ് വ്യാപകമായി ഉപയോഗിച്ചുവരുന്നത്. എന്നാൽ ഈ രംഗത്ത് ബയോടെക് നടത്തിയ ഈ പുതിയ കാൽവെയ്പ്പ് പ്ലാന്റിനോടനുബന്ധിച്ച് ജനറേറ്ററുകൾ പ്രവർത്തിക്കുന്നതിന് വേണ്ടിവരുന്ന ഡീസൽചെലവ് പൂർണമായി ഒഴിവാക്കുന്നതിന് സഹായിക്കുന്നു. മാലിന്യസംസ്കരണ പ്ലാന്റിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം ലാഭകരമാക്കിതീർക്കാൻ ബയോടെക്കിന്റെ 100% ബയോഗ്യാസ് എഞ്ചിനുകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

## പത്തനാപുരം ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്ലാന്റ് – ആറാം വർഷത്തിലേക്ക്

ഒരു മാലിന്യ സംസ്കരണ പ്ലാന്റിൽ തന്നെ വിവിധ സാങ്കേതികവിദ്യകൾ ഒരേസമയം പ്രയോജനപ്പെടുത്തി എല്ലാത്തരം മാലിന്യങ്ങളും സംസ്കരിക്കാൻ കഴിയുന്ന നിലവാരത്തിലേയ്ക്ക് ശേഷിവർദ്ധിപ്പിച്ച കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമ പഞ്ചായത്ത് മാർക്കറ്റിലെ ബയോടെക്ക് – സംയോജിത മാലിന്യസംസ്കരണ പ്ലാന്റ് വിജയകരമായി അഞ്ചുവർഷത്തെ പ്രവർത്തനം പൂർത്തിയാക്കി ആറാം വർഷവും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. സമീപപ്രദേശതത്തെ പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും സ്ഥാപിച്ച ഇത്തരത്തിലള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ ഒരുവർഷം പോലും കാര്യക്ഷമമായി പ്രവർത്തിക്കാതെ പ്രവർത്തനം നിലച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ പത്തനാപുരം മാർക്കറ്റിൽ പ്രവർത്തിക്കുന്ന പ്ലാന്റ് ഏവർക്കും മാതൃകയാക്കാവുന്നതാണ്. പ്ലാന്റിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് മാർക്കറ്റിലും പരിസര പ്രദേശത്തും സ്ഥാപിച്ചിരിക്കുന്ന ഇരുപതിൽപരം വിളക്കുകൾ കത്തിക്കുന്നു ഈ പദ്ധതിയുടെ വിശദവിവരം അറിയണമെന്നുള്ളവർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. ഷാജി (ഫോൺ– 9447417672) യുമായി ബന്ധപ്പെടാവുന്നതാണ്.




**100% ബയോഗ്യാസ് എഞ്ചിൻ**

**BIOTECH**
CENTRE FOR DEVELOPMENT OF BIO GAS TECHNOLOGY
AND OTHER - NON CONVENTIONAL ENERGY SOURCES
Post Box No 520, M.P. Appan Road, Vazhuthacadu
Thycadu P.O., Thiruvananthapuram - 695 014. Kerala, S.India
Phone : 0471 - 2321909, 2331909, 2332179
Tele Fax : 0471-2331909 E-mail : biotechindia@eth.net

Advt



ഡോ. തോമസ് വർഗ്ഗീസ് MBBS, DCH, DPH, PHD



# സന്ധിരോഗങ്ങൾ

കേരളത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന സന്ധിരോഗങ്ങൾ പലരും നിസ്സാരമായി കണക്കാക്കുന്നു. വേദന കൂടുമ്പോഴാണ് പലരും സന്ധിരോഗങ്ങൾക്കു ചികിത്സ തേടുന്നത്. വേദനയോ നീർവീക്കമോ ആണ് പ്രധാന പ്രശ്നങ്ങൾ. കുട്ടികളിലും സന്ധിരോഗങ്ങൾ കാണുന്നുണ്ട്.

**രോഗലക്ഷണങ്ങൾ**

നീർക്കെട്ട്, സന്ധിവേദന, നടക്കുവാനുള്ള വൈഷമ്യം, സന്ധികളുടെ മുറുക്കം, കടുത്ത പനി, ശരീരക്ഷീണം ശരീരത്തിൽ പ്രത്യേക പാടുകൾ, കാലുകളിൽ മുടന്ത്.

**ലാബ് പരിശോധനകൾ**

1. ഹീമോഗ്ലോബിൻ (HB) പരിശോധന
2. ശ്വേത രക്താണുക്കളുടെ എണ്ണം WBC Count (TC/DC)
3. ESR
4. സി-റിയാക്ടീവ് പ്രോട്ടീൻ (C-reactive protien )
5. റുമാറ്റോയ്ഡ് ഫാക്ടർ (Rheumatoid factor)
6. എക്സ്റേ (X-ray)
7. അൾട്രാസൗണ്ട് സ്കാൻ (Ultrasound Scan)
8. സന്ധി ദ്രാവകപരിശോധന (Synovial fluid analysis)
9. ബോൺ സ്കാൻ (Bone scan)
10. എം.ആർ.ഐ സ്കാൻ (MRI Scan)

മേൽപ്പറഞ്ഞവയിൽ ബോൺസ്കാൻ, MRI Scan, Ultrasound scan എന്നിവ ചെലവേറിയതിനാൽ പരിശോധന അവസാനം ചെയ്താൽ മതിയാകും.

**വിവിധതരം**

സന്ധിരോഗങ്ങൾ പലതരമുണ്ട്. ഇവ യേതൊക്കെയാണെന്ന് നോക്കാം.

1. **അക്യൂട്ട് ട്രാൻസിയന്റ് സൈനോസൈറ്റിസ് (Acute transient Synositis)**
സന്ധികളിൽ ഉണ്ടാകുന്നതും കുറച്ചു നാൾ കഴിഞ്ഞ് മാറിപോവുന്നതുമാണിത്. സന്ധികളിൽ വേദനയും നീർവീക്കവുമാണ് പ്രധാനലക്ഷണം. 5 വയസ്സുമുതൽ 15 വയസ്സുവരെയുള്ള കുട്ടികളിൽ ഇതു പ്രധാനമായി കാണുന്നു. സന്ധികളിലെ ക്ഷതം കാരണമോ ചില അസുഖങ്ങളുടെ തുടക്കമായോ ആണ് ഇത് ഉണ്ടാകുന്നത്.

2. **സന്ധികളിലെ അണുബാധ –** പല ഭാഗങ്ങളിലെ അണുബാധ സന്ധികളിലേയ്ക്ക് പടരുന്നു. പനി, ചലനശേഷിക്കുറവ്, അസഹ്യവേദന, ശരീരക്ഷീണം എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ. ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെ പല മരുന്നുകളും നല്കേണ്ടി വരും. ചികിത്സ നൽകുന്നതിന് കാലതാമസം ഉണ്ടായാൽ ഗുരുതരാവസ്ഥയിൽ കലാശിക്കാം.

3. **കുട്ടികളിലെ സന്ധിവാതം (Juvenile Rheumatoid arthritis)**
20 വയസ്സിനു താഴെയുള്ള കുട്ടികളിൽ നീർക്കെട്ട്, സന്ധിവേദന, പനി, കരൾവീക്കം, കഴല വീക്കം, ശരീരക്ഷീണം എന്നിവ ഉണ്ടാകുന്നു. ശരിയായ തോതിൽ മരുന്നുകൾ ഡോക്ടറുടെ നിർദ്ദേശാനുസരണം നൽകണം.

4. **റുമാറ്റിക്ക് ഫീവർ (Rheumatic Fever)**
സ്ട്രെപ്റ്റോകോക്കസ് (Streptococcus) അണുബാധ മൂലം ശരീരഭാഗങ്ങളെ ഈ രോഗം ഗ്രസിക്കുന്നു. 7 വയസ്സു മുതൽ 18 വയസ്സുവരെയുള്ള കുട്ടികളിൽ ഇതു കാണപ്പെടുന്നു. ഹൃദയ വാൽവുകളെയും തലച്ചോറിനേയും (Brain) രോഗം ബാധിക്കുന്നു. മരുന്നുകൾ വർഷങ്ങളോളം ശരിയായ തോതിൽ നല്കേണ്ടി വരും.

5. **ഒ എസ്സ് ഗുഡ്പ്പാറ്റലേഴ്സ് രോഗം**
കൗമാരക്കാരിൽ മുട്ടിന്റെ ചിരട്ടയുടെ താഴെ വേദനയുണ്ടാകുന്നു. അസ്ഥികളിലെ ഭാഗത്ത് പരുക്കുകൾ മൂലം രക്തയോട്ടം കുറയുന്നതാണിതിന് കാരണം. എക്സ്റേ (X-ray) പരിശോധന നടത്തണം. പ്ലാസ്റ്റർ ഇട്ടുള്ള വിശ്രമം, വേദനസംഹാരികൾ എന്നിവ രോഗികൾക്ക് നൽകണം. കാലക്രമേണയേ ഈ രോഗം ഭേദമാകൂ.

6. **കോൺട്രോമലേഷ്യപറ്റെല**
യുവാക്കളിൽ മുട്ട് ചിരട്ടയുടെ അടിവശത്തുണ്ടാകുന്ന വിള്ളലുകളാണ് രോഗത്തിനു കാരണം. പടി കയറുവാനും, നടക്കുന്നതിനും പ്രയാസം നേരിടുന്നു. Xray, Arthroscopy (ആർത്രോസ്കോപ്പി) MRI Scan എന്നിവകൊണ്ട് ഈ രോഗം കണ്ടുപിടിക്കാം. ഓപ്പറേഷനും, മരുന്നുംകൊണ്ട് ഈ രോഗം ചികിത്സിച്ച് ഭേദമാക്കാം.

കുട്ടികളിലും മുതിർന്നവരിലും ഉണ്ടാകുന്ന സന്ധിരോഗങ്ങൾ ശ്രദ്ധിക്കാതിരിക്കരുത്. തുടക്കത്തിൽ തന്നെ കണ്ടെത്തി ശരിയായ രീതിയിൽ ചികിത്സിക്കുകയാണെങ്കിൽ സന്ധിരോഗങ്ങളെ പൂർണ്ണമായും ഭേദപ്പെടുത്താം.

*ലേഖകൻ*
*നഗരകാര്യവകുപ്പിലെ ആരോഗ്യ വിഭാഗം*
*ജോയിന്റ് ഡയറക്ടറാണ്*
*email:drthomasvarghese2003@yahoo.co.in*
*Mobile: 9847430210*





# വാർത്തകളും വിശേഷങ്ങളും

**ആശ്രയ ഭവന പദ്ധതി സഹായം ഒരു ലക്ഷം രൂപയായി ഉയർത്തി**

ആശ്രയ-അഗതി പുനരധിവാസ പ്രോജക്ടിലെ ഗുണഭോക്തൃ കുടുംബങ്ങൾക്ക് നൽകുന്ന ഭവന നിർമ്മാണ സഹായം ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. നിലവിൽ 75000/- രൂപയായിരുന്നു. 2008 ജൂലൈ 11 ന്ശേഷം കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾക്കും ധനസഹായത്തിന് അർഹതയുണ്ടാവും. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച ആശ്രയപ്രോജക്ടിന് തദ്ദേശഭരണ സ്ഥാപന തീരുമാന പ്രകാരം അധിക തുക വകയിരുത്തി ഭേദഗതി ചെയ്ത് നടപ്പാക്കാം. മേഖലാ വിഭജനത്തിൽപ്പെടാത്ത പ്രോജക്ടുകളുടെ വിഹിതത്തിൽ നിന്നോ സേവന-പശ്ചാത്തല മേഖലകളിൽ നിന്നോ അധിക തുക കണ്ടെത്തണം. ലഭ്യമാണെങ്കിൽ തനത് ഫണ്ടും വകയിരുത്താം. ഭേദഗതിയുടെ വിശദാംശങ്ങൾ നടപടി ഉത്തരവിൽ ഉൾപ്പെടുത്തുന്നതിനായി ജില്ലാ ആസൂത്രണ സമിതിക്ക് റിപ്പോർട്ട് ചെയ്യണം.

**തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കെയർഹോം തുടങ്ങാം**

സംസ്ഥാന സർക്കാർ വയോജന നയം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കെയർ ഹോം ആരംഭിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിലാണ് കെയർ ഹോം ആരംഭിക്കുക. 25 അന്തേവാസികളുള്ള കെയർഹോം ആരംഭിക്കുന്നതിന് 10,20,600/- രൂപ അനുവദിക്കും. കെയർ ഹോം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിശദമായ പ്രൊപ്പോസലോടെ സാമൂഹ്യക്ഷേമ ഡയറക്ടറെ സമീപിക്കണം.

**അമൃതാ ന്യൂട്രിമിക്സ് : നിലവിലുള്ള യൂണിറ്റുകളിൽ നിന്നുമാത്രം**

നിലവിൽ ഓരോ പഞ്ചായത്തിലേയ്ക്കും നിശ്ചയിച്ചിരിക്കുന്ന കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റുകളിൽ നിന്നും മാത്രം അംഗനവാടികൾക്കുള്ള അമൃതം ഫുഡ് സപ്ലിമെന്റ് സ്വീകരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചു. പുതിയ ന്യൂട്രിമിക്സ് യൂണിറ്റുകളൊന്നും തന്നെ കുടുംബശ്രീ സംസ്ഥാനമിഷന്റെ അനുവാദമില്ലാതെ ആരംഭിക്കുവാൻ പാടില്ലെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

**തെരുവ് നായ്ക്കളെ പിടികൂടുന്നതിനുള്ള നിരക്ക് 50 രൂപയാക്കി**

തെരുവ് നായ്ക്കളെ പിടികൂടുന്നതിനുള്ള നിരക്ക് ഗ്രാമ നഗര വ്യത്യാസമില്ലാതെ 50/- രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. തെരുവ് നായ്ക്കളെ പിടികൂടുന്നതിന് പഞ്ചായത്തുകളിലും നഗരസഭകളിലും വ്യത്യസ്ത നിരക്കുകളാണ് നിലവിലുണ്ടായിരുന്നത്. ഈ നിരക്ക് ഏകീകരിച്ച് വർദ്ധിപ്പിക്കണമെന്ന് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് നിരക്ക് വർദ്ധിപ്പിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽനിന്ന് ഇതിനാവശ്യമായ തുക ചെലവഴിക്കാനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

**കുടുംബശ്രീ സംഘടനാ തെരഞ്ഞെടുപ്പിൽ 36 ലക്ഷത്തിലധികം അംഗങ്ങൾ പങ്കെടുത്തു**

പരിഷ്ക്കരിച്ച ബൈലായും തെരഞ്ഞെടുപ്പ് ചട്ടങ്ങളും അനുസരിച്ച് സംസ്ഥാനത്തെ ഏറ്റവും വലിയ സ്ത്രീ പങ്കാളിത്തമുള്ള കുടുംബശ്രീയുടെ തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തീകരിച്ചു. ജനാധിപത്യ രീതിയിൽ ഏറ്റവും സുതാര്യമായി നടന്ന തെരഞ്ഞെടുപ്പിൽ 36,45,000 അംഗങ്ങൾ പങ്കെടുത്തു. സംഘടനാ സംവിധാനം ശക്തമാക്കുന്നതിനും കുടുംബശ്രീ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും പ്രവർത്തനമേഖല വിപുലീകരിക്കുന്നതിനും ഈ തെരഞ്ഞെടുപ്പ് സഹായിക്കുമെന്ന് മന്ത്രി പാലോളി മുഹമ്മദ് കുട്ടി അറിയിച്ചു. പ്രാദേശിക സാമ്പത്തിക വികസനത്തിലൂന്നികൊണ്ട് വ്യത്യസ്തവും ഭാവനാപൂർണ്ണവുമായ നിരവധി പദ്ധതികൾ ആണ് കുടുംബശ്രീ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നത്. സാമ്പത്തിക ശാക്തീകരണം, സത്രീ ശാക്തീകരണം, സാമൂഹ്യ ശാക്തീകരണം എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിച്ചുകൊണ്ട്, ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്ന പ്രവർത്തനങ്ങളിലെ ഒരു സുപ്രധാന ചുവടുവെയ്പായിരുന്നു സംഘടനാ തെരഞ്ഞെടുപ്പ്. നവംബർ ഒന്ന് മുതൽ ഡിസംബർ ഒന്ന് വരെ നടന്ന തെരഞ്ഞെടുപ്പിലൂടെ രണ്ട് ലക്ഷം അയൽക്കൂട്ട അദ്ധ്യക്ഷകൾ അധികാരം ഏറ്റെടുത്തിട്ടുണ്ട്. കുടുംബശ്രീ സംഘടനാ തെരഞ്ഞെടുപ്പ് വൻവിജയമാക്കുവാൻ സഹായിച്ച കുടുംബശ്രീ പ്രവർത്തകരെ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി അഭിനന്ദിച്ചു.

## ശിശുവികസന പദ്ധതി ഓഫീസർക്കും, സൂപ്പർവൈസർക്കും അവാർഡ്

സംസ്ഥാനത്തെ സംയോജിത ശിശുവികസന പദ്ധതിയിൻ കീഴിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സൂപ്പർവൈസർ, ശിശുവികസന പദ്ധതി ആഫീസർ എന്നിവർക്ക് അവാർഡ് ഏർപ്പെടുത്തി. ശിശുവികസന പദ്ധതി ഓഫീസർക്ക് സംസ്ഥാന തലത്തിലും സൂപ്പർവൈസർമാർക്ക് ജില്ലാതലത്തിലും അവാർഡ് നൽകും.

(സ.ഉ.(സാധാ)നം.444/2008/സാക്ഷേവ, തീയതി 1.11.2008)

## നിയോഗ കാലാവധി ദീർഘിപ്പിച്ചു

ഗ്രാമ പഞ്ചായത്തുകളിൽ പതിനൊന്നിന പരിപാടിയനുസരിച്ച് നിർമ്മിച്ചിട്ടുള്ള സാംസ്കാരിക നിലയങ്ങളിലും ശിശുമന്ദിരങ്ങളിലും ഓണറേറിയം വ്യവസ്ഥയിൽ പ്രവർത്തിച്ചുവരുന്ന ലൈബ്രേറിയൻ, നഴ്സറി സ്ക്കൂൾ ടീച്ചർ, ആയ എന്നിവരുടെ നിയോഗകാലാവധി 1.04.2007 മുതൽ 31.03.2009 വരെ രണ്ടു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവായി.

(സ.ഉ.(സാധാ)നം.4097/2008/തസ്വഭവ, തീയതി 21.11.2008)

## ബിൽഡിങ് പെർമിറ്റും ഓക്കുപ്പൻസി സർട്ടിഫിക്കറ്റും തപാലിൽ

ബിൽഡിങ് പെർമിറ്റും ഓക്കുപ്പൻസി സർട്ടിഫിക്കറ്റും ജനുവരി ഒന്നുമുതൽ തപാലിൽ മാത്രം അയച്ചുകൊടുക്കാൻ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും നിർദ്ദേശം നൽകി. കെട്ടിട നിർമ്മാണത്തിന് വേണ്ടിയുള്ള ബിൽഡിങ് പെർമിറ്റും, നിർമ്മാണ ശേഷം നൽകുന്ന ഓക്കുപ്പെൻസി സർട്ടിഫിക്കറ്റും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഉടമസ്ഥർക്ക് നേരിട്ട് ലഭിക്കുന്നില്ലെന്ന പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പുതിയ ക്രമീകരണം. ബിൽഡിങ് ലൈസൻസികളും ഇടനിലക്കാരും, പെർമിറ്റും സർട്ടിഫിക്കറ്റുകളും നേരിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുകയും അവ ഉടമസ്ഥന് നൽകാതിരിക്കുകയും ചെയ്യുന്നു. ഇതുമൂലം പൊതുജനങ്ങൾ ധാരാളം ബുദ്ധിമുട്ട് അനുഭവിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിച്ച പ്ലാനും, ബിൽഡിങ് പെർമിറ്റും, ഓക്കുപ്പൻസി സർട്ടിഫിക്കറ്റും തപാൽ മുഖേന അക്നോളജ്മെന്റോടെ രജിസ്റ്റേർഡ് പോസ്റ്റിലോ, സ്പീഡ് പോസ്റ്റിലോ ഉത്തരവിറക്കുന്ന ദിവസം തന്നെ ഉടമസ്ഥർക്ക് അയച്ചുകൊടുക്കണം. രേഖകൾ ഉടമസ്ഥൻ ഉൾപ്പെടെ ആർക്കും തന്നെ നേരിട്ട് ഓഫീസിൽ നിന്നും നൽകാനോ, കൈപ്പറ്റി മറ്റാർക്കും നൽകാനോ പാടില്ല. തിരുത്തലുകൾ ആവശ്യമായ രേഖകൾ പോലും തപാൽ മാർഗം മാത്രമേ നൽകാവൂ. തപാൽ മാർഗ്ഗം അയച്ചുകൊടുക്കുന്ന രേഖകൾ അപേക്ഷിക്കുന്ന മുൻഗണനാ ക്രമത്തിൽ തന്നെ അയയ്ക്കണം. അംഗീകരിച്ച പ്ലാനുകൾ, ബിൽഡിങ് പെർമിറ്റുകൾ, ഓക്കുപ്പെൻസി സർട്ടിഫിക്കറ്റുകൾ എന്നിവ അയച്ചുകൊടുക്കുന്നതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കണം. മുൻഗണനാക്രമം ലംഘിക്കുന്നില്ലാ എന്നുറപ്പുവരുത്താൻ അപേക്ഷകർക്ക് നമ്പരോടെ ടോക്കണുകൾ തീയതി സഹിതം നൽകണം. ആവശ്യമെങ്കിൽ വാസഗൃഹ കെട്ടിടങ്ങൾക്കും വാസഗൃഹേതര കെട്ടിടങ്ങൾക്കും പ്രത്യേക കൗണ്ടറുകൾ ഏർപ്പെടുത്താം. ഏത് ടോക്കൺ നമ്പർ വരെ അനുമതിയും, ഓക്കുപെൻസി സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ടെന്നുള്ളതിന്റെ വിശദാംശങ്ങൾ നിർബന്ധമായും എല്ലാവരും കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കണം. പെർമിറ്റ് അനുവദിക്കുന്ന പക്ഷം അടയ്ക്കാനുള്ള തുകയെപ്പറ്റിയുള്ള വിവരം അറിയിക്കുന്നതിനും പെർമിറ്റിനുള്ള അപേക്ഷ നിരസിക്കുന്ന പക്ഷം വിവരം അറിയിക്കുന്നതിനും, അംഗീകരിച്ച പ്ലാനും, പെർമിറ്റും, തപാൽ മുഖേന അയച്ചുകൊടുക്കുന്നതിനും ആവശ്യമായ തപാൽ ചെലവ് അപേക്ഷകരിൽ നിന്നും ഈടാക്കണം. അല്ലാത്തപക്ഷം അപേക്ഷകരിൽ നിന്നും സ്റ്റാമ്പ് പതിച്ച വിലാസം എഴുതിയ കവർ അപേക്ഷ സമർപ്പിക്കുമ്പോൾ തന്നെ വാങ്ങണം. തപാൽ ചെലവ് നൽകിയിട്ടില്ല എന്ന കാരണത്താൽ പെർമിറ്റ് നൽകുന്നതിന് കാലതാമസം ഉണ്ടാകാൻ പാടില്ല. തപാൽ മാർഗ്ഗം അയച്ചുകൊടുക്കുന്ന ബിൽഡിംങ് പെർമിറ്റിന്റേയും, ഓക്കുപ്പെൻസി സർട്ടിഫിക്കറ്റിന്റേയും സീരിയൽ നമ്പർ, വിലാസം, പെർമിറ്റ് നമ്പർ/സർട്ടിഫിക്കറ്റ് നമ്പർ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിലും വെബ്സൈറ്റ് ഉള്ളപക്ഷം അതിലും പ്രസിദ്ധീകരിക്കണം. എല്ലാ മാസവും സെക്രട്ടറിയോ, സെക്രട്ടറിചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ രജിസ്റ്റർ പരിശോധിച്ച് നടപടി ക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും, കൗൺസിലിന്റെ അറിവിലേയ്ക്ക് എല്ലാ മാസവും അഞ്ചാം തീയതിക്കകം വിവരങ്ങൾ നൽകേണ്ടതുമാണ്. മുൻഗണനാക്രമം ലംഘിക്കുകയോ, അംഗീകൃത പ്ലാൻ, പെർമിറ്റ്, ഓക്കുപ്പൻസി സർട്ടിഫിക്കറ്റ്, എന്നിവ മേൽ നിർദ്ദേശിച്ച പ്രകാരം അയയ്ക്കാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ അതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കണം. നഗരസഭകളിൽ അസിസ്റ്റന്റ് ടൗൺ പ്ലാനിങ് ഓഫീസർമാരും, ടൗൺ പ്ലാനിങ് ഓഫീസർമാരും മുൻഗണന തെറ്റിക്കാതെയും, നിയമാനുസൃതമായും പ്രവർത്തിക്കുന്നുവെന്ന് കോർപ്പറേഷൻ എഞ്ചിനീയർ ഉറപ്പാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.



## ഗാർഹികേതര കെട്ടിടങ്ങൾക്കുള്ള വസ്തു നികുതി

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വസ്തു നികുതി പരിഷ്ക്കരണം-ഗാർഹികേതര കെട്ടിടങ്ങൾക്ക് വസ്തു നികുതി നിരക്ക് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർഡി) വകുപ്പ്**

ജി.ഒ.(എം.എസ്)നം.7/2009/തസ്വഭവ.

തിരുവനന്തപുരം, തീയതി : 1.01.2009

പരാമർശം :

(1) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 166/07/ തസ്വഭവ തീയതി : 23.06.2007.

(2) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 62/08/തസ്വഭവ തീയതി : 06.03.2008.

(3) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 104/08/ തസ്വഭവ തീയതി : 02.04.2008.

(4) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 1064/08/ തസ്വഭവ തീയതി : 02.04.2008.

**ഉത്തരവ്**

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വസ്തു നികുതി പരിഷ്ക്കരിച്ചും, കെട്ടിടങ്ങൾക്ക് പുതിയ നമ്പർ പതിപ്പിക്കുന്നത് സംബന്ധിച്ചും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പരാമർശം ഒന്നു മുതൽ നാല് വരെയുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. നികുതി പരിഷ്ക്കരണത്തിന്റെ ആദ്യപടിയായി ഗാർഹികാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കണമെന്നും വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ, അമ്യൂസ്മെന്റ് പാർക്കുകൾ എന്നിവയുടെ നികുതി പരിഷ്ക്കരണം സംബന്ധിച്ച നിർദ്ദേശങ്ങൾ പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണെന്നും പരാമർശം മൂന്ന് പ്രകാരം ഉത്തരവായിരുന്നു.

പരാമർശം ഒന്നിലെ ഉത്തരവിലെ 1.1 ഖണ്ഡികയോടനുബന്ധിച്ചുള്ള പട്ടിക പ്രകാരം അമ്യൂസ്മെന്റ് പാർക്കുകളും മൊബൈൽ ടവറുകളും ഒഴികെ കച്ചവടാവശ്യത്തിനും മറ്റാവശ്യങ്ങൾക്കുമുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ 12 മുതൽ 64 രൂപ വരെയും മുനിസിപ്പൽ പ്രദേശങ്ങളിൽ 24 മുതൽ 120 രൂപ വരെയും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 32 മുതൽ 160 രൂപ വരെയും ഉള്ള നിരക്കുകൾക്കുള്ളിലുള്ള ഒരു അടിസ്ഥാന നികുതി നിരക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാമെന്ന് ഉത്തരവായിരുന്നു. എന്നാൽ മേൽപ്പറഞ്ഞ നിരക്ക് പ്രകാരമുള്ള പരിഷ്ക്കരിച്ച നികുതി നിലവിൽ ചുമത്തിവരുന്ന നികുതിയേക്കാൾ വളരെ കുറയാൻ സാധ്യതയുണ്ടെന്ന് കണ്ടതിനാൽ ഇക്കാര്യത്തിൽ വിശദമായ ഒരു പുന: പരിശോധന നടത്തി. അതിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി പരിഷ്ക്കരണം സംബന്ധിച്ച അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ പരാമർശം ഒന്നു മുതൽ നാല് വരെയുള്ള ഉത്തരവുകൾക്ക് താഴെ പറയുന്ന ഭേദഗതികളും പുതിയ മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുമുള്ള കെട്ടിടങ്ങളുടെ നികുതി നിരക്ക് ചുവടെ ചേർക്കുന്ന പട്ടികയിൽ വിവരിക്കും പ്രകാരം നിശ്ചയിക്കേണ്ടതാണ്.



| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | നിരക്ക് - രൂപ/ചതുരശ്രമീറ്റർ | | |
|---|---|---|---|---|
| | | ഗ്രാമ പഞ്ചായത്ത് | മുനിസിപ്പാലിറ്റി | മുനിസിപ്പൽ കോർപ്പറേഷൻ |
| 3 എ | ആഡിറ്റോറിയം, തീയേറ്റർ, ലോഡ്ജ്, അമ്യൂസ്മെന്റ് പാർക്ക്, കല്യാണ മണ്ഡപങ്ങൾ | 20-40 | 30-50 | 40-60 |
| 3 ബി | ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ | 40-60 | 50-70 | 70-90 |
| 3 സി | 100 $m^2$ ന് മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ | 50-70 | 70-90 | 90-120 |
| 3 ഡി | ആഫീസ് ഉപയോഗത്തിനുള്ള കെട്ടിടങ്ങൾ | 40-50 | 60-90 | 70-100 |
| 3 ഇ | 200 $m^2$ ന് മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 70-90 | 90-140 | 100-160 |
| 3 എഫ് | വ്യാവസായിക ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ | 40-60 | 50-70 | 70-90 |

200 $m^2$ ന് താഴെയുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് മേൽപ്പറഞ്ഞ 3 ബി ഇനത്തിലെ നിരക്കുകൾ ബാധകമായിരിക്കും.

സർക്കാർ വകയോ, സർക്കാരിന്റെ ധനസഹായത്തോടെ (എയ്ഡഡ്) ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വക, വിദ്യാഭ്യാസ ആവശ്യങ്ങൾക്കല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കു മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും ഹോസ്റ്റൽ കെട്ടിടങ്ങളും ഒഴികെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്കും ഹോസ്റ്റൽ കെട്ടിടങ്ങൾക്കും, മുറി ഒന്നിന് 100 രൂപയ്ക്കു മേൽ പ്രതിദിന വാടക ഈടാക്കുന്ന ആശുപത്രി കെട്ടിടങ്ങൾക്കും പരാമർശം ഒന്ന് പ്രകാരം ഗാർഹിക ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ബാധകമാക്കിയിട്ടുള്ള വസ്തു നികുതി ചുമത്തേണ്ടതാണ്.

കെട്ടിടങ്ങളോടനുബന്ധിച്ചുള്ള സ്വിമ്മിംഗ് പൂളുകളുടെ വിസ്തൃതി കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിന്റെ കണക്കിൽ ഉൾപ്പെടുത്തേണ്ടതും ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ളതും വാണിജ്യപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾക്ക് മറ്റ് വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ബാധകമാക്കിയിട്ടുള്ള നികുതി നിരക്കുതന്നെ ചുമത്തേണ്ടതുമാണ്.

പരാമർശം ഒന്ന് ഉത്തരവ് പ്രകാരം വസ്തു നികുതി പരിഷ്കരണത്തിന് 2007 ഏപ്രിൽ 1 മുതൽക്കാണ് പ്രാബല്യം നൽകിയിരുന്നത്. എന്നാൽ നടപടിക്രമങ്ങൾ പൂർണ്ണമായും പൂർത്തിയാകാത്ത സാഹചര്യത്തിൽ പുതുക്കിയ വസ്തു നികുതി പരിഷ്കരണത്തിന്റെ പ്രാബല്യം 2008 ഏപ്രിൽ 1 മുതലായി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

പരാമർശം ഒന്ന്, രണ്ട്, മൂന്ന്, നാല് ഉത്തരവുകൾ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം. വിജയാനന്ദ്**

പ്രിൻസിപ്പൽ സെക്രട്ടറി

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*

## തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ്
# കേരളത്തിന് വീണ്ടും അംഗീകാരം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിന്റെ അടുത്ത ഘട്ടം വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പൈലറ്റ് പ്രൊജക്ടിന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം കേരളത്തെ തെരഞ്ഞെടുത്തു. ദേശീയ അടിസ്ഥാനത്തിൽ തൊഴിലുറപ്പ് പദ്ധതി ഏറ്റവും കാര്യക്ഷമമായി നടത്തുന്ന സംസ്ഥാനമെന്ന നിലയിലാണ് കേരളത്തിന് ഈ അംഗീകാരം ലഭിച്ചത്. പദ്ധതിയിൽ ഏറ്റ വും കൂടുതൽ പണം ചെലവഴിക്കുന്ന സംസ്ഥാനങ്ങളെന്ന നിലയിൽ ആന്ധ്രയും, ഒറീസ്സയും കൂടി പൈലറ്റ് പ്രോജക്ടിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.



ഐക്യരാഷ്ട്ര സഭയുടെ വികസന പദ്ധതി (UNDP) യുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പൈലറ്റ് പ്രോജക്ടിന് 33.5 ലക്ഷം രൂപയുടെ കേന്ദ്ര സഹായം ലഭിക്കും. തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിലാക്കിയതിനും കുടുംബശ്രീ അയൽക്കൂട്ടങ്ങളെ പദ്ധതി നിർവ്വഹണത്തിൽ പങ്കാളികളാക്കിയതിനും എല്ലാ തൊഴിലാളികൾക്കും വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലൂടെ മാത്രം കൂലി നൽകുന്ന രീതിയും കേരളത്തെ നേരത്തേ ദേശീയ മാതൃകയാക്കിയിരുന്നു. പുതിയ പ്രോജക്ട് പ്രായോഗികമാകുമ്പോൾ തൊഴിൽ കാർഡ് അച്ചടിക്കുന്നതും, വിതരണം ചെയ്യുന്നതും വിവരസാങ്കേതിക വിദ്യയുടെ സഹായത്താലാവും. തൊഴിലുറപ്പ് പദ്ധതിയുടെ തൊഴിൽ കാർഡ് തന്നെ വിവിധ ആവശ്യങ്ങൾക്ക് ഉപയുക്തമാകുന്ന തിരിച്ചറിയൽ കാർഡായി ഉപയോഗിക്കുന്നതിനും കഴിയും.

## മൊബൈൽ ടവറുകളുടെ വസ്തു നികുതി

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ ളിൽ വസ്തു നികുതി പരിഷ്ക്കരണം-മൊബൈൽ ടവറുകളുടെ വസ്തു നികുതി നിരക്ക് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർഡി) വകുപ്പ്**

ജി.ഒ.(എം.എസ്)നം.13/2009/തസ്വഭവ. തിരുവനന്തപുരം, തീയതി: 2.01.2009

പരാമർശം :

(1) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 166/07/തസ്വഭവ തീയതി : 23.06.2007.
(2) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 62/08/തസ്വഭവ തീയതി : 06.03.2008.
(3) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 104/08/തസ്വഭവ തീയതി : 02.04.2008.
(4) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 1064/08/തസ്വഭവ തീയതി: 02.04.2008.
(5) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 7/2009/തസ്വഭവ തീയതി : 01.01.2009

**ഉത്തരവ്**

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വസ്തു നികുതി പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി ഗാർഹിക ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ, വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ, അമ്യൂസ്മെന്റ് പാർക്കുകൾ എന്നിവയുടെ നികുതി പരിഷ്ക്കരിച്ചും നികുതി നിരക്ക് നിശ്ചയിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചും പരാമർശം ഒന്നു മുതൽ അഞ്ച് വരെയുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. മൊബൈൽ ടവറുകളുടെ കാര്യത്തിൽ അവയുടെ നികുതി പരിഷ്ക്കരണം സംബന്ധിച്ച നിർദ്ദേശങ്ങൾ പ്രത്യേകമായി പുറപ്പെടു വിക്കുന്നതാണെന്ന് പരാമർശം മൂന്ന് പ്രകാരം ഉത്തരവായിരുന്നു. അതു പ്രകാരം മൊബൈൽ ടവറുകൾക്കുള്ള വസ്തു നികുതി നിരക്ക് ചുവടെ പറയും പ്രകാരം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബി.എസ്.എൻ.എൽ മൊബൈൽ ടവറുകൾ - 1,00,000/- രൂപ (ഒരു ലക്ഷം രൂപ)
ബി.എസ്.എൻ.എൽ ഒഴികെയുള്ള മറ്റ്
സ്ഥാപനങ്ങളുടെ മൊബൈൽ ടവറുകൾ - 2,00,000/-രൂപ (രണ്ട് ലക്ഷം രൂപ)

ബി.എസ്.എൻ.എൽ ഒഴികെയുള്ള മറ്റ് സ്ഥാപനങ്ങൾ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്ന വേളയിൽ മേൽപ്പറഞ്ഞ നിരക്കിലുള്ള ഒറ്റത്തവണ നികുതി ഒടുക്കുന്നതിനൊപ്പം 10,000/-രൂപ വീതം വാർഷിക വസ്തു നികുതി ഇനത്തിൽ ഒടുക്കേ ണ്ടതാണ്. മൊബൈൽ ടവറുകളുടെ പുതുക്കിയ വസ്തു നികുതിക്ക് 2008 ഏപ്രിൽ ഒന്നു മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

പരാമർശം ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് ഉത്തരവുകൾ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം. വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*

## പഞ്ചായത്ത് രാജ്

പരസ്യ നിരക്ക്

❖

**കവർ അവസാനപുറം** (കളർ) - **10,000 രൂപ**
**കവർ പേജ് - ഉൾവശം** (ഒറ്റക്കളർ) - **6,000 രൂപ**

**മറ്റു പേജുകൾ - ഫുൾ** - **4,000 രൂപ**
**അര പേജ്** - **2,000 രൂപ**

**വാർഷിക വരിസംഖ്യ - 90 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക

❖

വിലാസം

എഡിറ്റർ/പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ.,
തിരുവനന്തപുരം -33

❖

Edited and Published by Dr. V.M. Gopala Menon, IAS, Director of Panchayats, Govt. of Kerala
Thiruvananthapuram - 695 033 and Printed at Gramalakshmi Mudralayam, Kanjikode, Palakkad.

പഞ്ചായത്തുകൾ
പ്രാദേശിക സർക്കാരുകളാണ്
അവയെ ശക്തിപ്പെടുത്തുക

വിഭവ സമാഹരണം
സമഗ്ര ഗ്രാമ വികസനത്തിന്



ഗ്രാമ വികസനത്തിന്റെ ചാലകശക്തി
ജനപങ്കാളിത്തവും
പഞ്ചായത്തുകളുടെ സമ്പത്തുമാണ്

വിഭവ സമാഹരണത്തിന്
പഞ്ചായത്തുകളുമായി സഹകരിക്കുക!

പഞ്ചായത്തുകൾക്ക് നൽകേണ്ട
വിവിധയിനം നികുതികൾ
ഫീസുകൾ തുടങ്ങിയവ യഥാസമയം നൽകുക!

ഗ്രാമവികസനത്തിൽ പങ്കാളിയാവുക!

പിഴപലിശ, ജപ്തി, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികൾ
ഒഴിവാക്കാൻ പഞ്ചായത്തുകളുമായി സഹകരിക്കുക

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്